MALAYALANADU WEEKLY, QUILON OCTOBER 13 1974 PHONES: 2825, 2862

മലയാളനാട് വാരിക

പത്രാധിപർ
എസ്. കെ. നായർ

നാളുകൾ മറിക്കുമ്പോൾ

ലേഖനം:

ചെറുകഥ ഇന്നലെയും, ഇന്നും
—എം. കെ. മേനോൻ 2
ഒരിന്ത്യൻവിദ്യാർത്ഥി അമേരിക്കയിൽ
—ജെ. വി. വിളനിലം 22

കവിത:

ചിതറിപ്പോയ പൂക്കമ്പിൾ
—പി. കുഞ്ഞിരാമൻനായർ 4
റോഡപകടം
—ചെമ്മനം ചാക്കോ 13
കമ്പസാരം —വട്ടപ്പാറ ശശി 47

കഥ:

യാത്ര, തീർത്ഥയാത്ര
—കെ. രാമചന്ദ്രൻ 10
രാജ്യഭാരം
—പി. സുബ്ബയ്യാപിള്ള 32
അധിനിവേശം
—എം. എ. മുഹമ്മദ്‌റോഷൻ 44
ഇന്നലേകളിലേക്ക് മടങ്ങാനിരിക്കുന്നവർ —മാതയിൽ അരവിന്ദ് 56

നോവൽ:

ആയിരം കാതം ദൂരെ
—പെരുമ്പടവം ശ്രീധരൻ 17
ബോബി
—കെ. എ. അബ്ബാസ് 36
കൂട്ടംതെററി മേയുന്നവർ
— എം. മുകുന്ദൻ 25

പംക്തികൾ:

സാഹിത്യവാരഫലം
— എം. കൃഷ്ണൻനായർ 29
മുഖഭാഗചിത്രങ്ങൾ
—വി. ബി. സി. നായർ 14
സ്ത്രീ അവളുടെ ഭംഗി
—വി. ടി. നന്ദകുമാർ 55
സിനിമ —മംഗലശ്ശേരി 59
സമസ്യാഭാഷണം 8
അത്താണികൾ 40
കത്തുകൾ 62

മുഖചിത്രം

ഫോട്ടോ രാജൻ

പുസ്തകം ആറ് ലക്കം പതിനെട്ട് 1150 കന്നി 27

ചെറുകഥ ഇന്നലെയും ഇന്നും

എം കെ മേനോൻ

കഥാസാഹിത്യത്തെ (Fiction) പ്പററി അവബോധമുള്ളവരോട് പഠനങ്ങളുണ്ട് പാശ്ചാത്യഭാഷകളിൽ ഏന്നാൽ, അവയിൽ മുക്കാലേമുണ്ടാണിയും നോവലിനെ സംബന്ധിച്ചവയാണ്. ചെറുകഥ പ്രായേണ അവഗണിക്കപ്പെട്ടിരിക്കുന്നു. ഇതൊരു വിരോധാഭാസമാണ്. കാരണം വികാസത്തിന്റെയും പ്രചാരത്തിന്റെയും കാര്യത്തിൽ നോവലിന്റെ ഒട്ടും പുറകിലല്ല ചെറുകഥ ഒട്ടുമുമ്പിലാണ് എന്നതന്നെ പറയാം.

നിരൂപണം പൂർണ്ണവളർച്ച പ്രാപിച്ചിട്ടുള്ള പടിഞ്ഞാറൻഭാഷകളുടെ കഥ ഇതാണെങ്കിൽ മലയാളത്തിന്റെ സ്ഥിതി പറയുകയേ വേണ്ടല്ലോ. വിവിധപ്രസ്ഥാനങ്ങളെക്കുറിച്ച് സമഗ്രവും സൂക്ഷ്മവുമായ പ്രത്യേക പഠനങ്ങൾ അപൂർവ്വമാണെന്നല്ല മിക്കവാറും ഇല്ലെന്നുതന്നെ പറയാം നമ്മുടെ ഭാഷയിൽ. ഏററവും അധികം ശ്രദ്ധിക്കപ്പെട്ടിട്ടുള്ള കവിതയുടെ കാര്യത്തിൽപോലും ഇതാണ് വാസ്തവം പിന്നെയല്ലേ നോവലിന്റെയും ചെറുകഥയുടേയുമൊക്കെ സ്ഥിതി?

എന്നാൽ ഇതാ ഒരത്ഭുതം സംഭവിച്ചിരിക്കുന്നു. നമ്മുടെ ചെറുകഥാസാഹിത്യത്തെക്കുറിച്ച് സമ്പന്നമായ പാശ്ചാത്യഭാഷകൾക്കുപോലും അസൂയ ഉളവാക്കാവുന്ന വിശിഷ്ടമായ ഒരു പഠനം ആവിർഭവിച്ചിരിക്കുന്നു— ശ്രീ. എം. അച്യുതന്റെ ചെറുകഥ—ഇന്നലെ, ഇന്ന്" എന്ന ബൃഹദ്ഗ്രന്ഥം. നാന്നൂറിൽപുറം പേജുള്ള ഈ പുസ്തകം മലയാളനിരൂപണസാഹിത്യത്തിലെ ഒരു സംഭവംതന്നെയാണ്. അനന്യമനസ്സായ അർപ്പണബുദ്ധിയും അവിശ്രമമായ പരിശ്രമവും അസാമാന്യമായ ഗ്രന്ഥപരിചയവും ആവശ്യപ്പെടുന്ന ഇത്തരമൊരു കൃതി രചിച്ചതിൽ അച്യുതനെ എത്ര അഭിനന്ദിച്ചാലും അധികമാവില്ല.

കഴിഞ്ഞ എൺപത്തഞ്ചു വർഷങ്ങളിൽ നാലുതലമുറകളിൽക്കൂടി, മലയാളചെറുകഥയ്ക്കു കൈവന്ന വളർച്ചയെ നിരീക്ഷിച്ചറിയുവാനുള്ള ഒരുദ്യമമായിട്ടാണ് അച്യുതൻ തന്റെ ഗ്രന്ഥത്തെ കാണുന്നത്. ഉദ്യമം തീർച്ചയായും സഫലമായിട്ടുണ്ട്. നിരൂപണത്തിൽ 'വിമർശനാത്മകചരിത്രം' (Critical History) എന്നറിയപ്പെടുന്ന ഉപശീർഷകത്തിൽ പെടുത്താവുന്നതാണീകൃതി. പക്ഷേ, സാധാരണ വിമർശനാത്മകചരിത്രങ്ങളുടെ വിതാനത്തിൽനിന്നുയർന്നുനില്ക്കുന്നതുമാണ്. കഥാകൃത്തുക്കളുടെയും കഥകളുടേയും വിമർശനമോ, കഥാസാഹിത്യത്തിന്റെ വളർച്ചയുടെ ചരിത്രമോ മാത്രമല്ല ഗ്രന്ഥത്തിന്റെ ഉള്ളടക്കം. പരിശോധനയ്ക്കു വിധേയമായ കാലഘട്ടത്തിൽ കേരളത്തിൽവന്നുചേർന്ന സാമൂഹ്യപരിവർത്തനങ്ങളുടെ സൂക്ഷ്മസ്വഭാവവും അതിൽ പ്രതിബിംബിക്കപ്പെട്ടിരിക്കുന്നു. മാത്രമല്ല, മലയാളചെറുകഥകളുടെ ഭാവരൂപങ്ങൾ അപഗ്രഥിച്ച് ചെറുകഥ എന്ന സാഹിത്യരൂപത്തെപ്പററി സ്ഫുടമായ ഒരു കലാദർശം ഉരുത്തിരിച്ചെടുക്കാനുള്ള ശ്രമവും അതിൽ കൊള്ളുന്നു. അനുവാചകന്റെ ആസ്വാദനശേഷിയെ മൂർച്ചപ്പെടുത്താൻ ഉന്നംവെച്ചുകൊണ്ട് ഇത്രയേറെ സംഗതികൾ ഒരേസമയത്തു സാധിക്കുന്ന ഗ്രന്ഥങ്ങൾ പാശ്ചാത്യസാഹിത്യത്തിൽപോലും വിരളമാണ്. ഇതു് അനർഹമായ അതിപ്രശംസയല്ലെന്ന് ഒരുദാഹരണംകൊണ്ടു വ്യക്തമാക്കാം. ആധുനിക അമേരിക്കൻചെറുകഥകളുടെ ഒരു പഠനമെഴുതിയിട്ടുണ്ട്, മിസ്സൂറി സർവ്വകലാശാലയിലെ വില്യം പേഡൻ.* ഇഗ്നൻഹീം ഫൌണ്ടേഷന്റെ സഹായത്തോടെയും മിസ്സൂറി സർവ്വകലാശാലയുടെ റിസർച്ച് ഫെല്ലോഷിപ്പോടുകൂടിയും എഴുതപ്പെട്ടിട്ടുള്ളതാണ് ഇത്തരത്തിലുള്ള മാതൃകയുള്ള ആ പുസ്തകം. അതും, അങ്ങനെയുള്ള സഹായസൌകര്യങ്ങളൊന്നുമില്ലാതെ രചിക്കപ്പെട്ട 'ചെറുകഥ— ഇന്നലെ, ഇന്ന്' തമ്മിൽ താരതമ്യപ്പെടുത്തിയാൽ ബോദ്ധ്യംവരും അച്യുതൻ ഭാഷയ്ക്കുചെയ്തിട്ടുള്ള സേവനത്തിന്റെ വലിപ്പം. അച്യുതന്റെ ചില അഭിപ്രായങ്ങളോട് ഈ ലേഖകൻ യോജിക്കുന്നില്ല; ഗ്രന്ഥമാണെങ്കിൽ കുററമററതുമല്ല. പക്ഷേ, ഈ പുസ്തകത്തിന്റെ നിയതിക്കു പുറകിലുള്ള ദീർഘതപസ്യയെ അനുമോദിക്കുന്നതിൽ അതൊന്നും വിഘാതമാവുകയില്ല.

'ചെറുകഥ—ഇന്നലെ, ഇന്ന്' ഇഞ്ചും ഭാഗമായി വിഭജിക്കപ്പെട്ടിരിക്കുന്നു. ആധുനിക ചെറുകഥയുടെ വികാസത്തിന്റെ രൂപരേഖയാണ് ഒന്നാംഭാഗം. ശേഷിച്ച നാലുഭാഗങ്ങളിൽ മലയാളകഥാസാഹിത്യത്തിലെ നാലു തലമുറകളുടെ സംഭാവനകളെ പരിശോധിക്കുന്നു. ഒരു തലമുറകണ്ടെത്തിയ, അല്ലെങ്കിൽ വെട്ടിത്തെളിയിച്ച, പുതിയ സരണിയുടെ സ്വഭാവത്തെ പരാമർശിക്കുന്ന പീഠിക, ആ തലമുറയ്ക്കിലെ പ്രധാന കഥാകൃത്തുക്കളുടെ സർഗ്ഗാത്മകവ്യക്തിത്വത്തിന്റെ സമീക്ഷ തുടർന്ന് സാമാന്യമായ ഒരു മൂല്യാവലോകനം— ഇതാണ് നാലുഭാഗങ്ങളിലും അവലംബിച്ചിട്ടുള്ള സമീപനരീതി.

ഭാഷാസാഹിത്യത്തിലെ മററല്ലാ ആധുനികപ്രസ്ഥാനങ്ങളുടെയുമെന്നപോലെ ചെറുകഥയുടെയും വേരോടിനില്ക്കുന്നത് പാശ്ചാത്യസാഹിത്യത്തിലാണല്ലോ. തന്മൂലം മലയാള ചെറുകഥയുടെ പഠനം പാശ്ചാത്യചെറുകഥയുടെ രൂപപരിണാമങ്ങളുടെ അവലോകനത്തോടുകൂടിയേ ആരംഭിക്കാകാവൂ, എന്നുള്ളതൊരു വസ്തുതയാണ്. രൂപ്പുരൂപ്പത്തഞ്ചുപേജുകൊണ്ട് അച്യുതൻ ഈ കൃത്യം ഒരുവിധം ഭംഗിയായി നിർവ്വഹിച്ചിരിക്കുന്നു ചെറുകഥയുടെ രൂപത്തെയും സ്വഭാവത്തെയും കുറിച്ച് നൂതനമല്ലെങ്കിലും സ്വച്ഛവും പരിഷ്കൃതവുമായ അറിവുനല്കുന്നതാണിഭാഗം. ഈ വിഷയത്തിൽ നമുക്ക് ഇതഃപര്യന്തം കിട്ടിയിട്ടുള്ള ഗ്രന്ഥങ്ങളിൽ മുഖ്യം എം. പി. പോളിന്റെ 'ചെറുകഥാപ്രസ്ഥാന'മാണ്. അന്നു കിട്ടാനുണ്ടായിരുന്ന പാശ്ചാത്യമാതൃകാഗ്രന്ഥങ്ങളെ അടിസ്ഥാനപ്പെടുത്തി എഴുതപ്പെട്ടിട്ടുള്ള പോളിന്റെ ഗ്രന്ഥം ഇന്നും കാലഹരണപ്പെട്ടിട്ടില്ല. എങ്കിലും അതിൽപ്പിന്നിട്ട് ഗണ്യമായ വികാസമുണ്ടായിട്ടുണ്ട് ചെറുകഥയ്ക്ക്. അതു് കണക്കിലെടുത്ത് രചിക്കപ്പെട്ട പുതിയ ഗ്രന്ഥങ്ങൾക്കുമാതൃകയാക്കിയിട്ടുണ്ട് അച്യുതൻ. അവയിലെല്ലാത്തുപറയേണ്ടതു് ഫ്രാങ്ക് ഓകോണ്ണാർ എഴുതിയ 'ദി ലോൺലി വോയ്സ്' (2) ആണ്. പ്രസ്തുതഗ്രന്ഥം അച്യുതനെ വേണ്ടതിലധികം സ്വാധീനിച്ചിട്ടുണ്ടെന്നു തോന്നുന്നു. നാലുവിലുള്ള പാശ്ചാത്യപഠനങ്ങളിൽ ഏററവും ശ്രദ്ധേയമാണ് അതെന്നുള്ളതിൽ തർക്കമില്ല പക്ഷേ, 'ചെറുകഥയിൽ നിഗൂഢനിയമമേ ഉള്ളൂ' എന്ന സിദ്ധാന്തമടക്കം ഓകോണ്ണാറുടെ നിഗമനങ്ങൾ അങ്ങനെതന്നെ സ്വീകരിക്കാമോ എന്നു സംശയമാണ്. ഗ്രന്ഥത്തിലെ ഈ ഭാഗം 'കഥയുടെ കഥ' എന്നപേരിൽ 'വിവേചന'ത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. അവിടെ ഓകോണ്ണോറുടെ പുസ്തകം പരാമർശിക്കപ്പെട്ടിട്ടില്ല. പിന്നീടാണ് അച്യുതൻ അതുവായിച്ചതെന്നു വ്യക്തം. അതിൽ നിന്നുമിറയ്ത്ത ഇഴകൾകൂടി എടുത്തുകൂട്ടിയപ്പോൾ ആകപ്പാടെ അല്പം മുഴച്ചുപോയി!

ചെറുകഥാപ്രസ്ഥാനത്തിൽ നമ്മുടെ പൂർവ്വികന്മാർ സ്വരൂപിച്ചുവെച്ച സമ്പാദ്യം അളന്നു തിട്ടപ്പെടുത്തുകയാണ് പുസ്തകത്തിന്റെ രണ്ടാംഭാഗത്തിൽ. കേസരി, നായനാർ, ഒട്ടുവിൽ, എം. ആർ. കെ. സി, അമ്പാടിക്കാരായണപ്പൊതുവാൾ, കെ. സുകുമാരൻ, മുക്കോത്തുകുഞ്ഞിരാമൻ, ഇ. വി. കൃഷ്ണപിള്ള മുതലായവരുൾപ്പെട്ട ഈ ഒന്നാംതലമുറയെ 'രസികന്മാരായ തറവാടികൾ' എന്നാണ് അച്യുതൻ വിളിക്കുന്നത്. ഇതിനെക്കാൾ യോജിച്ചൊരു വിശേഷണം കണ്ടെടുക്കാൻ പ്രയാസമാണ്. കാരണം: കുട്ടികളെപ്പോലെ കേവലം കഥാശ്രവണകുതുകികളായ അന്നത്തെ വായനക്കാരെ രസിപ്പിക്കുക എന്നതിൽ

* William Peden, The American Short Story (Front Line in the National Defense of Literature), 1964.

കവിഞ്ഞ ലക്ഷ്യം അവർക്കുണ്ടായിരുന്നില്ല. മൂർച്ചയുള്ള പരിഹാസം ആയുധമാക്കിയ നാടകങ്ങൾ, സാമൂഹ്യപരിഷ്കാരം ലക്ഷ്യമാക്കിയിരുന്ന കഥകൾ മററും ഈ ദിശയുമത്തിന് അപവാദമെന്നു പറയാവുന്ന കഥകളെഴുതിയിട്ടില്ലെന്നില്ല. പക്ഷേ, സാഹിത്യത്തിനു ജനസാമാന്യങ്ങളുമായി ബന്ധം വേണമെന്നോ, കഥയിൽ രസികത്തമ്പുറമെ ഏകാഗ്രതയും സ്വഭാവചിത്രീകരണവും മററും വേണമെന്നോ അവർ ധരിച്ചിരുന്നില്ല.

ആ പഴയ തലമുറയെപ്പററി ഇന്നത്തെ നവതലമുറയ്ക്ക്—വായനക്കാർക്കും എഴുത്തുകാർക്കും—വലിയ വിവരമില്ലെന്നുള്ളതൊരു ദുഃഖസത്യമാണ്. അച്ചുതന്റെ പഠനം, കൗതുകത്തിന്റെ പേരിലെങ്കിലും അവരെ വീണ്ടും കണ്ടെത്താൻ പുതിയ തലമുറയ്ക്കു പ്രേരകമാവുമെങ്കിൽ അതൊരു നേട്ടമാവും. പഴക്കച്ചുവ തോന്നാമെങ്കിലും 'ദ്വാരകയും' 'മച്ചാട്ടുമലയിലെ രതി'യും മററും ഇന്നും രസത്തോടെ വായിക്കാവുന്നവയാണ്. (*)

പുസ്തകത്തിലെ മൂന്നാംഭാഗത്തോടുകൂടി നാം ചെറുകഥ ചെറുകഥയായ കാലഘട്ടത്തിലേക്കു പ്രവേശിക്കുന്നു. കേസരി ബാലകൃഷ്ണപിള്ളയുടെ പ്രോത്സാഹനത്തോടെ ഭാവത്തിലും രൂപത്തിലും പുതുമയുള്ള കഥകളെഴുതി മലയാള സാഹിത്യത്തിന്റെ മുഖഛായ മാററിയ, തകഴിയും ദേവും മററുമുൾക്കൊള്ളുന്ന, രണ്ടാംതലമുറയുടെ സംഭാവനകളാണ് ഈ ഭാഗത്തിൽ പരിശോധിക്കപ്പെടുന്നത്. അച്ചുതന്റെ തൂലിക ഏററവും വിശുദ്ധമായും ഫലപ്രദമായും വ്യാപരിക്കുന്നതു ഇവിടെയാണ്.

ഇരുപത്തിനാലു കഥാകൃത്തുക്കളാണ് പ്രത്യേക പഠനത്തിന് വിഷയീഭവിച്ചിട്ടുള്ളത്. അച്ചുതൻ അവരെ 'സമകാലികർ' എന്നുവിളിക്കുന്നു. പഠനങ്ങൾ സാമാന്യം വിസ്തൃതവും സമഗ്രവുമാണ്. ഒന്നേ സംശയമുള്ളു—ഇവരെല്ലാവരും ഒരേപോലെ ശ്രദ്ധിക്കപ്പെടേണ്ടവരാണോ? സി. എ. കുട്ടിക്കൃഷ്ണ എന്ന കഥാകൃത്തിന് അദ്ദേഹത്തിന്റെ ചെറുകഥയുടെ വളർച്ചയിൽ പ്രത്യേകപങ്കുണ്ടുണ്ടെന്നു തോന്നുന്നില്ല. ടി. കെ സി. വട്ടത്തലയുടെ കാര്യവും തഥൈവ. [ചുണ്ടാരിന്റെ ഗദ്യസാഹിത്യ

കാവും കളവും പടർ-
വാഴയും മണിക്കല
താവുന്ന കവുങ്ങുകൾ
വാഴും തോപ്പും,
പൊൻവയലിനു മുല
നൽകി വേലയ്ക്കുപാകം
വെൺകളിർ മണൽ ചിന്നും
പാൽപ്പുഴയും,
പാന്ഥർക്കന്നരിദാഹ
നീരുനൽകിയ തണ്ണീർ-
പ്പന്തലും ചുമടേറു-
മത്താണിയും,
പുമധു കിനിയുമ-
പ്പൂവിളികളും; കൊഞ്ചും
ഗ്രാമമെൻ ഓർമ്മയിൽ
ഓടിട്ടുന്നു!
വണ്ടിയുരുളും പാളം
നീളുമപ്പുഴവക്കിൽ
നീണ്ടുകിടപ്പൂ, തങ്കം
തങ്ങും പാടം.
പാടത്തിന്നിരുകര-
യോരത്തും പലകല
കൂടുകൂട്ടിയ തോപ്പും
വീടുകളും,
കാവിനപ്പുറം പാല
മേലാപ്പു, മിടനേരം
പ്രാവുകൾ കുറുകുമാ
മാവുകളും
കാവൽപ്പുരകൾ പാടും
പാടത്തിൻ മറുകര
കോവിലിലെരിയുന്ന
നെയ്‌വിളക്കും,
ദൂരെയായ്ക്കരിമ്പന-
ത്തോട്ടവും, മിനുപ്പുറ
സാരിക്കുകരയായ
നീൾവരമ്പും
തോടുകൾ പിരിവാശി
പേശിക്കളിക്കുമാറി-
ലോടുകൾ കയറിപ്പോ-
മോടുങ്ങളും,
തെച്ചിമലരുചൂടി-
ക്കാലു കിടങ്ങളാടി-
ക്കുത്തുമറിയുന്ന കന്നിൻ
വാർമടിയും

പൂണം ചൊരിയുന്നോ-
രോണം കയറിവരും
ഗ്രാമമെൻ ഓർമ്മയിൽ
പൂവിടുന്നു!
പൊന്നും ചിങ്ങപ്പുലരി-
ക്കുഞ്ഞിക്കതിർ നിരകൾ
മഞ്ഞക്കിളികൾ തോപ്പിൽ-
പ്പാറിവന്നു,
വാനിൽ രഹസ്യമോതു-
മോണമലരിൻ മധു
ഞാനയവിറക്കുന്ന
ദൂരവാസി.
നീലമലയും കാടും
തോപ്പും വയലുകളും
ലോലമാം മുളങ്കാടിൻ
കുറുവഴിയും



പി. കുഞ്ഞിരാമൻനായർ

താണ്ടിക്കിതച്ചെത്തി-
നായോണനിലാവേ വന്ന-
തായിരം സ്വർണ്ണതൻ
ഭാരവുമായ്?
ഒന്നു പൂണമുകൈന്നെ
മാമല നാടു പൊററ
പൊന്നു ചിങ്ങപ്പൂമണം
പുൽകും കാററേ!
എന്നിനി നുകരുമ-
ത്തെച്ചിപ്പൂമലർ മണ-
മെന്നിനി മുഴുകുമാ-
പ്പൂഞ്ചിറയിൽ!
നീന്തുന്നു മനമിപ്പോൾ
കുന്നിൻ ചെരിവുതോറും
പാടിക്കളിച്ചുപോകുമോണക്കാലം
ഹർഷമാരന്നിരിയുന്നു
ചിന്തവിളക്കുകളിൽ
കർഷകഹൃദയത്തിൻ
സ്പന്ദനങ്ങൾ
നേരിയകസവണി-
പ്പാവുടുത്തു നീ-
യിറനാം പുരികഴൽത്തുമ്പുകെട്ടി,
വാലിട്ടെഴുതിയൊരു
നീലനേത്രങ്ങൾ തൊഴും
വാരൊളി തെളിഭദ്ര-
ദീപവുമായ്,
പൂമ്പട്ടിനിരിലതാൽ
നെയ്തൊരു പുതുസാരി-
യമ്പിലണിഞ്ഞ പുലർ
വേളപോലെ
ഭൂതാവല്ലഭ്യായി
പൊൻതിരുവളചാർത്തി
പൊന്നലമേളപോററും
പുള്ളിമാനായ്
പാലൊളിസ്മിതവുമായാ-
ദ്യത്തെത്തിരുവോണ-
നാളിൽ നീ നിന്നതില്ല
ഞാനോർക്കുന്നു.
വീണമീട്ടിട്ടും മണി-
ച്ചോലതൻ തടംപററി
നാണംകെണ്ടങ്ങും കാട്ടു-
പൂവുപോലെ,
ആടിയുലഞ്ഞുകാററിൽ-
ച്ചെമ്പഴക്കപ്പിടിക്ക-
മാരിയൻ പൂന്നൽ
കതിരുപോലെ,
പററിയ ഹിമകണം
ചുററുമലുക്കുന്നുകം
പട്ടിളം വാഴയില-
ക്കുമ്പുപോലെ,
മല്ലികസഖി കഥ
ചൊല്ലിയുറക്കിയാലു-
മല്ലിലുണരും പിച്ചി-
പ്പൂവുപോലെ,
പാലൊളിസ്മിതവുമാ-
യാദ്യത്തെത്തിരുവോണ-
നാളിൽ നീ നിന്നതില്ല
ഞാനോർക്കുന്നു.

...*...

ചരിത്രത്തിൽ ഇവർക്കൊക്കെ സ്ഥാനം നല്കിയിട്ടുണ്ടെന്നുള്ളതു വാസ്തവംതന്നെ. അതൊരു മാന്ദ്യമല്ലല്ലോ. അതേപോലെ, എം. ഗോവിന്ദനെയും കഥാകാരനായി ഗണിക്കേണ്ടതുണ്ടെന്നു - തോന്നുന്നില്ല. ഇവർക്കൊക്കെ തണ്ടും മൃണ്ടും കൊള്ള ചില വാക്കുകൾ അച്യുതൻ ജോസഫ് മുണ്ടശ്ശേരിക്കു നീക്കിവെക്കുന്നതു് രണ്ടോ മൂന്നോ വാചകമാണു്. കടാക്ഷം, ഇല്ലാപ്പേലീസ്, സമ്മാനം തുടങ്ങിയ സമാഹാരങ്ങളിലെ കഥകൾ അത്യുത്തമങ്ങളല്ല; മുണ്ടശ്ശേരിമാസ്റ്റർ ചെറുകഥാകൃത്തോ നോവലിസ്റ്റോ ആയി എണ്ണപ്പെടേണ്ടുന്ന ആളുമല്ല. ചാക്ക, കിട്ടുണ്ണി തെക്കാളും വട്ടത്തലയെക്കാളും ശ്രദ്ധയർഹിക്കുന്നതു് വസ്തുതമാത്രമാണു്.

പാഠങ്ങളിൽ ഓരോ കഥകൃത്തിന്റെയും ശക്തികളിലും ദൌർബ്ബല്യത്തിലും വിരല്ചൂന്നാൻ കഴിഞ്ഞിട്ടുണ്ടു് അച്യുതൻ. പക്ഷേ, ശക്തിയിലാണു് കൂടുതൽ ശ്രദ്ധ. മണ്ഡനമാണു് ഖണ്ഡനത്തെക്കാൾ കൂടുതലല്ലെന്നു് തോന്നുന്ന അദ്ദേഹത്തിനു്. ഈ സമീപനം എല്ലായ്പോഴും സമീപനമാണെന്നു പറഞ്ഞുകൂടാ. തകഴിയുടെയും ദേവിന്റെയും ആദ്യകാലകഥകളെ ശ്ലാഘിക്കുന്നതു യുക്തംതന്നെ. എന്നാൽ അവരുടെ പിൻകാലകഥകൾ അത്രതന്നെ വിമർശനമർഹിക്കുന്നവയാണെന്ന സത്യവും അവഗണിച്ചുകൂടാ. കൃതികളെ തുറന്ന മനസ്സോടെ സമീപിക്കുന്നതിലും, അവയുടെ സൗന്ദര്യമെല്ലിക്കുന്ന ആഘാതം വ്യാഖ്യാനിച്ചു് അനുവാചകനു് അനുഭവവേദ്യമാക്കുന്നതിലും അച്യുതൻ പ്രദർശിപ്പിക്കുന്ന സഹൃദയത്വവും ശ്രദ്ധേയതയും പ്രശംസാർഹമാണു്. നിരൂപകന്റെ തൂലിക കൃതികളുടെ ഹൃദയത്തിലേക്കു വെളിച്ചം വീശുന്ന പന്തമായിരിക്കണമെന്നു വിശ്വസിക്കുന്നവരുടെ മാർഗ്ഗം അടിതെറ്റാതെ പിന്തുടരുന്നുണ്ടു് ഗ്രന്ഥകാരൻ. പക്ഷേ, കൃതികളെ വിലയിരുത്തേണ്ടിവരുമ്പോൾ അച്യുതൻ ആവശ്യത്തിലേറെ ഉദാരനായിപ്പോകുന്നു. എൻ. പി. ചെല്ലപ്പൻനായക്കും മററും തല്കിയിട്ടുള്ള അതിപ്രശംസയ്ക്കു് മറെറാരുന്യായീകരണവും കാണാനില്ല.

ഈയൊരു ദൗർബ്ബല്യം ഒഴിച്ചുനിർത്തിയാൽ (ഉദാരതയെ ദൗർബ്ബല്യമാണോ എന്നു ശങ്കിക്കുന്നവരുണ്ടാവാം.) സമകാലികരെ നിരീക്ഷിച്ചുപഗ്രഥിക്കുന്നതിൽ അച്യുതൻ പുലർത്തിയിട്ടുള്ള വിജ്ഞയം ശ്രദ്ധേയമാണു്. ഈ തലമുറയിലെ കാഥികന്മാരെക്കുറിച്ചു് പലരും പലയിടത്തായി പലതും പറഞ്ഞിട്ടുണ്ടു്; ഇവിടെ നമുക്കു് സമഗ്രമായ ഒരു വീക്ഷണം സിദ്ധിക്കുന്നു. പലയിടത്തും പറഞ്ഞ കാര്യങ്ങൾ ഏകത്ര സംരൂപിച്ചു്, ചോദിക്കൊഴിച്ചു് അവതരിപ്പിക്കുമ്പോൾ കൈവരുന്ന സമഗ്രത മാത്രമല്ല അതു്. സ്വന്തമായ സംഭാവനകളിലൂടെ വരുത്തിയിട്ടുള്ള രാസപരിണാമമാണു് അതിന്റെ മൂലഘടകം. പലധാരണകളും പൊളിച്ചെഴുതുന്നുണ്ടു് അച്യുതൻ. ആവേശക്കാരനെന്നു മുദ്രകുത്തപ്പെട്ടിട്ടുള്ള കേശവദേവല്ല ചൊൽകുന്നവർക്കിയാണു് കഥകളിൽ ആവേശക്കാരൻ എന്നതാണവയിലൊന്നു്. കേശവദേവിന്റെ നല്ല കഥകളിലെ നാടകീയത ഇത്ര വ്യക്തമായി ആരും ചൂണ്ടിക്കാണിച്ചിട്ടുള്ളതായിട്ടു് ഓർക്കുന്നില്ല. 'റൊമാന്റിക്കെന്നു വിളിക്കപ്പെടുന്ന ചൊറെറക്കാടിൽ ഒരു റിയലിസ്റ്റുളിച്ചിരിപ്പുണ്ടെന്ന പ്രസ്താവനയും ശ്രദ്ധേയമാണു്. ഇങ്ങനെ മോക്ഷത്തിന്റെയും കഥാപ്രപഞ്ചത്തിലേക്കു് പുതിയ ചില മശ്മികൾ വീഴ്ത്താൻ അച്യുതനു കഴിഞ്ഞിട്ടുണ്ടു്.

ഇതൊരു വലിയ നേട്ടംതന്നെയാണു്, സംശയമില്ല. എന്നാൽ, ഓരോരുത്തരിലും വ്യക്തിത്വം കണ്ടെത്താനുള്ള ബദ്ധപ്പാടിൽ ചില വലിയ സത്യങ്ങൾ വേണ്ടത്ര ശ്രദ്ധിക്കാതെ പോയിട്ടുണ്ടു്—മരങ്ങൾ നോക്കി നടന്നവൻ കാടുകണ്ടില്ലെന്നു പറഞ്ഞതുപോലെ. പേജ്ഞിക്കരെ റാഫിയെക്കുറിച്ചു "പഠനത്തിൽ അച്യുതൻ പറയുന്നു:" അതി പരുഷമായ യാഥാർത്ഥ്യത്തോടു് ഏതാണ്ടു് അറിഞ്ഞുകൊണ്ടുതന്നെ എന്നു പറയാവുന്ന ഒരുതരം അനുരാഗവും സാമൂഹ്യജീവിതത്തിന്റെ ജീർ

(2) Frank O Connor, The Lonely Voice, 1962.

(*) ഈ പഴയ കഥകളിൽനിന്നു കുറെയെണ്ണം തെരഞ്ഞെടുത്തു പ്രസിദ്ധീകരിക്കുന്നതുനന്നായിരിക്കുമെന്നു തോന്നുന്നു മിക്കവരും ഇപ്പോൾ കിട്ടാനില്ലല്ലോ.

1974 ഒക്ടോബർ 27 മുതൽ

മലയാളനാട്ടു് വാരികയിൽ

പ്രസിദ്ധീകരിച്ചു തുടങ്ങുന്നു:

വൃത്തഭംഗം, മണൽക്കിറികുകൾ, മരുപ്പച്ച, തപസ്സ്

എന്നീ നോവലുകളിലൂടെ മലയാളസാഹിത്യത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച

ഞെക്കാടിന്റെ

ഏററവും പുതിയ നോവൽ

'വഴിയറിയാത്ത യാത്ര'



സ്ത്രീപുരുഷബന്ധത്തെ മൈഥുനകപടവാതലത്തിൽ ശാസ്ത്രീയമായി അപഗ്രഥിക്കുന്ന അസാധാരണ മേന്മയുള്ള ഈ നോവൽ മലയാളിയുടെ കാവ്യാത്മകതയ്ക്കും മലയാളത്തിലെ ഏററവും നല്ല മനുഷ്യകഥകളിലൊന്നാണു്.

നാല്പത്തിയഞ്ചിൽ വിവാഹിതനായ മദാലസയായ ഒരു കാമുകിയുടെ ആദ്യരതി മധുവർഷിയായ ത്രയുടെ ആദ്യയാമങ്ങളിൽ വശ്യമധുരമായ ഈ നോവൽ ആരംഭിക്കുന്നു.

ണ്ണതകളോടും കട്ടംകെട്ടുകളോടുമുള്ള തീക്ഷ്ണമായ അമർഷവുമാണ് കഥാസാഹിത്യത്തിന്റെ സുവർണ്ണയുഗത്തിലെ മിക്ക കഥകളിലും പ്രതിഫലിച്ചുകാണുന്നതു്." ഇതേ അഭിപ്രായം പലയിടത്തും ആവർത്തിച്ചിട്ടുണ്ട്. സംഗതി പരമാർത്ഥമാണ്. എന്നാൽ അതിന്റെ പിന്നിൽ അതിനേക്കാൾ വലിയൊരു പരമാർത്ഥമുണ്ട്. ഒരേ കാലഘട്ടത്തിലെഴുതി വളർന്നവർ അന്യോന്യം അനുകരിക്കുകയായിരുന്നു! അഥവാ ഫാഷനനുസരിച്ചു്" എഴുതുകയായിരുന്നു! അത്യാധുനികരുടെ കഥകളിൽ മനംമടുപ്പിക്കുന്ന ഏകസ്വരത കാണുന്നുവെന്നു് പുസ്തകത്തിന്റെ ഒടുവിലൊടുത്തു് ആവലാതിപ്പെടുന്നുണ്ട്" അച്യുതൻ. പരിമിതമായ സ്വന്തം അനുഭവമണ്ഡലത്തിന്റെ പുറത്തുകടന്നു് ദേവും വക്കിയും തകഴിയുമൊക്കെ എഴുതിയ 'സാമൂഹ്യകഥ'കളിലും ഈ ഏകസ്വരവിരസത കാണാം എന്നതാണ് സത്യം. 'സുവർണ്ണയുഗ'ത്തിൽ റോൾഡുഗോൾഡും ഇമിറ്റേഷൻ സ്വർണ്ണവുമൊക്കെ ധാരാളമുണ്ടെന്നർത്ഥം. സ്വന്തം 'റെയ്ഞ്ചി'ന്നകത്തു ഒതുങ്ങി നില്ക്കാൻ എല്ലായ്പ്പോഴും ശ്രദ്ധിച്ചിട്ടുള്ളതു് ഒരു ബഷീറോ മറ്റോ ആണ്. കഥാകൃത്തുക്കളെ മററസ്ഥാനത്തു് കൊടുത്തു് പുറക്കുന്നതോടൊപ്പം, അവരുടെ വളർച്ചയുടെയും—തളർച്ചയുടെയും—പശ്ചാത്തലത്തിൽ താരതമ്യപ്പെടുത്തി നോക്കുകൂടി ചെയ്തിരുന്നെങ്കിൽ അച്യുതൻതന്നെ ഈ സത്യം കണ്ടെത്തിയേനെ.

രണ്ടാം തലമുറയെക്കുറിച്ചെഴുതുമ്പോൾ (ഇടക്കാക്കെ പിന്നീടും) നിരൂപണത്തിലെ ചില "ഇസ"ങ്ങളെ അവലംബിക്കുന്നുണ്ട് അച്യുതൻ. ഉദാഹരണത്തിന്നു്, കേശവദേവ്: 'ക്രിട്ടിക്കൽ റിയലിസ'ത്തിൽ നിന്നു് 'സോഷ്യലിസ്റ്റ് റിയലിസ'ത്തിലേക്കു മാറിയതായി ഒരിടത്തു പ്രസ്താവിച്ചു കാണുന്നു. (പേജു് 151 – 152). നമ്മുടെ നിരൂപണസാഹിത്യത്തിൽ ഒരു കാലത്തു് നിർണ്ണായകമായി ഗണിക്കപ്പെട്ടിരുന്ന ഈ സംജ്ഞകൾക്കും അവയുടെ പിന്നിലുള്ള സങ്കല്പങ്ങൾക്കും ഇന്നു ജീവനുണ്ടോ എന്നു സംശയമാണ്.

(തുടരും)

സ്വരസ്വഭാഷണം

'അവാർഡുകളല്ല സാഹിത്യകൃതികളുടെ മാനദണ്ഡം. യഥാർത്ഥ ആസ്വാദകർ അവാർഡുകളുടെ പേരിൽ ആസ്വാദനം നടത്തുന്നില്ല.' വാരികയിൽ കണ്ണു നട്ടുകൊണ്ടുതന്നെ അദ്ദേഹം പറഞ്ഞു: 'ആയിരിക്കണോ?' അവാർഡുകളെപ്പററി എല്ലാവർക്കും പുച്ഛമാണ്. പക്ഷേ, ചിലരെ പ്രസിദ്ധരാക്കിയതു് അവാർഡുകളാണെന്നതിൽ രണ്ടുപക്ഷമുണ്ടോ? അവാർഡുകളല്ല സാഹിത്യകൃതികളുടെ മാനദണ്ഡമെന്നു് ഇവർ പറഞ്ഞതു ശരി. പക്ഷേ, ഇവരുടെ നോവലിന്നു് അവാർഡു കിട്ടിയില്ലായിരുന്നെങ്കിൽ അതാരു ശ്രദ്ധിക്കുമായിരുന്നു?' ഞാൻ ചിന്തിച്ചുനോക്കി. ശരിയല്ലേ? നൂറുശതമാനവും ശരി. ഇവർ എന്നതു് ഏകവചനമാണ്. ബഹുമാനസൂചകമായി ഉപയോഗിച്ചുവെന്നുമാത്രം.

★

നാടകരംഗത്തുനിന്നും സിനിമാരംഗത്തേക്കു പോയ എനിക്കു് പലലാഭങ്ങളുമുണ്ടായി. എന്നാൽ ഏതോ ഒരു അപൂർവ്വബോധം എന്നെ പിടികൂടിയിരിക്കുന്നു.' മലയാളനാടകരംഗത്തു് വിപ്ലവാത്മകമായ ചലനങ്ങൾ സൃഷ്ടിച്ച കലാകാരനാണിതു പറഞ്ഞതു്. അദ്ദേഹം ചലച്ചിത്രരംഗത്തായിരുന്നു ഏതാണ്ടു് കഴിഞ്ഞ ഒരു ദശാബ്ദക്കാലം. ചലച്ചിത്രരംഗത്തു് ഇന്നി പിടിച്ചു പററിനില്ക്കാൻ പ്രയാസമെന്നുകണ്ടപ്പോൾ, വീണ്ടും സ്വന്തം പഴയ താവളത്തിലേയ്ക്കു് ദുഃഖിതനായി മടങ്ങിവന്നിരിക്കയാണ്, നഷ്ടബോധവുമായി. ഇത്തരം അനേകം പുറപ്പെട്ടുപോയ പുത്രന്മാർ മടങ്ങിവരുന്നുണ്ട്. അവരിൽ മുടിയനായ പുത്രനാരെങ്കിലുമുണ്ടോ എന്നു ചോദിച്ചാൽ എനിക്കറിഞ്ഞുകൂടാ!

മലയാളനാടു്

അടുത്തലക്കം

'ഇത്രയും പ്രശസ്തനായ ഒരു മരണം മലയാളഭാഷ രൂപപ്പെട്ടതിനുശേഷം ഉണ്ടായിട്ടില്ല എന്നു പറയാം.' — എന്നു മഹാകവി വള്ളത്തോളിന്റെ മരണത്തെപ്പററി മാതാഴെഴുതി. ആ മാരാരുടെ മരണംപോലെ ഇത്രയും അപ്രശസ്തമായ ഒരു മരണം അടുത്തകാലത്തെങ്ങും മലയാളത്തിലുണ്ടായിട്ടില്ല.

വിവേകാനന്ദ സാഹിത്യസർവ്വസ്വവും ഭാഗവതവും. വായിച്ചുകഴിഞ്ഞ മാരാർ ഒരിക്കൽ എന്നോടു പറഞ്ഞു. "ഇന്നാണെങ്കിൽ ഞാൻ ഭാരതപര്യടനം ഇങ്ങിനെയല്ല എഴുതുക. അതന്നാമട്ടിൽ എഴുതിയതിൽ താങ്കിന്നു പശ്ചാത്തപിക്കുന്നില്ല എന്നു് അദ്ദേഹം ഉറപ്പിച്ചുതന്നെ കൂട്ടിച്ചേർക്കുകയും ചെയ്തു."

മലയാളചിത്രപണശാലകളുടെ ഏററവും വലിയ ശക്തിയെ കട്ടിക്കൃഷ്ണമാരാരിലെ അവ്യക്തനായ ഒരു വ്യക്തിയെ, ശക്തിയും സൗന്ദര്യവുമുള്ള ശൈലിയിലൂടെ പരിചയപ്പെടുത്തുന്നു. നിങ്ങളുടെ പ്രിയപ്പെട്ട കുഞ്ഞുണ്ണി 'കുട്ടിക്കൃഷ്ണ'ണമാരാരും ഞാനും."

ദേവദാസികൾക്കുവേണ്ടി സ്വാതന്ത്ര്യനാൾ പതങ്ങൾ നിർമ്മിച്ചും. അങ്ങനെ എത്രയോ കവികൾ. എത്രയോ രാജാക്കന്മാർ. അവരെക്കുറിച്ചും ദേവദാസികൾ ആരതിനിലാവായിരുന്നു. ആ ആരതിനിലാവിനെക്കുറിച്ചു," പി. ഭാസ്കരനുണ്ണി എഴുതുന്നു.

✠

നീരാട്ടിനെക്കുറിച്ചു് ഒ. വി. ഉഷ പാടുന്നു.

മറെറാരു കവിത; ഉറങ്ങാൻ വേണ്ടി തകഴി ശങ്കരനാരായണൻ

✠

അമ്മുമതി ഈശ്വരാ. മറെറാന്നും വേണ്ട എല്ലാം പറയുക. ഒന്നൊന്നായി സമ്മതിക്കുക. മാപ്പുപറയുക. അഹങ്കാരം വലിയവനാണ്. അദ്ദേഹത്തിന്റെ മനസ്സും വലുതാണ്. ഈ ഭൂമിയോളം അദ്ദേഹം ക്ഷമിക്കും, തീർച്ച. ആധുനിക മലയാളസാഹിത്യത്തിലെ അതിശക്തനായ **കാക്കനാടന്റെ** കഥ "**കാറബോധം.**"

ചന്ദ്രവതി ഞാനോ. ഇമതല്ലി തീരുമുമ്പ് പിരിയാൻ ഞമുക്ക് കാലമായി. കലമിട്ടടച്ചു് കലശം കഴിക്കാൻ കാലമായി —**കെ. പി. നിർമ്മലിക്കുമാറിന്റെ** കഥ "**ജോനാഥൻ ലിവ്ംഗ സ്റ്റൻ സീഗൾ.**"

എം. ശ്രീജയന്റെ കഥ '**ഉണ്ണ്**'.

✠

കുട്ടൻപിള്ള എന്ന പ്യൂൺസിനെക്കുറിച്ചു് **പി. സുബ്രഹ്മണ്യപിള്ള** '**രാജ്യഭാര**'ത്തിൽ.

ജെ. വി. വിളനിലത്തിന്റെ യാത്രാവിവരണം 'ഒരിന്ത്യൻവദ്യാർത്ഥി അമരിക്കയിൽ.

✠

എം. മുകുന്ദൻ, പെരുമ്പടവം ശ്രീധരൻ, എന്നിവരുടെ നോവലുകൾ തുടരുന്നു. എം. കൃഷ്ണൻനായരുടെ സാഹിത്യവാരഫലം. മംഗളശ്രേഷ്ഠിയുടെ സിനിമ വി ബി. സി. കായലുടെ മുഖഭാഗചിത്രങ്ങൾ.

✠

സരസഭാഷണം, അത്താണികൾ, വായനക്കാരുടെ കത്തുകൾ.

ചെറുകഥ

യാത്ര, തീർത്തുയാത്ര

കെ രാമചന്ദ്രൻ

തീവണ്ടിയുടെ താളം അയഞ്ഞു. വിജയൻ ജനാലയ്ക്കരികിലേക്കു നീങ്ങി കുനിഞ്ഞ് തല പുറത്തേയ്ക്കുന്തിച്ചുനോക്കി. വണ്ടി പ്ളാറ്റ്ഫോമിൽ കടന്നുകഴിഞ്ഞിരുന്നു.

തട്ടിമറിച്ച ഉറുമ്പിൻമാളംപോലെ പ്ളാറ്റ്ഫോം തിരക്കിലാണ്ടു കിടന്നു. ആളുകൾ തിക്കിത്തിരക്കി മുന്നോട്ടുനീങ്ങിക്കൊണ്ടിരുന്ന ഓരോ കംപാർട്ടുമെൻറിനുള്ളിലേക്കും അവർ പരതിനോക്കുന്നുണ്ടായിരുന്നു. ചിലർ കൈയുയർത്തിവീശുകയും പാതവകഞ്ഞ് ഇടയിലൂടെ ഓടുകയും ചെയ്തു.

ഓരോ മുഖത്തും വിജയൻെറ കണ്ണുകൾ നൊടിനേരം തങ്ങി.

വണ്ടി ഒന്നു പിഞ്ഞി, ഒന്നു കുലുങ്ങി, നിശ്ചലമായി. തിരക്കും ആരവവും ചുഴലിക്കാററിൻെറ ചുരുളുകളായി അലച്ചുപൊങ്ങി. വിജയൻ പുറത്തേക്കുതന്നെ നോക്കിയിരുന്നു. തിരക്കൊഴിയട്ടെ. രജനി എത്തിയ്ക്കൂടുണ്ടാവും. ഈ തിരക്കിലെവിടെയോ.

വണ്ടിയിറങ്ങുന്നവരും സ്വീകരിക്കാൻ വന്നിരിക്കുന്നവരും ധൃതിപിടിച്ച് പുറത്തുകടക്കും. പ്ളാറ്റ്ഫോം തിരക്കൊഴിഞ്ഞ്, ജനമൊഴിഞ്ഞ് ശാന്തമാകും. ഒററയ്ക്ക് രജനിയുണ്ടാവും, ഒരു നിശ്ചലചിത്രത്തിൻെറ ഭംഗിയോടെ. മെല്ലെ നടന്നുചെന്ന്.....അപരിചിതത്വം മാത്രമാവാം ആദ്യം അവളുടെ മുഖത്ത്. പിന്നീട്, പൊട്ടുന്നുകവെ തിരിച്ചറിയും. ഓടിയെത്തി.....കണ്ണുകൾ നിറഞ്ഞിട്ടുണ്ടാവുമപ്പോൾ.

ഈ തിരക്കൊന്നൊഴിഞ്ഞോട്ടെ.

വന്നിറങ്ങിയവർ ബന്ധുക്കളും സുഹൃത്തുക്കളുമൊത്ത് പ്ളാറ്റ്ഫോം വിട്ടുപോയി. റെയിൽവേജോലിക്കാരും പോർട്ടർമാരും മാത്രം അങ്ങിങ്ങ് അവശേഷിച്ചു. വിജയൻ പുറത്തിറങ്ങി. അയാൾ നിവർന്നുനിന്നു. കണ്ണുകൾ തൊട്ടുകയും കുറുകയും പ്ളാറ്റ്ഫോമിൻെറ തലയ്ക്കലോളവും ചെന്നു. തിങ്ങുകിടന്ന നിലത്തും മൂലകളിലും അയാൾ പരതി.

ബുക്ക്സ്റ്റാളിൽ തൂക്കിയിട്ടിരുന്ന മാസികയുടെ പുറംചട്ടയിലെ പെൺകുട്ടിയുടെ ചിത്രത്തിൽ അയാൾ തെല്ലിടവെറുതെ നോക്കിനിന്നു.

പിന്നീട് തോട്ടം ഒന്നിനുമല്ലാതെയുള്ള വെറും അലസമായ തിരച്ചിലായി. ആരെയാണ് തിരയുന്നതെന്നും എന്തിനാണ് ഇങ്ങിങ്ങനെ നോക്കിനില്ക്കുന്നതെന്നും പെട്ടെന്ന് അയാൾ മറന്നുപോയി. അന്തിവെളിച്ചത്തിൻെറ മങ്ങിയ കലകളെ വേയ്പർലാമ്പിൻെറ പ്രകാശധാര വെട്ടിപ്പിടിക്കുന്നതു് അയാൾ കാണാതെ കണ്ടുനിന്നു. നിഴലുകൾ അങ്ങാളെ ചുഴ്ന്നു.

വളരെപ്പെട്ടെന്ന് വീണ്ടും അയാൾ രജനിയെയോർത്തു. അവിശ്വസനീയമായ യാഥാർത്ഥ്യത്തെ നേരിടേണ്ടിവരുമ്പോഴത്തെ ആദ്യത്തെ ത്രാസം അയാളിൽ ഉണർന്നുണ്ടു.

പെട്ടി വലതുകൈയിൽതൂക്കി വിജയൻ നടന്നു. സ്റ്റേഷനുപുറത്ത് നിരന്നുകിടന്നിരുന്ന ടാക്സികളിലൊന്നിൻെറ കതക് വലിച്ചുതുറന്ന് ഉള്ളിൽ കയറി.

'എങ്ങോട്ടാണ് സാർ?'

എങ്ങോട്ടാണ്?

'ഹോട്ടൽ.....ഏതെങ്കിലും.'

ഹോട്ടൽമുറിയിൽ കടന്നുപാടേ പെട്ടി കിടക്കയിലേയ്ക്കെറിഞ്ഞു.

ഷവറിൻെറകീഴിൽ നിമിഷങ്ങൾ തൊണ്ണൂറാം തവണയും ആദ്യമായെന്നപോലെ വിജയനോർത്തു: രജനി വന്നില്ല

ശക്തികുറഞ്ഞഷവറിൽനിന്ന് തൂന്നുവീണുകൊണ്ടിരുന്ന വെള്ളം അരുവികളായി അയാളുടെ ശരീരത്തിലൂടെയൊഴുകി. അയാൾ അരുവികളെ നോക്കിനിന്നു. ഒരു നിമിഷത്തിൻെറ ഒരു കൊച്ചുകൗതുകത്താൽ കൈപ്പത്തിതലത്തി ശരീരത്തോടു ചേർത്തുവച്ച് അരുവിയെ തടഞ്ഞു. കൈനിറയെ വെള്ളം ശേഖരിച്ചു. നിറഞ്ഞുകവിഞ്ഞ് പെരുവിരൽ ചാടിക്കടന്ന് അരുവി വീണ്ടുമൊഴുകി.

കെട്ടിനിറുത്തിയ കൊച്ചുജലപ്പരപ്പിൽ രജനിയെ കാണാൻ ശ്രമം.

മുന്നു വർഷംമുൻപ് മനസ്സിൽപതിഞ്ഞ അവളുടെ മുഖം വിജയൻ കണ്ടു. കണ്ണുകളിൽ അജ്ഞേയമായ, ദ്രുതിപ്പിക്കുന്ന, തിളക്കം. മിന്നുന്ന നെയ്ത്തിരിപോലെ പുഞ്ചിരി.

രജനി പൂ ചൂടിയിരുന്നില്ലെന്നു് അയാൾക്കു കൗതുകമുള്ള ഒരോർമയായിരുന്നു. അന്തിമേഘത്തുണ്ടുകൾ ഊറിവീണുകിടന്ന കുന്നിൻചരിവിലെ പുൽപ്പരപ്പിൽ കൊക്കകളുതന്നിയിരിക്കുകയായിരുന്ന ഒരു സന്ധ്യയ്ക്ക് വിജയൻ ചോദിക്കുകയുണ്ടായി:

'നീയൊരിക്കലും പൂ ചൂടാറില്ലല്ലോ രജനീ. വെറുപ്പാണോ പൂക്കളെ?' വിജയൻെറ വിരലുകൾ അവളുടെ മുടിയിഴകളെ തഴുകിക്കൊണ്ടിരുന്നു.

'ഒരിക്കലുമല്ല' ഒരു പുൽക്കൊടി പറിച്ചെടുക്കാനായി രജനി കൈനീട്ടിച്ചു. പുൽക്കൊടിയിൽ തൊട്ടശേഷം പൊട്ടിച്ചെടുക്കാതെ കൈ പിൻവലിച്ചു. കാൽമുട്ടുകളിൽ താടിയമർത്തി നിലത്തു നോക്കിയിരുന്ന് അവൾ വിശദീകരിച്ചു:

'നമ്മൾ തമ്മിൽ കാണുംമുൻപ് ഞാൻ പൂ ചൂടാറുണ്ടായിരുന്നു. പൂന്തോട്ടത്തിൽ ചെന്ന് ഏററവും ഭംഗിയുള്ള പൂവിറുത്തെടുത്ത് മുടിയിൽ ചൂടുക പതിവായിരുന്നു. എൻെറ ഭംഗിയെപ്പററി അന്നൊക്കെ പൂക്കൾതമ്മിൽ കൊച്ചുകുട്ടികളെപ്പോലെ അടക്കം പറഞ്ഞിരുന്നുവെന്നെനിക്കു തോന്നി.' രജനി ഇടംകണ്ണിട്ടു നോക്കി.

വിജയൻ അവളുടെ കൈപ്പത്തി പൊക്കിയെടുത്ത് വിരലുകളിൽ തലോടുകയും വിരൽത്തുമ്പുകളിൽമെല്ലെ പല്ലിറുക്കുകയും ചെയ്തു



'ആ സുന്ദരിയാണെന്ന്' പുക്കൾക്കുടി മനസ്സിലാക്കിയിരിക്കുന്നു.'

ഇക്കിളി അവളിൽ തളിരണിഞ്ഞു. നിശ്ശബ്ദതയുടെ നേർത്തവർണ്ണക്കമിളകൾ അവിടമാകെ പറന്നുകളിച്ചു. നെയ്ത്തിരികത്തിക്കുന്നു.

നൊടിനേരം കഴിഞ്ഞു' അവൾ ഇടന്നു: 'ആരോ തേങ്ങുന്നതായി തോന്നി. എന്നിക്കു തോന്നി. പിന്നീട് തേങ്ങലിന്റെ അലകൾ നിത്യേന കേൾക്കുക. പതിവായി. ആരാണ് തേങ്ങുന്നതു"? ഞാൻ അന്വേഷിപ്പട്ടു.'

'ഒരു ദിവസം മുടിയിൽനിന്ന് പൂവ് ഊർന്നുനിലത്തുവീണു. ഞാൻ കുനിഞ്ഞെടുത്തു. പൂവിന്റെ മിഴികൾ നിറഞ്ഞിരുന്നു—എനിക്കു മനസ്സിലായി. എനിക്കു ലജ്ജതോന്നി. എന്നോടുതന്നെ പുച്ഛവും.

പൂക്കളെ നിർദ്ദയമായി മുടിയിഴകളിൽ കുത്തിക്കി രസിക്കുകയായിരുന്നവല്ലോ ഞാൻ!'

ഉള്ളിൽ നുകഞ്ഞുപൊങ്ങിയ ചിരിയുടെ കുമിളകൾ, കൈക്കുമ്പിളിലെ ജലപ്പരപ്പിൽ നോക്കിനില്ക്കുകയായിരുന്ന അദ്ദാളുടെ ചുണ്ടുകളിൽ വന്നലച്ചു.

ടാക്സി തിരക്കിലൂടെ പാഞ്ഞു. വിജയന്റെ കണ്ണുകൾ ഇടപുറവും മാറിമാറി സഞ്ചരിച്ചു. പുത്തനെട്ടുപ്പുകൾ. പുതിയ വഴികൾ. പുതിയ മുഖങ്ങൾ.

വൈകുന്നേരങ്ങളിൽ വെടിപ്പറഞ്ഞും ഓടിയും ഇരിക്കുമായിരുന്ന സ്മയർ. പുതിയ ബാങ്കുമന്ദിരം ആകാശംതൊട്ടു നില്ക്കുന്നു. കടൽക്കാറ്റുകൊണ്ട്, കപ്പലണ്ടികൊറിച്ച് രജനിയെക്കാത്ത് പണ്ടിവിടെ ഇരിക്കാനാവുമായിരുന്നു. രജനിയെക്കൂട്ടി, ഇവിടെനിന്ന് ബസ്കയറിനിട്ടുണ്ട്. (ഒരിക്കൽ ഇറക്കിവിട്ടത് മറക്കാൻ മടിയുള്ള ഒരോർമ്മയായി കൂടെയുണ്ട്. പൈസയുണ്ടായിരുന്നില്ല ഞങ്ങളുടെയും കൈയിൽ.)

നിരത്തിലുക്കിറങ്ങിക്കിടന്ന ഹോട്ടലിന്റെ മൂന്നാം നിലയിലെ ഇരുപത്തിരണ്ടാം നമ്പർ മുറി. തിരിച്ചറിയാൻ വിഷമമില്ല. ഒരുമുവിലേക്ക് ഇറക്കാനാവുന്ന ജനാല. ഇപ്പോഴും നീലകർട്ടൻ കിടക്കുന്നു. ഞാനത്തേതുതന്നെയാവും. വിരിമാത്രം എത്രയോതവണ മാറ്റിയിട്ടുണ്ടാവും!

പാതയോരങ്ങളിൽ പഴംകാലസ്മൃതികൾ പൂട്ടച്ചുകിടന്നു.

മരുഭൂമിപ്പോലെ തിരിച്ചറിയാനാവാത്തവിധം മാറിപ്പോയ വഴികൾക്കുള്ളിൽ പഴംകഥകളുടെ പുതുഗന്ധം നുകർന്ന് വിജയൻ ടാക്സിയുടെ പിൻസീറ്റിൽ ചാരിയിരുന്നു.

മഹാറാണിയുടെ സിംഹാസനത്തിനുചുറ്റും മലയപ്പാളിയുടെ മറ. ചുവന്ന കുറ്റു് ചെമ്പലുകൾ ചീർപ്പിച്ച് നാലുകാലിൽ എഴുന്നേറ്റിന്ന് തലപൊന്തിച്ചു നോക്കി.

പഴയ കുന്നിന്റെ ചരിവിൽ പുതിയ പുൽത്തട്ടുകൾ. പുതിയ പടവുകൾ പുതിയ വിളക്കുകാലുകളും.

ടാക്സി വെള്ളയമ്പലം കടന്നു.

'അങ്ങോ, അവിടെ ഒരാൾചേർത്തുനിറുത്തൂ'

വാത്സല്യം

നെല്ലിൻമഞ്ഞി
കൊത്തിയും കൊറിച്ചും കൊ-
ണ്ടാത്തണഞ്ഞ മിക്കുന്നു
കാവിലെ ദിനചിത്രം.
"പാലത്തിൽനിന്നും വണ്ടി-
യാററിൽ വീഴുകയാൾ ബിഹാ-
ദേശത്തിലൊരു മന്ത്രി
മുച്ചാനുജൻതന്നെ!'
വായിച്ചു കണ്ണിൽക്കണ്ട
വാർത്തകൾ ഞാൻ; ശീഘ്രം
ചോദ്യമുമിച്ചെന്നോ
പഠിക്കാ മമപുത്രൻ:—
"ഏതു സ്ഥാനം? ബിഹാർ
ദേശമോ? ഭാഗ്യം ഭാഗ്യം,
ചോദ്യക്കുത്തരമല്ല-
മവധിക്കൊവന്നല്ലേ!
പിൻവലിച്ചു ഹാ, കഷ്ടം,
സമയം മിനിഞ്ഞാന്നു;
പിന്നെയെങ്ങനെ പോകാ-

ഗോപുരകവാടം

ചെമ്മനംചാക്കോ

തിരിക്കം സ്ക്കൂളിൽ ഞങ്ങൾ?"
എന്നുഞാനുപദേശം
നൽകുവാൻ?— "മോനേ, നിങ്ങൾ
ചിന്തയിലിരുന്നേറെ
ദരിദ്രരായ്പ്പോയെന്നോ!
കുറവനാം സമയംപോയ്
നടത്തുക്കുവഗം; മന്ത്രി-
യാററിൽ വീഴുവാൻ, വിണാ-
ലുടനേ മരിക്കുവാനി!"

...'...

വിജയൻ മുന്നോട്ടാഞ്ഞു' ഇടതുവശത്തെ കതകിൽ കൈചുമ്പിച്ചു.

'രജനി നിവാസ്.' തെററിയിട്ടില്ല.

ഗേയ്ററിനു പുറത്ത് വിജയൻ അറച്ചുനിന്നു. അയാളുടെ ശ്വാസമിടിപ്പിന് വേഗത കൂടി. കൈപ്പത്തിയിൽ വിയർപ്പിൻകണങ്ങൾ പൊടിഞ്ഞു. ഗേയ്ററ് തുറന്നു' അകത്തുനിന്ന് തുറന്ന ബസ്സിൽ ഒരു തവണ വിലയമർത്തി കാത്തുനിന്നു

പാദങ്ങൾ അടുത്തുവരുന്ന ശബ്ദം. വിജയന്റെ നെഞ്ചു് തുടികൊട്ടി.

വാതിൽപ്പാളികൾ ശബ്ദത്തോടെ തുറക്കപ്പെട്ടു. ഒരു മനുഷ്യൻ അയാൾ വാതിൽപ്പാളികളിൽ പിടിച്ച് നിന്നിരുന്നു.

വിജയനെ ഉഴിഞ്ഞുനോക്കുകയായിരുന്നു അയാൾ. നോട്ടം മഞ്ഞുകട്ടപോലെ തണുത്തിരുന്നു. മുഖത്തെ പേശികൾ മരവിച്ചുകിടന്നു.

ഒപ്പാടുന്നതവെയുണ്ടായ അമ്പരപ്പിന്റെ ചുരുക്കിറങ്ങാൻ തുടങ്ങിയപ്പോൾ വിജയൻ ആർക്കാൻ ശ്രമിച്ചു. ഈ മനുഷ്യൻ?

'ഇങ്ങകത്തു വരാമല്ലോ.' നിശ്ശബ്ദതയെ ഉടച്ചുകൊണ്ട് അയാളുടെ ശബ്ദം വാതിലിൽനിന്ന് അയാൾ ഉള്ളിലേക്കു നീങ്ങി. ഒന്നറച്ചുനിന്നശേഷം വിജയൻ അകത്തു കടന്നു.

'ഇരിക്കൂ.' അയാൾ കസേര ചൂണ്ടിക്കാട്ടി.

'രജനിയുടെ അച്ഛൻ?' ഇപ്പോൾ വിജയന് തിട്ടമായിക്കഴിഞ്ഞിരുന്നു.

'രജനിയെ അറിയുമോ നിങ്ങൾ?'

രജനിയെ അറിയുമോയെന്നോ! അറിയുമെന്നു പറയാം. പക്ഷേ, അറിവ് അതിലൊതുങ്ങുന്നില്ല. ഒരു മറുപടിക്കായി വിജയൻ ബദ്ധപ്പെട്ടു. തെക്കുത്തോടെ, വിനയത്തോടെ, വിജയൻ അയാളെ നോക്കിയിരുന്നു, അദ്ദാളുടെ ചിന്തകൾ പെട്ടെന്ന് ഉൾവലിഞ്ഞു' ഒരു ബിന്ദുവിൽ തറഞ്ഞതുപോലെ. ഒരുതരം പറഞ്ഞിതന്നെങ്കിൽത്തന്നെ അതയാൾ കേൾക്കുകയുണ്ടാവില്ല.

'എന്റെ ഒരേയൊരു മകളായിരുന്നു അവൾ.' പുറത്തേക്കു നോക്കി ശബ്ദം താഴ്ത്തി അയാൾ പറഞ്ഞു. അപ്രതീക്ഷിതമായേക്കാവുന്ന എന്തോ ഒന്ന് തീ പിടിക്കാൻ പാകമെത്തിയ കരിമരുന്നായി

(ശേഷം 53-ൽ)

മുഖഭാഗ ചിത്രങ്ങൾ

വി ബി സി നായർ

രണ്ടു്

പിതിരഞ്ചു പവൻ. രണ്ടുമാസത്തേക്ക് കഷ്ടിച്ചു ജീവിക്കാനുള്ളതുക. ഒരു ഇംഗ്ളീഷ് ടെലഫോൺ കമ്പനിയിലെ ക്ളാർക്കായ ഗ്രീക്കുകാരനെ കണ്ടുമുട്ടി, ഭാഗ്യം. ഭയത്തോന്നിയ ആ മനുഷ്യൻ ഓനാസിസിന് ഒരു ചെറിയ ജോലികൊടുത്തു — ടെലഫോൺ ഓപ്പറേറ്ററായി. മാവർ ടെലിക്കുടി ലഭിച്ചപ്പോൾ ഒരുവിധം ജീവിക്കാമെന്നായി. ഉറങ്ങുന്നതു് വെറും മൂന്നു മണിക്കൂർ. ആ ജോലിയിൽത്തന്നെ തുടർന്നിരുന്നെങ്കിൽനാനൂറുരൂപ പെൻഷൻപററുന്ന ഒരു സാധാരണമനുഷ്യൻ മാത്രമാകുമായിരുന്നു ഓനാസിസ്.

ഭാഗ്യദേവത നിറദീപവുമായി കടന്നുവരാൻ നിരന്തരമുള്ള ഓനാസിസിന്റെ പുകവലി സഹായിച്ചു. രാത്രിയും പകലുമുള്ള ജോലി ക്രമത്തിലധികം പുകവലിക്കാനുള്ള പ്രേരണനൽകി. സ്വാദുകുറഞ്ഞ മോശപ്പെട്ട അർജൻറീനാ സിഗററുകൾ പുകയ്ക്കുമ്പോൾ ഗ്രീക്ക്, അർമീനിയ, ടർക്കിസ് സിഗററുകളുടെ സ്വാദ് തികട്ടിവരും. ഭൂരിഭാഗം നല്ല പുകയില ഇവിടെയെത്തുകൊണ്ടു് വരുത്തുന്നില്ല? ഓനാസിസ് ഒരു ദിവസം ചിന്തിച്ചു. അടുത്ത ദിവസംതന്നെ പിതാവിനെഴുതുകയും സാമ്പിൾ-വരുത്തുകയും ചെയ്തു. സ്വീകരിക്കൽ ഈ പുകയില ഉപയോഗിച്ചു് സ്വയം മറക്കുന്നതു് ഓനാസിസ് കണ്ടു.

കാലുവർഷം ഭഗീരഥപ്രയത്നംചെയ്തു് 14,000 രൂപ ചെലവിച്ചു് സിഗററു് നിർമ്മിക്കുന്ന ഒരു ചെറിയ ഫാക്ടറി ഓനാസിസ് സ്ഥാപിച്ചു. ഭാഗ്യം ഓനാസിസിനെ സമീപിക്കാനഇഷ്ടപ്പെട്ടില്ല. ഫാക്ടറി തകർന്ന നഷ്ടത്തിലായി. സമ്പാദിച്ചതു മുഴുവൻ വെള്ളത്തിലായപ്പോൾ ആ അല്പമനുഷ്യൻ പൊട്ടിക്കരഞ്ഞുപോയി. എങ്കിലും നിരാശനാകാതെ ഫാക്ടറി തുടർന്നു നടത്തി. 1929-ൽ പിതാവിനെയും ക്ഷണിച്ചുവരുത്തി. 1931-ൽ പിതാവിന്റെ മരണം ഓനാസിസിന് വലിയൊരാഘാതമായിരുന്നു.

ഫാക്ടറി പുരോഗതിയിലേക്ക് കുതിച്ചുയർന്നപ്പോഴാണ് മററാരാപത്തു് കടന്നുവന്നതു്. അന്യരാജ്യങ്ങളിൽനിന്നും ചരക്കുകൾ ഇറക്കുമതിചെയ്യുന്നതു് ഗ്രീക്കുഗവണ്മെൻറു് പൂർണ്ണമായി തടഞ്ഞു. അതിൽ അർജൻറീനയും ഉൾപ്പെട്ടിരുന്നു. താമസിയാതെ അർജൻറീനയും ഗ്രീക്കുസാധനങ്ങൾ ഇറക്കുമതിചെയ്യുന്നതു് തടയുമെന്നു് ഉറപ്പായി. ഗ്രീക്കിലെ പ്രധാനമന്ത്രിയെ കണ്ടുകണ്ടു് പ്രശ്നങ്ങൾ ചർച്ചചെയ്യാനുള്ള സാഹസികത ഓനാസിസ് കാണിച്ചു. അർജൻറീനയുമായി വ്യാപാരം ചെയ്യുന്നതു് ഗ്രീക്കിന് എത്രത്തോളം ലാഭകരമാണെന്നു് കണക്കുകൾ ഉദ്ധരിച്ചു

അത്ഭുതങ്ങൾ തല

കൊണ്ടു് ദിവസങ്ങളോളം ചർച്ചചെയ്തു മനസ്സിലാക്കി. ബുദ്ധിയാലും, വാചാലനുമായ ഈ യുവാവു് ഒരു നല്ല നയതന്ത്ര വിദഗ്ദ്ധൻകൂടിയാണെന്നു് മന്ത്രസ്സിലാക്കിയ പ്രധാനമന്ത്രി അയാളെ വ്യാപാരകാര്യങ്ങൾക്കായുള്ള സ്പെഷ്യൽ അംബാസഡറായി നിയമിച്ചു്, ബ്യൂൺസായിസ്സിലേക്കയച്ചു.

ശരണാർത്ഥിനായ ഒരു പുകയിലവ്യാപാരി ഒരു സ്പെഷ്യൽ അംബാസഡറായി മടങ്ങിവരിക. ജനങ്ങൾ അമ്പരന്നു. എപ്പോഴും കാലത്തേക്കാൾ വേഗതയിൽ സഞ്ചരിക്കുന്ന മനുഷ്യനായിരുന്നു ഓനാസിസ്

ഓനാസിസും, ജാക്വലിൻ ഓനാസിസും ബ്രാസിൽ വിമാനത്താവളത്തിൽ (1971-ൽ എടുത്ത ചിത്രം.)

സിന്റെ. ബ്യൂൺസായിസ്സിലെത്തുവഴിയ്ക്കു് അനേകം കപ്പലുകൾ വരികയും പോവുക

കുനിച്ചു മടങ്ങുന്നു.

യും ചെയ്തുകൊണ്ടിരുന്നു. ഒന്നാംലോകമഹായുദ്ധം കഴിഞ്ഞ സമയം. വ്യാപാരങ്ങൾ തികച്ചും മന്ദഗതിയിലായിരുന്നു. സാധനങ്ങൾക്ക് വില വളരെകുറവു്. വാങ്ങാനാളില്ല. ദീർഘദൃഷ്ടിയുള്ള ഓനാസിസ് രാത്രികൾ പകലുകളാക്കി ചിന്തിച്ചുകൊണ്ടേയിരുന്നു. കപ്പൽ സ്വന്തമായുണ്ടെങ്കിൽ ഈ അവസരം അല്ലതുപോലെ മുതലെടുക്കാമെന്നയാൾക്കു തോന്നി. ആ ചിന്തകൾക്ക് പൂർണ്ണരൂപം വന്നതു് ക്യാനഡയിൽ പഴയ കപ്പലുകൾ വില്ക്കുന്നതായുള്ള വാർത്ത ശ്രവിച്ചപ്പോഴാണ്. പത്തുലക്ഷം രൂപാക്കു് നിർമ്മിക്കുന്ന കപ്പലുകൾ പഴയ വിലയ്ക്ക് വില്ക്കുന്നതു് വെറും ഒരുലക്ഷം രൂപയ്ക്കായിരുന്നു. എന്നിട്ടും വാങ്ങാൻ ഒരാൾപോലും ചെന്നില്ല. 60,000 രൂപ വിലമതിച്ചു് ആറുകപ്പലുകൾ ഓനാസിസ് വാങ്ങി. രണ്ടുകപ്പലുകൾ അല്പം മിനുക്കുപണികൾ നടത്തി ഏതാനും ദിവസങ്ങൾക്കുള്ളിൽ കടലിലേക്കിറക്കി. മാസങ്ങൾക്കകം മററു നാലുകപ്പലുകളും ഓടിത്തുടങ്ങി. അപ്പോഴാണ് രണ്ടാംലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടതു്.

യുദ്ധം ആരംഭിച്ചുകഴിഞ്ഞപ്പോൾ ഓനാസിസ് ഒരു ചൂതുകളി നടത്തുവാൻ തീരുമാനിച്ചു. കപ്പലിൽ മുഴുവൻ പെട്രോൾ നിറയ്ക്കുക. ആററംബോംബു് കൊണ്ടുപോകുന്നതിനേക്കാൾ അപകടകരം. സ്വീഡനിൽനിന്നുചെന്നു് പെട്രോൾ നിറയ്ക്കുന്ന ഒരു പ്രത്യേകതരം കപ്പലിന് ഓനാസിസ് ഓർഡർചെയ്തു. 12,000 ടൺ പെട്രോൾ ഉൾക്കൊള്ളിക്കാനായിരുന്നു ഒരു കപ്പലിൽ.

ഈ വാർത്ത പരന്നപ്പോൾ ലോകം ഓനാസിസിനെ ഭ്രാന്തനെന്നു വിളിച്ചു ആ കപ്പലുകളായ ഈ തിരുശേഷം ഉപേക്ഷിക്കണമെന്ന് ലോകത്തിലെ വലിയൊരു കപ്പൽവ്യാപാരിയായിരുന്ന ലിവാനോജി സ്വന്തം വീട്ടിൽവെച്ചുപദേശിച്ചു എല്ലാം നശിച്ചു കൊണ്ടിരുന്നു. തന്റെ ദീർഘദർശനത്തിൽ ഓനാസിസിയോടുപ്പോ വെളിച്ചമല്ലുമെന്ന് അദ്ദേഹം പ്രസ്താവിച്ചു. ഇംഗ്ലണ്ട്, ഡന്മാർക്ക്, സ്വീഡൻ, നോർവ്വേ ഇവരുടെ, അമേരിക്ക, സൈബീരിയ എന്നീ ഏഴുരാജ്യങ്ങളെ തോല്പിച്ചുകൊണ്ട് സൗദി അറേബ്യ ലോകത്തിലെ എണ്ണയുടെ മുഴുവനധികാരവും നേടി. കോടീശ്വരന്മാരുടെ ചക്രവർത്തിയാകുവാൻ ഓനാസിസിന് പിന്നീട് അധികനാൾ വേണ്ടിവന്നില്ല.

ദീർഘവീക്ഷണം ബുദ്ധിശാലിയുമായ ഓനാസിസ് കപ്പലുകൾ രജിസ്റ്റർചെയ്യുന്നതിൽ കാണിച്ച ഔചിത്യം വമ്പിച്ച ഒരു തുക ലാഭിക്കുവാൻ സഹായകമായി. നികുതികൾ മുഴുവനായി ഇളവുചെയ്യുകയും, നാമമാത്രമായി ഈടാക്കുകയും ചെയ്യുന്ന രാജ്യങ്ങളിലാണ് തന്റെ കപ്പലുകൾ ഭൂരിഭാഗവും രജിസ്റ്റർ ചെയ്തിരുന്നത്. ഒരവസരത്തിൽ ഓനാസിസ് ഒരുഡസൻ കപ്പലുകൾ സൗദിഅറേബ്യയിൽ രജിസ്റ്റർചെയ്തു. ഇതിന്റെ നിഴലിൽ വമ്പിച്ച ആനുകൂല്യങ്ങൾ ലഭിച്ചു. ഈയിടെ ഗ്രീസിൽ പകുതി കപ്പലുകൾ ഈ കോടീശ്വരൻ അറേബ്യൻഗവർണ്ണമെന്റിന് ദാനമായി നൽകുകയുണ്ടായി. പക്ഷേ, അമേരിക്കയുമായി കപ്പലുകൾ വാങ്ങുന്ന ഒരേർപ്പാടിൽ ഓനാസിസിന് അല്പം തോൽവിയുണ്ടായി. അമേരിക്കൻനിയമങ്ങളെ ലംഘിച്ചതിന് ഓനാസിസിനെ ജയിലിലടയ്ക്കണമെന്ന് അവിടത്തെ വ്യാപാരി സംഘം ആവശ്യപ്പെട്ടതനുസരിച്ച് ഗവണ്മെന്റ് നടപടികളെടുത്തു. ഓനാസിസ് ഒരുനിമിഷം പാഴാക്കാതെ അമേരിക്കയിലെത്തി, മാപ്പിരക്കാനല്ല ഗവണ്മെന്റിനെതിരായി കേസ് കൊടുക്കാൻ വിധി ഓനാസിസിനെതിരായിരുന്നു. അഷ്ടപേരിഹാരമായി 70 ലക്ഷം ഡോളർ ഓനാസിസ് അമേരിക്കൻഗവണ്മെന്റിന് നൽകേണ്ടിവന്നു. പണം കെട്ടിവയ്ക്കാൻ സെക്രട്ടറിമാരോട് ഏർപ്പാടുചെയ്തിട്ട്

വിൻസർ പ്രഭുവുമായി തീക്കാ ഓനാസിസ് നൃത്തം ചെയ്യുന്നു.
(1960-ൽ ന്യൂയോർക്കിൽ വച്ചെടുത്ത ചിത്രം.)

പുറത്തേക്കുവന്ന ഓനാസിസിന്റെ പ്രതികരണമിതായിരുന്നു 'ഏഴുപതുലക്ഷം നഷ്ടപ്പെട്ടുന്നതിൽ ഞാൻ ദുഃഖിതനല്ല. പക്ഷേ, അമേരിക്കൻഗവണ്മെന്റിന്റെ മുമ്പിൽ പരാജയപ്പെട്ടതിലുള്ള വിഷമമേയുള്ളൂ.'

(ശേഷം 49-ൽ)

പതിനഞ്ച്

ഇടുങ്ങിയ വഴിയിൽ മങ്ങിയ സന്ധ്യയുടെ മങ്ങിയ തിരശ്ശീല വീണുകിടന്നു. വളഞ്ഞുപുളഞ്ഞു കിടന്ന വഴിയുടെ അരികുകളിൽ ഇരുണ്ട കാടുകളും, ഇരുണ്ട വീടുകളും. ആൾത്തിരക്കൊഴിഞ്ഞ ഇടവഴി ഭാഗ്യത്തിനുവേണ്ടി കാത്തുകിടന്നു.

ഇടിഞ്ഞുപൊളിഞ്ഞുകിടക്കുന്ന അമ്പലത്തിന്റെ മുമ്പിലെത്തിയപ്പോൾ ആരോ പിന്നിൽനിന്നു വിളിച്ചു.

'ഒന്നു നില്ക്കൂ...'

വിശ്വൻ തിരിഞ്ഞുനോക്കി.

സന്ധ്യയുടെ മങ്ങിയ വെളിച്ചത്തിൽ ധൃതിയിൽ അമ്മു നടന്നുവരുന്നു. കണ്ടാലറിയാം, അമ്പലത്തിൽ ദീപാരാധനതൊഴുതിട്ടുവരുന്ന വഴിയാണ്. നെററിയിൽ ചന്ദനംകൊണ്ടുള്ള വരക്കുറി.

'എന്തിനാണു വിളിച്ചതു?'

'വെറുതെ...' അവളുടെ സ്വരത്തിൽ ദുഃഖമുണ്ടായിരുന്നു. 'വെറുതെ കാണാൻ...'

വിശ്വൻ മിണ്ടാതെ, വേറെ ഒരിടത്തേക്കു നോക്കിനിന്നു.

'എന്നോടു വെറുപ്പായിരിക്കും...'

ഈ ഇടവഴിയിൽ, ഈ മങ്ങിയസന്ധ്യയിൽ ഇവളുടെ അടുത്തുവെച്ച് തന്നെ ആരെങ്കിലും കണ്ടാലോ എന്നയാൾ ഓർത്തു.

'എന്നെ വെറുത്താലും, ഞാനെന്നും ഓർക്കും.'

'എന്തിനു?'

'ഈ ജീവിതത്തിൽ വേറെ മനസ്സം എനിക്കോർക്കാനില്ല—'.

ദൂരെ ഇടിഞ്ഞുപൊളിഞ്ഞു കിടക്കുന്ന ശിവക്ഷേത്രത്തിന്നപ്പുറത്തു്, ഏതോ പക്ഷിയുടെ ദീനമായ കരച്ചിൽ കേട്ടു. അയാൾ അതു ചെവിയോർത്തു നില്ക്കുമ്പോൾ അവൾ പറഞ്ഞു:

'ഞാനിന്നലെയും സ്വപ്നംകണ്ടു.'

അയാൾ ഒരുതരം നിർവ്വികാരതയോടെ പറഞ്ഞു.

'എന്റെ സ്വപ്നങ്ങൾ നീ യഥേഷ്ടം കണ്ടുകൊള്ളുക.'

അവൾ ആരോടെന്നില്ലാതെ പറഞ്ഞു:

'എനിക്കൊന്നിനും വിധിയില്ല. എല്ലാം വിധിച്ചതു് ഈ ദുഃഖമാണ്.'

ഇടയ്ക്കു നിർത്തി അവൾ എന്തോ ഓർത്തു നിന്നു. പിന്നെ:

'ഒരുകണക്കിനു് ഈ ദുഃഖംപോലും എനിക്കൊരനുഗ്രഹമാണ്. നിങ്ങളെപ്പോലെ ഒരാളെ കണ്ടുമുട്ടാനിടയായ ഭാഗ്യമാണ് എന്റെ ഏററവും വലിയ ഭാഗ്യം. അല്ലെങ്കിൽ ഈ ദുഃഖംപോലും എനിക്കു നഷ്ടപ്പെട്ടേനെ.'

എന്താണു പറയേണ്ടതെന്നറിയാതെ വിശ്വൻ മങ്ങിയ സന്ധ്യയിൽ നോക്കിനിന്നു ഇവളെ ആദ്യമായി കണ്ടുമുട്ടിയ നിമിഷത്തിൽ. ഒരു കുടുംബബന്ധത്തിന്റെ വികാരപരമായ ഓർമ്മപുതുക്കിച്ചതായിരുന്നു ഇവളെ ആ പിഴച്ചപെണ്ണാണെന്നറിഞ്ഞ നിമിഷത്തിൽ തനിക്കു നഷ്ടപ്പെട്ടതു് തന്റെ ജീവിതത്തിലെ ഏററവും വിലപ്പെട്ട സ്വപ്നങ്ങളായിരുന്നു.

രക്തസിരം കാൻസറിനു്

പെരുമ്പടവം ശ്രീധരൻ

'ഇനി ഞാൻ പറഞ്ഞാൽ വിശ്വസിക്കില്ല എന്നാലും—' അവളുടെ സ്വരം ഇടറി.

'നിങ്ങളെന്നെ സ്നേഹിക്കുന്നുണ്ടെന്നറിഞ്ഞതിൽപിന്നെ ചിന്തയായ ഒരു വാചാലതപോലും എന്റെ മനസ്സിലുണ്ടായിട്ടില്ല.'

'എനിക്കതൊക്കെ വിശ്വസിക്കണമെന്നുണ്ടായിരുന്നു. പക്ഷേ...' വിശ്വൻ അവളുടെ കണ്ണുകളെ മാറി നോക്കി:— 'എന്തെങ്കിലുമൊന്നു വിശ്വസിക്കാൻ എനിക്കിനി പേടിയുണ്ടെന്നു തോന്നുന്നില്ല—'.

'വേണ്ടാ, വിശ്വസിക്കുന്നുണ്ടാ.' അവൾ

നെടുവീർപ്പിട്ടു. 'എനിക്കിനി ആരെയും ഒന്നും വിശ്വസിപ്പിക്കാനില്ല.'

അഹല്യയെപ്പോലെ കോളനിയിലെ അഴുക്കുചാലിൽ ഏതോ ശാപമേറ്റു കിടന്നവളായിരുന്നു അവൾ. ഈ മനുഷ്യന്റെ കാൽതട്ടിയാണ് ആ ശാപനിദ്രയിൽനിന്ന് അവൾ ഉണർന്നത്.

അവൾക്കു പൊട്ടിക്കരയാൻ തോന്നി.

'നിങ്ങളെന്നെ ശപിച്ചുകളയരുത്.'

കമ്പിക്കാലിൽ മഞ്ഞിക്കുന്ന വൈദ്യുതവിളക്കിന്റെ കീഴിൽ വീണുകിടക്കുന്ന കരുത്തു തീഴലുകളിൽനിന്ന് കണ്ണെടുക്കാതെ വിശ്വൻ പറഞ്ഞു:—

'ശപിക്കാനും അനുഗ്രഹിക്കാനും ശക്തിയില്ലാത്ത വെറും മനുഷ്യനാണ് ഞാൻ. എനിക്ക് വെറുക്കാനും സ്നേഹിക്കാനും വ്യസനിക്കാനും മാത്രമേ കഴിയൂ. ഞാൻ നിന്നെ സ്നേഹിക്കുകയും വെറുക്കുകയും നിന്നെയോർത്ത് വ്യസനിക്കുകയും ചെയ്യുന്നുണ്ട്.'

അകലെ വളവിൽ ആളുകളുടെ ഒച്ചയനക്കം കേട്ടു. വിശ്വൻ പറഞ്ഞു:

'നീ പൊയ്ക്കോ ആരോ വരുന്നുണ്ട്'.

കണ്ണീരു തുടച്ചുകൊണ്ട് മങ്ങിയ വെളിച്ചത്തിൽ അവൾ പോകുന്നത് വിശ്വൻ നോക്കിനിന്നു. വിളക്കിൽ കരിപിടിക്കുംപോലെ അയാളുടെ മനസ്സിൽ വിഷാദം പടർന്നുകേറി അന്നാരാത്രിയിൽ, ധാരമുറിയാതെ പെയ്യുന്ന ഇരുണ്ടരാത്രിയിൽ മണ്ണെണ്ണവിളക്കിന്റെ അരണ്ടവെളിച്ചത്തിൽ ഇവളെ കണ്ടപ്പോൾ. ജീവിതത്തിൽ കണ്ടെത്താനിരുന്ന നിധി കണ്ടെത്തിയ അനുഭൂതിയായിരുന്നു അയാളുടെ കണ്ണുകളിൽ തന്റെ ജീവിതസ്വപ്നങ്ങളുടെ പ്രതിഫലനം കണ്ടപ്പോൾ ഇവളാണ് തന്റെ ഇണയെന്നോർത്തു ഇവളെ സ്നേഹിക്കുമ്പോൾ നഗരത്തിന്റെ ഇരുണ്ടകോണിൽ നിന്നൊരു പെൺകുട്ടിയെ രക്ഷിക്കുകയാണെന്നുള്ള ബോധമായിരുന്നില്ല മനസ്സിൽ. മറിച്ച് സ്വന്തം ആത്മാവിലെ അവ്യക്തമായ ഒരു സ്വപ്നത്തിന്റെ, അനുപമയായ ഒരു സങ്കല്പത്തിന്റെ, പ്രാചീനനായ കരോർജ്ജുനുടെ, വിദൂരമായ ഒരു മുജ്ജന്മസ്മൃതിയുടെ ദിവ്യമായ അനുഭൂതിയായിരുന്നു. അല്ലെങ്കിൽ ഇനിയെന്ത് അതെക്കെ ഓർക്കുന്നു.....?

അതിവേഗത്തിൽ പാഞ്ഞുവന്ന ഒരു കാറിന് വിശ്വൻ വഴിമാറിക്കൊടുത്തു.

★

ഇടുങ്ങിയ വഴിയിൽ, മങ്ങിയ വെളിച്ചത്തിൽ തനിയെ നടക്കുമ്പോൾ ജന്മാന്തരങ്ങളുടെ ആവർത്തനങ്ങളെക്കുറിച്ച് വിശ്വൻ വെറുതെ ഓർത്തു ഏകാകിയായ മനുഷ്യൻ അമ്മയുടെ ഗർഭപാത്രത്തിലെ യോഗനിദ്രയിൽനിന്നുണർന്ന് സ്വന്തം ഇണയെ അന്വേഷിച്ചു പുറത്തിറങ്ങി. ഇണയെ അന്വേഷിച്ച് ജന്മമുഴുവൻ അലഞ്ഞുതിരിഞ്ഞു. കണ്ടതും. കൂടെവന്നതും ഒന്നും ഇണയായിരുന്നില്ല. ഒരിക്കലും ഇണയെ കണ്ടെത്താനുള്ള വിധിയില്ലെന്നറിയുമ്പോൾ നിരാശനായി നിരാലംബനായി മണ്ണിൽ തളർന്നു വീഴുന്ന പുറത്തുകടന്നപ്പോൾതന്നെ അടഞ്ഞ അമ്മയുടെ ഗർഭപാത്രത്തിന്റെ വഴി വീണ്ടും തുറക്കുകയില്ലാത്തതുകൊണ്ട്. വെറും ചുടുകാട്ടു ശരീരമുപേക്ഷിച്ചിട്ട്, ഏകനായി വേറൊരു വഴിയേപോകുന്നു. സ്വന്തം പുറംതോടിനുള്ളിൽ മനുഷ്യൻ ഏകാകിയാണ്. മനുഷ്യന്റെ വിധി ഏകാകിതയാണ്.

അകലെ വഴിവക്കിൽ എന്തോ ബഹളംകേട്ട് വിശ്വൻ ഒരുനിമിഷം നോക്കിനിന്നു. ഇടയ്ക്ക് ഒരു സ്ത്രീയുടെ നിലവിളി കേട്ടു. എന്താണെന്നറിയാനുള്ള ജിജ്ഞാസയോടെ വിശ്വൻ അങ്ങോട്ടു ഓടി. ഒച്ചയും ബഹളവുംകേട്ട് ഓടിക്കൂടിയ ആൾക്കൂട്ടത്തിനിടയിൽകേറി നോക്കുമ്പോൾ ഉണ്ണിക്കൃഷ്ണന്റെ കയ്യിൽകിടന്ന് അമ്മു പുളയുന്നു അവന്റെ പിടിയിൽ നിന്ന് കുതറിമാറാനുള്ള അവളുടെ വിഫലമായ ശ്രമത്തിന്നിടയിൽ അവന്റെ പിടി വീണ്ടും മുറുകുന്നു. അന്തിച്ചുനില്ക്കുന്ന ആൾക്കൂട്ടത്തെ തള്ളിമാറ്റി വിശ്വൻ മുമ്പോട്ടുചെന്ന് കരുത്ത ശബ്ദത്തിൽ വിളിച്ചു.

'ഉണ്ണിക്കൃഷ്ണൻ'

അവൻ ഞെട്ടലോടെ, വെപ്രാളത്തോടെ കണ്ണുകളുയർത്തി.

'വിശ്വനിതിൽ കാര്യമില്ല.'

'അവളെ വിടൂ.' വിശ്വന്റെ ശബ്ദത്തിന് വീണ്ടും കനം വെച്ചു:—'അവളെ വിടാൻ!'.

'ഇവൾ തന്റെ ആരാണ്?'

വിശ്വൻ അതു കേട്ടില്ല. ക്രോധം ജ്വലിക്കുന്ന ശബ്ദത്തിൽ അയാൾ അലറി:

'അവളെ വിടാൻ—'

'എന്റെ കൈയിലിരിക്കുമ്പോൾ എന്റെ. നിന്റെ കൈയിലിരിക്കുമ്പോൾ നിന്റെ. ഉണ്ണിക്കൃഷ്ണൻ ഒരു ന്യായത്തിന്മേൽ പിടിച്ചുനില്ക്കാൻ നോക്കി 'ഇപ്പോൾ എന്റെ കയ്യിലാണ്'.

വിശ്വൻ ഒന്നും ഓർത്തില്ല ഓരാറ്റ അടി ഉണ്ണിക്കൃഷ്ണൻ തെറിച്ചുപോയി. അടുത്ത നിമിഷത്തിൽ തിരിച്ചടിക്കാനെഴുന്നേല്ക്കുന്ന ഉണ്ണിക്കൃഷ്ണനോട്, തനിക്കുതന്നെ അപരിചിതമായ ഒരു സ്വരത്തിൽ വിശ്വൻ പറഞ്ഞു:

"ഇനി നമുക്ക് നാക്കുകൊണ്ടോ രക്തംകൊണ്ടോ സംസാരിക്കാം"

"നാക്കുകൊണ്ടും രക്തംകൊണ്ടുമല്ല നിന്നോട് ഇനി ഞാൻ കത്തികൊണ്ടു സംസാരിക്കും". ഉണ്ണിക്കൃഷ്ണൻ പല്ലിറുമ്മിക്കൊണ്ട് വിശ്വന്റെ നേരെ കൈചൂണ്ടി: "നോക്കിക്കോ വഴിവക്കിൽകിടന്ന് നിന്റെ കരളേ മണ്ണുതിന്നും!"

വിശ്വൻ പുച്ഛത്തോടെ ചിരിച്ചു:

"എന്റെ കൊലയാളിയെ അന്വേഷിച്ചിറങ്ങിയ ആളാണ് ഞാൻ—"

"നിനക്കു കാണേണ്ട ആളെ നീ കണ്ടെത്തിക്കോർത്തോ."

"സന്തോഷം! വിശ്വൻ എളിയിൽ കൈകുത്തിനിന്നു "ഉണ്ണിക്കൃഷ്ണനെന്ന പേടിപ്പിക്കാൻ മെനക്കെടരുത്. എനിക്കുപേടിക്കാനറിയില്ല—"

ആൾക്കൂട്ടത്തിനു മേലുവരെ അരണ്ട നിശ്ശബ്ദതയിൽ അമ്മുവിന്റെ ഏങ്ങലടി ആരും കേൾക്കുമാറുണ്ടായിരുന്നില്ല.

വിശ്വൻ അവളോടു പറഞ്ഞു.

'അമ്മു പൊയ്ക്കോ—'

ഉണ്ണിക്കൃഷ്ണൻ പറഞ്ഞു:

'താനവൾക്കൊന്നു കൂട്ടുചെല്ല—!'

'അതിന് അവൾക്കു പേടിയുണ്ടെങ്കിൽ പോരേ?'

അവൾ ഒന്നും മിണ്ടാതെ ഏങ്ങലടിച്ചു കരഞ്ഞു.

"നീയിപ്പോൾ പൊയ്ക്കോ". ഉണ്ണിക്കൃഷ്ണൻ കാറിൽ കേറി വാതിൽ വലിച്ചടച്ചു. കാർസ്റ്റാർട്ടുചെയ്യുന്നതിനിടെയിൽ അവൻ ഭീഷണിമുഴക്കി: "ഞാൻ ഇന്നു വീണ്ടും കാണും".

ഉണ്ണിക്കൃഷ്ണൻ കാറോടിച്ചുപോയി. ആളുകൾ പിരിഞ്ഞു. വഴിവക്കിൽനിന്നു് ഏങ്ങലടിക്കുന്ന അമ്മ ഒരു ജന്മത്തിന്റെ ദുഃഖഭാരത്തോടെ വിശ്വനെ നോക്കി.

★

അവ്യാഖ്യേയമായ ഒരസ്വാസ്ഥ്യം എന്റെയുള്ളിൽ ഒരു അണ്ഡപക്ഷി ചിറകിട്ടടിക്കുന്നു. ഇടയ്ക്കിടെ അതു് എന്റെ അസ്ഥിപഞ്ജരത്തിന്റെ അഴികളിൽ കൊത്തുന്നു.

വിശ്വൻ ഓർത്തു. ഓർത്തോർത്തുകിടന്നപ്പോൾ പകൽക്കിനാവുപോലെ ഒരു സന്ദിഗ്ദ്ധചിത്രം അയാളുടെ ചിന്താമണ്ഡലത്തിൽ ഉരുവായി.

ഇരുളുന്ന ആകാശവിതാനത്തിനുകീഴിൽ ക്രൂരന്മാരുടെ ഭീകരമായ നിഴലുകൾ വളർന്നു് അതിരുകൾ നഷ്ടപ്പെട്ട തരിശുഭൂമിയുടെ മദ്ധ്യത്തിൽ ഭീതിദമായ ഏകാന്തതയിൽ വിധിയുടെയും ശാപത്തിന്റെയും ദുരൂഹമായ ദുഃഖത്തിൽ, ഒരു ജന്മത്തിന്റെ നിരർത്ഥകതയോടെ ശൂന്യതയിൽ കൈകളുയർത്തിനില്ക്കുന്ന ഒരു മനുഷ്യൻ! ഇരുട്ടിൽ മുങ്ങുന്ന ഒരു മനുഷ്യരൂപം ഒരു നിഴൽരൂപം കല്ലിച്ചുപോയ ഒരു ദുഃഖം.

ഒരർദ്ധനിദ്രയിൽനിന്നെന്നപോലെ ആ ചിന്തയിൽനിന്നു് അയാൾ ഞെട്ടിയുണർന്നു. സ്വയം ശാസിച്ചു. താനെന്തിനാണു് ഇങ്ങനെ ഓരോന്നു സങ്കല്പിച്ചുണ്ടാക്കുന്നതു്?

മനസ്സും തീരെ സ്വസ്ഥമല്ല ഈ ലോഡ്ജിൽനിന്നു് എന്തോട്ടെങ്കിലും മാറണം ഈ നഗരത്തിൽ ഒരു വാടകവീടിനുവേണ്ടി ഇന്നലെ മുഴുവൻ അലഞ്ഞു. എങ്ങും ഒഴിഞ്ഞ വീടില്ല. അഥവാ ഉണ്ടെങ്കിൽതന്നെ അവിവാഹിതരായ ഒരു ചെറുപ്പക്കാരനു് ആരും വീടു കൊടുക്കുകയില്ല. ഇന്നു് ഉച്ചവരെ അലഞ്ഞു. ഒടുക്കം ഗേവതിഅയ്യർ മനസ്സില്ലാമനസ്സോടെ സമ്മതിച്ചു. വാടക സ്വല്പം കൂടുപ്പോയെങ്കിലും സാരമില്ല. നഗരത്തിന്റെ ബഹളത്തിൽനിന്നൊഴിഞ്ഞു് ഒരിടത്തു് അങ്ങനെ ഒരു വീടു കിട്ടിയതു് ചെറിയ ഭാഗ്യമല്ല.

താഴെ കാറിന്റെ ഇരമ്പം കേട്ടു. ആരാണു്? വിശ്വൻ എഴുന്നേററു പുറത്തിറങ്ങി വരാന്തയിൽനിന്നു താഴേയ്ക്കു നോക്കിയപ്പോൾ പുത്രൻകാറിൽനിന്നു് ശങ്കരൻനായർ പുറത്തിറങ്ങുന്നു.

അങ്ങോൾ കാണാതിരിക്കാൻ വിശ്വൻ അകത്തേക്കു കേറിപ്പോന്നു.

ഇന്നലെ വർഗ്ഗീസ് പറഞ്ഞതോർത്തു: 'ഈ നഗരം വിലയ്ക്കുവാങ്ങുന്ന ഒരു ദിവസത്തെക്കുറിച്ചായിരിക്കും അയാളുടെ സ്വപ്നം. രാത്രിയിൽ നഗരത്തിന്റെ അലിത്തട്ടുകളിൽ മുത്തും പവിഴവും വിളയുന്ന ആഴങ്ങളിൽ അങ്ങോൾ ഒരു നീരാളിയായി ആയിരം കൈകൾകൊണ്ടു തുഴഞ്ഞു നടക്കും. പകൽ നഗരത്തിന്റെ മുകളിൽ ഒരു കഴുകനായി പറക്കും. ഒരിക്കലും അയാൾക്കുറക്കമില്ല.'

കോണിപ്പടിയിൽ ആരോ കേറിവരുന്ന കാലൊച്ച. വിശ്വൻ, കസേരയിൽ മലർന്നിരുന്നു് മടക്കിവെച്ചിരുന്ന പുസ്തകം നിവർത്തി.

ഏകാന്തപഥികനായ അൽഫോൻസിയോറോക്കൻറായിൻ ക്രൂരമായ ഏകാന്തതയിൽ ഉഴറുമ്പോൾ...

"Look, there's your trump!" what are trumps? Long black spine bent over the game 'Ha ha ha!' What? There's the trump, he's just played it! I don't know, I didn't see.....! 'Yes, I've just played trumps! 'Ah, so hearts are trumps.' He sings softly: 'Hearts are trumps, hearts are trumps,' hea-arts are trumps?

'അച്ഛാ, വിശ്വൻ ഇതിനകത്തുണ്ടോ?'

വിശ്വൻ തലയുയർത്തിനോക്കി. പുറത്തു്, വാതിക്കൽ ശങ്കരൻനായർ നില്ക്കുന്നു. ഇഷ്ടമില്ലാത്ത ഒരാളെ കണ്ടുമുട്ടിയ നീരസം ഉള്ളിലൊതുക്കി വിശ്വൻ കസേരയിൽ നിവർന്നിരുന്നു. ശങ്കരൻനായർ അകത്തേക്കു കേറിവന്നു.

'ഇന്നെന്താ, മഴിവാണോ?'

'അല്ല. ഒരാഴ്ചത്തെ ലീവെടുത്തു.'

'ഉം?'

വെറുതെ.'

അടുത്തുകിടന്ന കസേരയിൽ ശങ്കരൻനായർ ഇരുന്നു. അങ്ങനിക്കെന്തോ പറയാനുണ്ടെന്നു് അയാളുടെ മുഖഭാവത്തിൽനിന്നു വ്യക്തമായിരുന്നു. കണ്ണടയുടെ കട്ടിച്ചില്ലിനുള്ളിൽ വലിയ ആഴത്തിൽ കിടന്നിരുന്നപോലെ അയാളുടെ കൃഷ്ണമണികൾ മിഴിഞ്ഞു. ഒരു മുഖവുരയുംകൂടാതെ അയാൾ പറഞ്ഞു:

"എന്റെ വിശ്വൻ. ഞാനീ ലോഡ്ജ് അങ്ങു നിർത്തിയാലോ എന്നാലോചിക്കയാണു്.''

'അതിനിപ്പോൾ വിശേഷിച്ചുണ്ടായോ?'

ഒന്നാമത്തെ കാരണം. ഇതു് ശരിക്കു നടത്തിക്കൊണ്ടുപോകാൻ കഴിയുന്നില്ല. എന്റെ മകനൊരുത്തനുണ്ടെന്നു പറഞ്ഞിട്ടു പ്രയോജനമില്ല. അവനതു നശിപ്പിക്കുന്നു.'

മുഖത്തിന്റെ ഉത്കണ്ഠിതങ്ങളായ കണ്ണടപൊക്കിവയ്ക്കുന്നതിനിടയിൽ ശങ്കരൻനായർ പെട്ടെന്നു നിശ്ശബ്ദനായി. പിന്നെ സ്വരംതാഴ്ത്തി ചോദിച്ചു:—

'അവനും, വിശ്വനും തമ്മിലെന്തോ വഴക്കുണ്ടായെന്നു കേട്ടു. നേരാണോ?'

വിശ്വൻ അപ്രതീക്ഷിതമായ ആ ചോദ്യം കേട്ടു് ഒന്നു നടുങ്ങി.

'യാദൃച്ഛികമായി അങ്ങനെ സംഭവിച്ചു. എനിക്കതിൽ കുണ്ഠതയുണ്ടു്.'

'എല്ലാം ഞാനറിഞ്ഞു. എന്തുചെയ്യാം. എന്റെ മകൻ ഒരു പെഴയായിപ്പോയി. എന്റെ കർമ്മദോഷം! ശങ്കരൻനായർ നെടുവീർപ്പിട്ടു.

വിശ്വൻ കയ്യിലിരുന്ന പുസ്തകം മടക്കി മേശപ്പുറത്തിട്ടു.

'ശങ്കരൻനായരെ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു ഞാൻ. കുണ്ഠതയൊന്നുമില്ല.'

'ഞാനു പറയാമോ? വിശ്വൻ എവിടെ പോകുന്നു?'

"ഞാൻ ഇന്നുരാത്രി ഇവിടുന്നു മാറുകയാണു്.'

'എങ്ങോട്ടു?'

"വേറൊരു സ്ഥലത്തേക്കു്. കണ്ടുയാ ഞാനു പറയാൻ സാധിച്ചതു നന്നായി.'

"വിശ്വനെന്താണു് പറയുന്നതു? അവൻ കഥയില്ലാതെ വല്ലതും പറഞ്ഞതു് വിശ്വൻ കാര്യമായെടുത്തോ?"

'അതൊന്നുമല്ല. എന്നും ഒരിടത്തുതന്നെ കെട്ടിക്കിടന്നാൽ മനുഷ്യനുഷ്യയും. ഞാൻ വേറെ ഒരു വീടെടുത്തു.'

പുറത്തു കോണിപ്പടിയിൽ ആരോ ഓടിക്കേറുന്ന ശബ്ദം. ഒരു നിമിഷത്തിനുള്ളിൽ.

'അച്ഛാ—'

ഞെട്ടിത്തിരിഞ്ഞു നോക്കുമ്പോൾ, വാതിക്കൽ പരിഭ്രമത്തോടെ ഉണ്ണിക്കൃഷ്ണൻ നില്ക്കുന്നു.

ശങ്കരൻനായരുടെ മുഖം കോടി. പുരികങ്ങൾ ചുളിഞ്ഞു.

'എന്താടാ?'

പറയാനുള്ള പറയാതിരിക്കുന്ന മേലാത്ത അമ്പരപ്പു്, ഉണ്ണിക്കൃഷ്ണന്റെ കണ്ണുകളിൽ കണ്ടു

ശങ്കരൻനായർ ശുണ്ഠിയെടുത്തു.

'മര്യാദിച്ചുനില്ക്കാതെ കാര്യമെന്താണെന്നു പറ.'

'യോഹന്നാനെ പോലീസു പിടിച്ചു.' ശങ്കരൻനായർ ഞെട്ടിത്തിരിക്കുന്നതു് വിശ്വൻ കണ്ടു.

"ആരു പറഞ്ഞു?"

'നൂഹു സാഹിബ് ഫോണിൽ വിളിച്ചു പറഞ്ഞു. ഉടനെ ചെല്ലാൻ'

എന്തിനു?

'എന്തിനാണു് ആ അക്കിറുക്കനെ പോലീസു് പിടിക്കുടിയതു്?' ആരോടു ചോദിക്കാൻ? വിശ്വന്റെ ചോദ്യം ആരും കേട്ടില്ല.

ശങ്കരൻനായർ ധൃതിയിൽ പുറത്തിറങ്ങി. എന്തോ കുഴപ്പമുണ്ടു്. അല്ലെങ്കിൽ ശങ്കരൻനായർ ഇത്ര പരിഭ്രമിക്കേണ്ട കാര്യമില്ല. യോഹന്നാനെ പോലീസു് പിടിക്കുടിയതിനു് ശങ്കരൻനായർക്കെന്തിനാണു് ഇത്ര പേടി?

താഴെ ശങ്കരൻനായർ ആരെയൊക്കെയോ ഫോണിൽ മാറിമാറി വിളിക്കുന്നതു വിശ്വൻ ചെവിയോർത്തു നിന്നു. അക്കിറുക്കനായ ഒരു ഉപദേശിയെ പോലീസു് അറസ്റ്റുചെയ്തതിനു് ഇത്രയൊക്കെ ചേവലാതിപ്പെടേണ്ടതുണ്ടോ?

ശങ്കരൻനായരുടെ കാറു് കാട്ടുഗോറുകൂന്നു്, മിന്നൽപ്പിണറിന്റെ വേഗത്തിൽ പായുന്നതു കണ്ടു.

(തുടരും)

ഒരിന്ത്യൻ വിദ്യാർത്ഥി അമേരിക്കയിൽ

രണ്ടു്

അക്കാലത്തു് "ഹൈജാക്കിംഗ്" വളരെ സാധാരണമായിരുന്നു. അതുകൊണ്ടാണ് സെക്യൂരിറ്റി ഉദ്യോഗസ്ഥന്മാർ ഇത്ര കർശനമായ പരിശോധന നടത്തിയതു്. ആരെങ്കിലും തോക്കോ കൈബോംബോ കൊണ്ടുവന്നിട്ടുണ്ടോ എന്നു് നോക്കുകയായിരുന്നു അവർ.

വിമാനത്തിനുള്ളിൽ മറ്റൊരു ലോകമാണു് കണ്ടതു്. ആദ്യമായിട്ടാണു് ജംബോ—747 ബോയിംഗ് ജെററിൽ കയറുന്നതു്. ഉള്ളിൽ നമ്മുടെ നാടൻശൈലിയിൽ പറഞ്ഞാൽ പത്തുകളിക്കാനുള്ള സ്ഥലമുണ്ടു്. സാധാരണ ബോയിംഗ് 707-ജെററിൽ ഇട്ടങ്ങിയ ആറു സീററാണു് ഒരു വരിയിലുള്ളതു് ജംബോയിൽ വിസ്തൃതമായ ഒമ്പതു സീററുകളുണ്ടു്. മൊത്തം 600 പേർക്കു് സുഖമായി യാത്രചെയ്യാവുന്ന ഒരു വലിയ ആകാശക്കപ്പൽതന്നെ. ഒപ്പം കിളിർക്കളെപ്പോലുള്ള എയർ ഹോസ്റ്റസുകൾ ഇറക്കംകുറഞ്ഞ ഇളംമഞ്ഞക്കുപ്പായവും ഏകദേശമായ പുഞ്ചിരിയുമായി യാത്രക്കാരെ എതിരേററു് സീററിലേക്കു് ആനയിച്ചും എല്ലാവരും ഇരുന്നു. "സീററ് ബെൽററു മുറുക്കുക, പുകവലി നിർത്തുക." എന്ന ചുവരെഴുത്തു് തിളങ്ങി. യാത്രക്കാരെല്ലാവരും അങ്ങനെ ചെയ്തു. 'പാൻഅമേരിക്കൻ ജംബോയിലേക്കു് നിങ്ങളെ സ്വാഗതംചെയ്യുകയും നിങ്ങൾക്കു സുഖമായയാത്ര നേരുകയും ചെയ്യുന്നു.' ഉച്ചഭാഷിണിയിലൂടെ കിളിനാദം ഒരു ഉദ്യോഗസ്ഥമററൊരുവിമാനത്തിലെയും പോലെ "രക്ഷാമന്ത്രങ്ങൾ" യാത്രക്കാരെ കാണിച്ചു. അപകടസന്ധിയിൽ ജീവരക്ഷാർത്ഥം എന്തൊക്കെ ചെയ്യണമെന്നു് വാക്യങ്ങളിലും ആംഗ്യങ്ങളിലുമായി അവർ പ്രകടിപ്പിച്ചു. പലപ്രാവശ്യം ഇതു് കണ്ടതുകൊണ്ടു് പലയാത്രക്കാർക്കും ഇതിൽ പുതുമയില്ല. അപകടസന്ധി ഉണ്ടാവാതിരിക്കട്ടെ എന്നു് പ്രാർത്ഥിച്ചുകൊണ്ടു് ഞാൻ സീററിൽ സുഖമായി മലർന്നുകിടന്നു. സീററിന്റെ വശത്തുള്ള ഒരു ബട്ടൺ അമർത്തി പിന്നോട്ടു് കുറേക്കൂടെ ചാരി. അപ്പോൾ സമയത്തിനകത്തുള്ളിൽ വിമാനം ഉയർന്നു. സീററ് ബെൽററ് അഴിച്ചിടാമെന്നു് നിർദ്ദേശം കിട്ടി. പുകവലിക്കാം.

അതാ ഹോസ്റ്റസുകൾ ഇയ്യാംപാററകളെപ്പോലെ ഓരോ നിരയിലും കൊച്ചുപുസ്തകവുമായി എത്തിക്കഴിഞ്ഞു. എന്തൊക്കെ കഴിക്കണം. എന്തൊക്കെ കുടിക്കണം. ഓർഡർ എഴുതി എടുക്കുകയാണു്. കുടിക്കാൻ വേണ്ടതു് മദ്യമാണെങ്കിൽ കാശു കൊടുക്കണം. നല്ല ഷാംപെയിൻ ഉണ്ടുപോലും ഒന്നു രുചിക്കണമെന്നു് ഉള്ളിൽ ആഗ്രഹമുണ്ടു്. ജീവിതത്തിൽ ഒരിക്കൽപോലും ഷാംപെയിൻ കുടിച്ചിട്ടില്ല. ഇപ്പോൾ ഉദ്യോഗസ്ഥനല്ല. വിദ്യാർത്ഥിയാണു്. കയ്യിൽ കഷ്ടിച്ചു് പോർട്ടർ കൂലിക്കുള്ള (പോർട്ടറെ കിട്ടിയാൽ) രൂപയേ ഉള്ളു. അല്ലെങ്കിലുണ്ടു് മിനക്കേടുകൂലിക്കു ചെന്നിറങ്ങാൻ പോകുന്നതു്. ലോകത്തിലെ ഏററവും വലിയ നഗരത്തിലാണു്, ന്യൂയോർക്കിൽ! സ്നേഹിതനു് മിസ്സിസ് തിരുക്കാൾസൺ അയച്ചു കമ്പിക്കിട്ടിയതെ വന്നാലോ? കമ്പി കിട്ടിയാലും തക്കസമയത്തു് ന്യൂജെർസിയിലുള്ള ന്യൂവർക്കിൽനിന്നു ന്യൂയോർക്കിൽ എത്താൻ പററിയില്ലെങ്കിലോ? മുകളിലോട്ടു നോക്കിയാൽ ആകാശം. താഴെ രൂപി നട്ടുക്കു് എട്ടു ഡോളറുമായി വിളക്കിലം ന്യൂയോർക്കിൽനിന്നു് ഫിലഡെൽഫിയയിൽ എത്താൻ ടിക്കററുണ്ടു്. പക്ഷേ, വലിയ തിക്കും തിരക്കുമുള്ള ന്യൂയോർക്കു് വിമാനത്താവളത്തിൽ പെട്ടിയും പ്രമാണവും കൺവേയർവഴി നമ്മുടെ പക്കലെത്താൻ കുറഞ്ഞതു് മുക്കാൽ മണിക്കൂർ വേണ്ടിവരും. അതു കഴിഞ്ഞു് നാഷണൽ എയർലൈൻസ് കൗണ്ടർ കണ്ടുപിടിക്കണം. ഇതെല്ലാം കഴിയുമ്പോഴേക്കും ഫിലഡെൽഫിയയ്ക്കുള്ള വിമാനം പൊയ്ക്കളയും. പിന്നെ ന്യൂയോർക്കിൽ ചുരുണ്ടുകൂടണമെങ്കിൽ പൈസവേണം, ഉള്ളകഞ്ഞിയിൽ പാററ ഇടേണ്ടി! ഷാംപെയിൻവേണ്ട 'ഇങ്ങനെപോയി ചിന്ത.

മദിരാക്ഷി മദ്യവുമായി അടുത്ത സീററിലേക്കു് നീങ്ങി. വിളക്കിലം ചുണ്ടുനനച്ചു. ലെമണേഡുകൊണ്ടു്! ഫ്രീയാണു്! സന്തോഷം, അപ്പോഴതാ മറെറാരു സുന്ദരി വരുന്നു. കയ്യിൽ ഇയർഫോണുകളുമായി അടുത്തു ചെവിയിൽ ഘടിപ്പിച്ചു് സീററിലിരുന്നാൽ അല്ലെങ്കിൽ മുകളിലായി വച്ചിട്ടുള്ള സ്ക്രീനിൽ പ്രദർശിപ്പിക്കാൻപോകുന്ന സിനിമ കാണുകയും സംഭാഷണം കേൾക്കുകയും ചെയ്യാം. ഇയർഫോൺ ഘടിപ്പിക്കാതെയും സിനിമ കാണാം. രണ്ടര ഡോളറേയുള്ളു ഇയർഫോൺ വയ്ക്കുന്നതിനു്! സിനിമ കഴിയുമ്പോൾ തിരികെ കൊടുക്കുകയും ചെയ്യാം. സിനിമ ഫ്രീയാണു് — സംഭാഷണവും പാട്ടും ഇല്ലാതെ, ചുരുക്കത്തിൽ ഫ്രീസിനിമ കാണാൻ രണ്ടരഡോളർ വേണമെന്നു് സാരം! ഷാംപെയിനിനു് ഒരു ഡോളർ ഇരുപത്തഞ്ചു് സെന്റു് മുടക്കാൻ മടിച്ചു മുതലാളിയുണ്ടോ സിനിമയ്ക്കു് രണ്ടരഡോളർ മുടക്കുന്നു! സിനിമയും വേണ്ട.

സുഖമായ നിദ്രയാണു് എന്നുക്കാവശ്യമെന്നു് ശരീരം മന്ത്രിച്ചു ജനവരി ഒന്നാലം തീയതിമുതലു ശരിക്കു് ഉറങ്ങിയിട്ടില്ല ഡിന്നർകഴിഞ്ഞു് ജംബോ സീററിൽ നല്ലുറപോലെ ചാരികിടന്നു. സിനിമയുടെ ആദ്യഭാഗം കണ്ടു. എന്താണു് കണ്ടതെന്നു് ഇപ്പോഴും ഓർമ്മയില്ല. അടുത്തിരുന്ന പ്രായംചെന്ന ഒരു മഹാത്മനു് എന്റെ ക്ഷീണം മനസ്സിലായെന്നു് തോന്നുന്നു. അവർ അപ്പുറത്തുള്ള കഴിഞ്ഞ സീററിലേക്കു് മാറി ഇരുന്നുകൊണ്ടു പറഞ്ഞു: നിങ്ങൾക്കു് വളരെ ക്ഷീണമുണ്ടെന്നു തോന്നുന്നു. (എന്റെ കൂടെക്കൂടെയുള്ള കോട്ടുവായിട്ടിൽ ആയിരിക്കണം അവർക്കു് ഇക്കാര്യം മനസ്സിലാക്കിക്കൊടുത്തതു്. സംസാരിക്കാതെയും കമ്യൂണിക്കേഷൻ നടക്കുമെന്നുള്ളതു് എത്ര ശരിയാണു്!)

'അതേ! എനിക്കു് മൂന്നാലു ദിവസത്തെ ഉറക്കം ബാക്കികിടക്കുന്നു.' 'ഉറങ്ങിക്കോളൂ. ഈ സിനിമ അത്ര രസമുള്ളതല്ല. ഞാൻ വെറുതേ രണ്ടരഡോളർ കൊടുത്തു. 'ഇയർഫോൺ തടവിക്കൊണ്ടു് അവർ പറഞ്ഞു. 'വിഷ് യു എ ഗുഡ് സ്ലീപ്പ്.'

'താങ്ക് യു മാഡം' ഞാൻ ഉറങ്ങി.

'ഇതാ! ന്യൂയോർക്കു് എത്തി.' എന്റെ ചുമലിൽ തട്ടിക്കൊണ്ടു് വലിയമ്മ എന്നെ ഉണർത്തി. നല്ല സ്ത്രീ. അവർക്കു് അത്രയും വാത്സല്യം കാണിക്കാൻ തോന്നിയല്ലോ. അവർക്കു് അകമഴിഞ്ഞു് നന്ദിപറഞ്ഞു.

ഞാൻ വെളിയിലേക്കു നോക്കി. കൂരിരുട്ടിലെ നഗരത്തിലെ വിളക്കുകൾ മിന്നാമിന്നുങ്ങൾപോലെ തിളങ്ങുന്നു. കടലിൽ ശോഭയേറിയ മുത്തു വിതറിയതുപോലെ തോന്നി. അററ്ലാന്റിക്കു് മഹാസാഗരത്തിനു് മീതേ അഞ്ചു് മണിക്കൂർ പറന്നു് ജംബോ ഇതാ മറെറാരു ജനസാഗരത്തിലേക്കു് ഇറങ്ങാൻ തുടങ്ങുന്നു. ലോക്കൽ

ജെവി വീളനിലം

സമയം ഒമ്പതരയേ ആയിട്ടുള്ളു. ഞാൻ വാച്ചുതിരിച്ചു സമയം ശരിപ്പെടുത്തി.

ലണ്ടനിൽനിന്നു് കയറിയ ഇന്ത്യൻവിദ്യാർത്ഥികളെ പിന്നെ കണ്ടില്ല. അവർ ആ വലിയ വിമാനത്തിന്റെ മറെറാരു ഭാഗത്തായിരിക്കണം ഇരുന്നതു്. ന്യൂയോർക്കിൽ ഇറങ്ങുമ്പോൾ സ്നേഹിതനെ കണ്ടില്ലെങ്കിൽ അല്ലും കഴുങ്ങും. ഏതു് ഒമ്പതരമണിക്കു് ഓരോരോ പെട്ടിയും സഞ്ചിയും ഓവർക്കോട്ടും വഹിച്ചു് വഴിമുട്ടി നില്ക്കേണ്ടിവന്നാലോ? "ബെൽററുമുറുക്കുക

"ഹിപ്പികളുടെ കൂട്ടത്തിൽപെട്ടതു ഒരു വിദ്യാർത്ഥിനി.
ഇന്ന വേഷമേ ധരിക്കൂ എന്ന് നിർബ്ബന്ധമില്ല. ആകെക്കൂടെ അലക്ഷ്യഭാവമാണ്.
ലഹരി കഴിഞ്ഞു് പുൽത്തകിടിയിൽ വിശ്രമിക്കുന്നു.

പുകവലിനിർത്തുക ചുവന്ന അക്ഷരങ്ങൾ തിളങ്ങി. വിമാനം സാവധാനത്തിൽ നിലം തൊട്ടു.

ഓവർക്കോട്ട് ധരിച്ചു. സഞ്ചി തോളിൽതൂക്കി. പഴമുറംപോലുള്ള മെഡിക്കൽ റിപ്പോർട്ടും 'നവഇന്ത്യ' എന്ന തടിയൻ പുസ്തകവും മാറു് പുസ്തകങ്ങളും മാറോടണച്ചു് കോവണിവഴി നേരേ കെട്ടിടത്തിനുള്ളിൽ പ്രവേശിച്ചു. ബാഗേജ് കൗണ്ടറിനെ ലക്ഷ്യമാക്കി നടന്നു. എങ്ങും ജനപ്രവാഹം. വിമാനങ്ങൾ താഴുന്നു. പൊങ്ങുന്നു. ബഹളം. ബാഗേജ്കൗണ്ടറിൽ പ്രതീക്ഷിച്ചതുപോലെ മുക്കാൽ മണിക്കൂർ ചെലവഴിക്കേണ്ടിവന്നു പെട്ടി കൺവേയർ വഴി വന്നു. തൂക്കിയെടുത്തു. ജീവിതത്തിൽ ഒരിക്കൽപോലും ഇത്രയും ഭാരം രണ്ടാമതൊന്ന് തൂക്കേണ്ടിവന്നിട്ടില്ല. എന്തുചെയ്യാം. പോർട്ടറന്മാരില്ലാത്ത പാശ്ചാത്യരാജ്യങ്ങൾ. ഉണ്ടെങ്കിൽതന്നെ അവർക്ക് കൊടുക്കാനുള്ള പൈസയുണ്ടോ?

കസ്റ്റംസ് പരിശോധന വേഗം കഴിഞ്ഞു. മെഡിക്കൽറിപ്പോർട്ട് തുറന്നു നോക്കിയില്ല. പുറംചട്ടകൊണ്ടുതന്നെ ഞാൻ വിദ്യാർത്ഥിയാണെന്ന് മനസ്സിലായി. ചില ഫാറങ്ങൾ പൂരിപ്പിച്ചു. എൻട്രി വിസാ പാസ്പോർട്ടിൽ മുദ്രണം ചെയ്തു. മണിപത്തുകാലായി. പത്തരയ്ക്കാണ് നാ

(ശേഷം 41-ൽ)

ഇരുട്ടത്തിരുന്നു്

കൈകൊണ്ടു് തലമുടി പിറകോട്ടു് കോതിയൊതുക്കി, കണ്ണട നേരേയാക്കി അയാൾ കയറിവന്നു.

സുധയ്ക്കു് ആശ്വാസമായി. അവൾ ജനലിന്നരികിൽ നിഴലിൽ ഞാൽക്കിനില്ക്കയായിരുന്നു. വരും എന്നറിയാമായിരുന്നു. വാക്കു പാലിക്കും എന്നുറപ്പുണ്ടായിരുന്നു. എങ്കിലും ആശങ്കതോന്നി——

'ഇങ്ങോട്ടേക്കുള്ള വഴി മറന്നിട്ടില്ലല്ലോ?'

അച്ഛൻ കസാലയിൽനിന്നെഴുന്നേററു. സത്യൻ ലോകത്തോടെ ഒന്നു ചിരിച്ചു. മുഖത്തു് ഗൗരവമായിരുന്നു. അയാൾ കസാലയ്ക്കൽ ഇരുന്നു. നേർത്ത ചുവന്നകരയുള്ള ഡബ്ബിൾമുണ്ടും വെള്ളഷർട്ടും. ഷർട്ടിന്റെ കൈകൾ പതിവുപോലെ മുട്ടിനു മുകളിൽ മടക്കിവെച്ചിരുന്നു.

കൂട്ടം തെററി മേയുന്നവർ

ഷർട്ടിന്റെ കീശയിൽ വിൽസിന്റെ പേക്കററ്കാണാം. അയാൾ അതു് പുറത്തെടുത്തു. പിന്നീടു് എന്തോ ആലോചിച്ചുകൊണ്ടു് കീശയിൽതന്നെ വെച്ചു.

'തീപ്പെട്ടിവേണോ?'

'വേണ്ട. ഇപ്പം വലിച്ചതേയുള്ളു.'

'കേൻസറു് വരുംന്നല്ലേ പറയുന്നതു്——'

അയാൾ വെറുതെ ഒന്നു ചിരിച്ചു.

അകത്തു് സുധ. കാലൊച്ചകേട്ടു.

'കുട്ട്യോളുടെ പഠിപ്പെങ്ങിനേണു്?'

'ഉഷ ഇക്കൊല്ലം ജയിച്ചു. സുധയാണതിനു കാരണം.'

അച്ഛന്റെ മുഖത്തെ ചിരി മാഞ്ഞു. മുഖത്തെ കററ്ററോമങ്ങളിൽ തലോടി തല കുനിച്ചിരുന്നു.

'കുട്ടികൾക്കു് സുധയെ വലിയ കാര്യമാണു്——'

അതു പറയുമ്പോൾ അയാൾ ജനലിന്നരികിൽ ഞാൽക്കുമെന്നു് അവൾ കരുതി. അതുണ്ടായില്ല.

അവൾ ജനലിന്നരികിൽനിന്നു മാറിയില്ല. അച്ഛന്റേയും മാസ്റ്ററുടേയും സംസാരം കേട്ടുകിന്നു. അച്ഛനാണു് അധികം സംസാരിച്ചതു്. അതു് ബോധപൂർവ്വമാണെന്നു് തോന്നി. ഉള്ളിലെ ആശങ്ക മറച്ചുവെക്കുവാൻ നോക്കുകയായിരിക്കും.

മുത്ത ചായ കൊണ്ടുവന്നു. ചായ കുടിച്ചു്, തുവാലകൊണ്ടു് ചിറ്റുതുടച്ചു്, സത്യൻമാസ്ററർ ദൂരെ നോക്കിയിരുന്നു. അവർക്കിടയിൽ പെട്ടെന്നു് ഒരു നിശ്ശബ്ദത ഉറഞ്ഞുവന്നു. സമയമായി—അവൾക്കു തോന്നി. കാതുകളിൽ സ്വന്തം ഹൃദയമിടിപ്പു് നിറഞ്ഞുവരുന്നതായി അനുഭവപ്പെട്ടു.

'ഒരു കാര്യം പറയാനാണു് ഞാൻ വന്നതു്...'

"എന്താണു് സത്യാ?"

'ഞാൻ സുധയെ വിവാഹംകഴിക്കുവാൻ ആഗ്രഹിക്കുന്നു.'

ചെവിടൊത്തുനല്കുന്ന അവൾ പെട്ടെന്നു് ഓടി കിടക്കയിൽ ചെന്നുവീണു. ആ വീഴ്ചയിൽ തലമുടി കെട്ടഴിഞ്ഞു് ചിതറി.

'സത്യൻ ബോധത്തോടെതന്നേയാണോ സംസാരിക്കുന്നതു്?'

അച്ഛൻ ബെഞ്ചിൽനിന്നെഴുന്നേററു് കോലായിലൂടെ നടന്നു. അയാൾ തന്റെ അമ്പരപ്പിൽനിന്നും പരിഭ്രമത്തിൽനിന്നും മോചനം നേടാൻ ശ്രമിക്കുകയായിരുന്നു. കോലായുടെ അങ്ങേയററത്തു് എത്തിയപ്പോൾ അയാൾ അവിടെനിന്നു.

അല്പനേരം കഴിഞ്ഞപ്പോൾ അയാൾ തിരിച്ചുവന്നു. മനസ്സിലെ ഞാലുഭാഗത്തുനിന്നും കടിഞ്ഞാണകളിട്ടു് പിടിച്ചിരുന്നു.

'നിങ്ങൾ തമ്മിൽ പ്രേമത്തിലാണോ?'

നോവൽ

എം. മുകുന്ദൻ

'എനിക്കറിയില്ല' സത്യൻ മറുപടിപറഞ്ഞു. 'ഞങ്ങൾക്ക് പരസ്പരം ഇഷ്ടമാണ്.'

വീണ്ടും രണ്ടുനിമിഷത്തെ മൗനം.

'എന്റെ മകൾക്ക് അതിനുള്ള യോഗ്യതയുണ്ടോ?'

"സുധ എന്നേക്കാൾ പഠിപ്പുള്ളവളാണ്. ഞാൻ കോളേജിലെന്റെ പടി കണ്ടിട്ടില്ല. ഞാനല്ലേ അവളെ അർഹിക്കുന്നതു്?'

'പഠിപ്പല്ലല്ലോ ഇക്കാലത്തു് കാര്യം സത്യം?'

അവർ വീണ്ടും സംസാരിച്ചിരുന്നു. വാതിൽപ്പടിയിൽനിന്നു് മുത്തച്ഛൻ എല്ലാം കേട്ടു. അദ്ദേഹം സ്വന്തം കാതുകളെ വിശ്വസിക്കുവാൻ കഴിഞ്ഞില്ല.

സത്യൻ ഇറങ്ങാൻഭാവത്തു് അച്ഛനുകൂടെ മുററത്തിറങ്ങി.

"എല്ലാം നല്ലതുപോലെ ആലോചിച്ചിട്ടു മതി.'

"ഞാൻ ആലോചിച്ചിരിക്കുന്നു".

അയാളുടെ കണ്ണുകുഴിച്ചിലുകളിൽ ആദ്യമായി ചിരിപരന്നു. സത്യൻ പോയപ്പോൾ അച്ഛൻ സുധയുടെ മുറിയിൽ ചെന്നു. അഴിഞ്ഞുവീണ കിടക്കുന്ന തലമുടിയോടെ. കണ്ണുകാലുകളിൽ കയറിക്കിടക്കുന്ന സാരിയുടുത്തായി, അവൾ അപ്പോഴും കമഴ്ന്നുകിടക്കുകയായിരുന്നു. അവൾ ഉറങ്ങുകയായിരുന്നോ? അഥവാ ഉണർന്നുകിടക്കുകയോ?

അയാൾ ഒരുനിമിഷം അതു നോക്കിനിന്നു. തിരിഞ്ഞുനടന്നപ്പോൾ മുത്തച്ഛനാണ് കണ്ടതു്.

"എടത്തി കേട്ടല്ലോ."

"നമ്മുടെയെല്ലാം ഭാഗ്യം."

"സത്യന്റെ തറവാട്ടിൽ കയറിച്ചെല്ലാനുള്ള ഭാഗ്യം സുധയ്ക്കുണ്ടോ?"

എത്രയോ ദിവസങ്ങൾ കഴിഞ്ഞുപോയി. ഓണിൽ നടന്ന യുക്തിവാദികളുടെ സമ്മേളനം കഴിഞ്ഞു് തിരിച്ചുവരുമ്പോൾ പാതിരാവായിതന്നു കോലായിൽ ചാരുകസാലയിൽ കിടക്കുന്നുണ്ടായിരുന്നു അച്ഛൻ.

"അച്ഛനുറങ്ങിയില്ലേ?"

"എനിക്കുറക്കം വിധിച്ചിട്ടില്ല."

സത്യൻമാസ്റ്റർ വന്നു് പോയതിനു ശേഷം ഉറക്കമില്ല രണ്ടുമണിവരെയും മൃന്മണിവരെയുമെല്ലാം കണ്ണുതുറന്നു് കിടക്കും. ചിന്തകൾ പുഴുക്കളെപോലെ പെററുപെരുകുന്നു. ആശങ്ക, ആഹ്ലാദം, ദുഃഖം, ഭയം:...

"വൃശ്ചികത്തിലല്ലേ കല്യാണം എന്നാ ഓന്റെ ആൾക്കാരു് പറയുന്നതു്.'

'ഒരുമാസം തികച്ചുമില്ലല്ലോ അച്ഛാ—'

'അഞ്ചാറു് പവനെങ്കിലും കാതിലും കഴുത്തിലും വേണ്ടേ? നാലാളെയെങ്കിലും വിളിച്ചിരുത്തി ചോറു് കൊടുക്കാണ്ടേ?'

ചുരുങ്ങിയാൽ ഒന്നുരണ്ടായിരം ഉറുപ്പിക യെങ്കിലും ഉണ്ടാക്കണം. അതിനെവിടെ പോകും. കക്കാൻ പോകാനോ?

'റജിസ്ററാറ് മതിന്നല്ലേ സത്യൻ മാസ്റ്ററു് പറഞ്ഞതു്?'

"ഞമ്മുടെ ദാരിദ്ര്യോം ബുദ്ധിമുട്ടുംകണ്ടിട്ടാ ഓരങ്ങനെ പറഞ്ഞതു്. പെണ്ണായി ചെലവാണ് എനിക്കില്ല..."

റജിസ്ററർ വിവാഹം അപൂർവ്വമാണ്. വീട്ടുകാരുമായി കലഹിച്ചിറങ്ങുന്നവരാണ് അതിനു തുനിയുക, അല്ലെങ്കിൽ മരണംപോലുള്ള എന്തെങ്കിലും അത്യാഹിതം സംഭവിക്കുമ്പോൾ...

മാത്രമല്ല. റജിസ്ററർവിവാഹം മതിയെന്നു് സത്യൻമാസ്ററർ ഇടങ്ങാട്ടു് പറയുകയാണ് ചെയ്തതു്. അച്ഛനും അതു് മുറിവേൽപ്പിച്ചുകാണും.

മാസ്ററർ വീട്ടിൽ വന്നതിന്റെ പിറേറന്നുതന്നെ അയാൾ ശേഖരനെ കാണുവാൻ ചെന്നു. സന്ധ്യകഴിഞ്ഞ നേരം പുരുഷത്തു് ഡോക്ടറുടെ നിലാവു് പരന്നുകിടന്നിരുന്നു. ശേഖരൻ ഷേണായിയുമായി സംസാരിച്ചിരിക്കുകയായിരുന്നു.

കണ്ടപ്പോൾ ശേഖരൻ എഴുന്നേററു നിന്നു.

വല്ലപ്പോഴുമേ അങ്ങോട്ടു് ചെല്ലാറുള്ളു. ചെന്നാൽ അറിയാം—എന്തെങ്കിലും വിശേഷം കാണും.

ഷേണായിയും ശേഖരനും നാട്ടുകാര്യങ്ങൾ സംസാരിക്കുകയായിരുന്നു കൂട്ടത്തിൽ ചേരുവാൻ കഴിഞ്ഞില്ല. ഷേണായി പോകുന്നതുവരെ കാത്തിരുന്നു. എട്ടുമണിയായി അയാൾ പോകുമ്പോൾ.

'സുധയ്ക്കു് ഒരാലോചനയുണ്ടു്.'

ശേഖരന്റെ മുഖം പ്രസന്നമായി. വാതിൽപ്പടിയിൽ മതിയുടെ അമ്മയുടെ മുഖം പ്രത്യക്ഷമായി.

'എവിടുന്നാ?'

'മാളികേലെ സത്യൻ.'

ശേഖരനും ശാരദയും മിഴിച്ചുനോക്കുന്നതു് അയാൾ കണ്ടു. സത്യന്റെ മുഖത്തുനിന്നു് അതു് കേട്ടപ്പോൾ ഇതേ വിശ്വാസക്കുറവായിരുന്നില്ലേ തനിക്കുണ്ടായിരുന്നതു്?

"അവർ തമ്മിലു് ഇഷ്ടത്തിലായിരുന്നോ?"

'ഉം.'

"നന്നായി, നന്നായി—"

ശേഖരൻ ആഹ്ലാദത്തോടെ, ആവേശത്തോടെ, ടിപ്പോയിയിന്മേൽ കിടന്നിരുന്ന സിഗരററ്ടിൻ എടുത്തു് തുറന്നു. ശാരദയുടെ കണ്ണിലും സന്തോഷം മിന്നുന്നുണ്ടായിരുന്നു.

ഇതുവരെയും എന്റെ മകൾ ഭാഗ്യംകെട്ടവളായിരുന്നില്ലേ? അമ്മയില്ലാതെ വളർന്നവൾ. ഉടുക്കാനും ഇടാനും ഇല്ലാതെ വളർന്നവൾ. ഇനിയെങ്കിലും ഭാഗ്യം അവളെ അനുഗ്രഹിക്കട്ടെ.

ശേഖരന്റെ വീട്ടിൽനിന്നിറങ്ങുമ്പോൾ മണി പതിനൊന്നായിരുന്നു.

ചടങ്ങുകൾ ഒന്നൊന്നായി കഴിഞ്ഞു. ഇനി നിശ്ചയം മാത്രം ബാക്കി. അതിനു മുമ്പു് പണം കൈയിലുണ്ടായിരിക്കണം.

'ഞാൻ സഹായിക്കാം.' ശേഖരൻ മുന്നോട്ടുവന്നു. 'കല്ല്യാണം ഞാൻ നടത്തിത്തരാം.'

ഷേണായിയുടെ കൈയിൽനിന്നു കടം വാങ്ങുമ്പോൾപോലും ശേഖരന്റെ മുമ്പിൽചെന്നു് ഒന്നും ചോദിച്ചിട്ടില്ല. അഭിമാനമായിരുന്നു വലുതു്. ഇന്നിപ്പോൾ—

"ഞാനൊന്നുമല്ല."

'പണമുണ്ടായിരുന്നു ഉറുപ്യയുടെ കാര്യമാ,'

'അതെനിക്കറിഞ്ഞുകൂടെ?'

'നിയ്യെനിക്കു് കടം തന്നാലു് മതി.'

'കടമോ? ഏട്ടനെന്താ ആരെങ്കിലോ സംസാരിയ്ക്കുന്നതു്?'

'ആകാവുന്നകാലത്തു് ഞാൻ തിരിച്ചു തരും.'

ശേഖരന്റെ മുഖം വല്ലാതെ ഇരുണ്ടു. തന്നെ അന്യനായി കരുതുന്നതു് എന്നു് അയാൾ വീണ്ടും അപേക്ഷിച്ചു. പക്ഷേ,

പ്രകാശന്റെ അച്ഛൻ വഴങ്ങിയില്ല...

ദിവസങ്ങൾ വീണ്ടും കടന്നുപോകുന്നു.

'ഞാനൊരു വഴി കണ്ടിട്ടുണ്ടു്.' അയാൾ മകന്റെ മുഖത്തുനോക്കി. 'ഷേണായിയോടു് സംസാരിച്ചു. ആവശ്യമുള്ള പണം അയാളു തരും. പുര പണയംവെക്കാം.'

അഭിമാനിയായ അച്ഛൻ.

വിവരം അറിഞ്ഞപ്പോൾ ശേഖരൻ ഓടിവന്നു, അയാൾ ക്ഷുഭിതനായിരുന്നു

'എന്നേക്കാൾ വലുതാ ആ ഷേണായി ഏന്നു് അല്ലേ?'

'ശേഖരൻ പണം തരാം.' അച്ഛൻ ശാന്ത

നായി പറഞ്ഞു. 'പകരം പുര തരാം.'

അതു് ശേഖരനെ കൂടുതൽ ക്ഷുഭിതനാക്കുക മാത്രമാണു ചെയ്തതു്.

'മരിച്ചുപോയ ഏടത്തിയെ വിചാരിച്ചെങ്കിലും ഏട്ടൻ വാശിപിടിക്കരുതു്.'

'പുര പണയം വാങ്ങുന്നതിനു് നിന്നെക്കൊന്നാ വിരോധം?'

അയാൾ മറുപടി പറഞ്ഞില്ല. ചിന്തിച്ചിരുന്നു.

"അമ്മയ്ക്കാരു കാര്യം ചെയ്യും." അയാൾ സ്വരം താഴ്ത്തിക്കൊണ്ടു പറഞ്ഞു. 'കല്ല്യാണം ഞാൻ നടത്താം. ചിലവായ പണം എന്നെങ്കിലും ഏട്ടൻ തിരിച്ചുതന്നാൽ മതി.'

'അതിനെനിക്കു് കഴിവില്ലല്ലോ.'

'പ്രകാശനില്ലേ? ഇനല്ലെങ്കിൽ നാളെ അവനൊരു വഴിക്കാകില്ലെന്നു് ആരു കണ്ടു?'

ഇത്തവണ അച്ഛനാണു് മൗനിയായതു്.

"എല്ലാം ഏട്ടന്റെ ഇഷ്ടംപോലെ." അവസാനം ശേഖരൻ തോററു. 'എനിക്കു പറയാനുള്ളതു് ഞാൻ പറഞ്ഞു.'

അയാൾ അസുഖത്തോടെയാണു് ഇറങ്ങിപ്പോയതു്.

ഷേണായിമാരുടെ വീട്ടിൽ ആധാരം എഴുതിക്കാനായി ചെല്ലുമ്പോൾ പ്രകാശനു് കുടേയുണ്ടായിരുന്നു. അച്ഛന്റെ ധർമ്മസങ്കടം കാണുന്നുണ്ടായിരുന്നു സ്വന്തം നിസ്സഹായതയെ ചൊല്ലി ഇത്രയധികം ഒരിക്കലും ദുഃഖിച്ചിട്ടില്ല. സ്വന്തം വെറുക്കുന്ന ദിവസങ്ങൾ.

ഞാൻ ജനിച്ചുവളർന്ന വീടു്. എന്റെ അമ്മയുടെ ആത്മാവു് കുടിയിരിക്കുന്ന വീടു്... ഇന്നുമുതൽ ഷേണായിയുടെ തിഴൽ അതു നമുക്കുള്ളിൽ ഇരുട്ടുവീഴ്ത്തും അമ്മയുടെ ആത്മാവിന്റെ അധികാരിയായി മാറില്ലേ അയാൾ?

ഷേണായിയുടെ കടം ഞാൻ വീട്ടും. എന്റെ അമ്മയുടെ ജീവൻ കുടിയിരിയ്ക്കുന്ന മണ്ണു് ഞാനയാൾക്കു് വിട്ടുകൊടുക്കില്ല...

ഉള്ളിലെ ശബ്ദത്തിന്റെ ആഘാതത്തിൽ വിയർത്തുകുളിച്ചു.

* * *

കസവുസാരിയ്ക്കുതാഴെ തുടുത്ത കാലടികൾകാണാമായിരുന്നു. മുല്ലപ്പൂക്കൾചൂടിയ തലമുടിയിൽനിന്നു വിയർപ്പുതുള്ളികൾ ഊറിനൊഴുകിക്കൊണ്ടിരുന്നു. മഷിയിട്ട മനോഹരമായ കണ്ണുകൾ.

'പോകട്ടെ?'

'പോയിവരൂ മോളെ?'

ആശീർവ്വദിയ്ക്കാനെന്നവണ്ണം അച്ഛന്റെ വലതുകൈ അല്പം ഉയർന്നു.

"ഏടത്തി പോകട്ടെ?"

തലകുലുക്കുവാൻ മാത്രം കഴിഞ്ഞു. ഞാനെന്തുമാത്രം സെൻറിമെൻറൽ—

മുമ്പിൽ സത്യൻമാസ്റ്റർ നടന്നു. അയാളുടെ ദാരം ചേന്നു് സുധയും. വിജനമായ നിരത്തിലൂടെ സാവധാനം നടന്നു് അവർ അപ്രത്യക്ഷരായി.

—*—

Even the great command of god was ignored. Irresistible force of desire to please woman worked wonders. Adam committed the first sin. Appeal to that desire alone would have worked. Satan knew it better than any psychologist. The same desire lies asleep in the blood of every son of Adam. The modern eve may be induced to happiness with better motives, with lesser means.

Director,
C. H. R. Agency,
Chadiroor P. O.
Kerala.

Stamped envelope for reply

തന്റെ കൈയിലുള്ളതെല്ലാം സ്നേഹിതന്മാർക്കു് നിർല്ലോപം ദാനം ചെയ്യുന്ന ഒരാളെ എനിക്കു നേരിട്ടറിയാം. പണമായാലും ശരി, ഗ്രന്ഥങ്ങളായാലും ശരി, വാത്സല്യം തോന്നിയാൽ അയാൾ അതിനു നിയന്ത്രണമില്ലാതെ കൊടുത്തുകളയും. ഈ ഔദാര്യാതിശയത്തെ വാഴ്ത്തി ചിലർ സംസാരിക്കുന്നതു കേട്ടപ്പോൾ ഇതെഴുതുന്നയാൾ പറഞ്ഞു:— കൊടുക്കുന്നതു നല്ലതുതന്നെ. പക്ഷേ, വാങ്ങുന്നയാൾ പരിവർത്തനം ചെയ്യപ്പെടുന്നില്ലെങ്കിൽ ദാതാവിനോ ഗ്രഹീതാവിക്കോ ഒരു പ്രയോജനവും ഇല്ല. വെറുതെ കിട്ടിയ ചണ്ണംകൊണ്ടു് നേരേ കള്ളുഷാപ്പിലേക്കു പോയി കുടിക്കുന്നവൻ പരിവർത്തനത്തിനു വിധേയനാകുന്നില്ല. അക്ഷരവൈരിയുടെ കൈയിലാണു് നിങ്ങളുടെ വിലയേറിയ പുസ്തകം ചെന്നുവീഴുന്നതെങ്കിൽ ആ ഗ്രന്ഥദാനം കൊണ്ടു് എന്തുഗുണമാണുള്ളതു്? "പതിനഞ്ചുവർഷംമുൻപു്, താടിയും മുടിയും വളർത്തിയ ഒരു യുവാവു് എന്നെക്കാണാൻ വന്നു. കാര്യമന്വേഷിച്ചപ്പോൾ അയാൾ ഇംഗ്ളീഷിൽ പറഞ്ഞു:— "ഞാൻ ആഫ്രിക്കക്കാരനാണു്. ഇവിടെ പഠിക്കാൻ വന്നിരിക്കുന്നു. നിങ്ങൾ ലബ്നാണിലെ കവി കാലിൽ ജിബ്രാനെക്കുറിച്ചു് കൗമുദിവാരികയിൽ കൂടെക്കൂടെ എഴുതാറുണ്ടെന്നു് ഒരു സ്നേഹിതനിൽനിന്നു മനസ്സിലാക്കി. ജിബ്രാന്റെ പുസ്തകങ്ങൾ നിങ്ങളുടെ കൈയിലുണ്ടെങ്കിൽ എനിക്കു വായിക്കാൻ തരണം. ഞാൻ എല്ലാം തിരിച്ചുതരാം." ഞാൻ അയാൾക്കു് പുസ്തകങ്ങളെല്ലാം കൊടുത്തു. രണ്ടുമാസംകഴിഞ്ഞു് അയാൾ അവ തിരിച്ചുകൊണ്ടുതന്നിട്ടു് സന്തോഷാശ്രുക്കളോടെ അറിയിക്കുകയായി. 'സ്നേഹിത, നിങ്ങൾ വിലമതിക്കാൻ പാടില്ലാത്ത സഹായമാണു് എനിക്കു ചെയ്തതു്. ഈ കവിതകൾ വായിച്ചതോടെ എന്റെ ആത്മാവു് സമ്പന്നമായിരിക്കുന്നു. എനിക്കിനി ജീവിതത്തെയും മരണത്തെയും ധൈര്യത്തോടെ നോക്കാം ജിബ്രാൻ എന്നെ ശക്തനാക്കിയിട്ടുണ്ടു്.' അയാളുടെ കണ്ണുകളിലെ തിളക്കം കണ്ടപ്പോൾ ആ വാക്കുകൾ സത്യാത്മകങ്ങളാണെന്നു് എനിക്കു തോന്നി.....റോസാപ്പൂവിന്റെ പരിമളം മത്സ്യവ്യാപാരിയെ പരിവർത്തനം ചെയ്യുന്നില്ല. യുവതിയുടെ അനവദ്യസൗന്ദര്യം യുവാക്കന്മാരുടെ കാമാഗ്നിയെ മാത്രമേ ഉദ്ദീപിച്ചുവിടുന്നുള്ളുവെങ്കിൽ ആ സൗന്ദര്യം കൊണ്ടു് ഒരു ഫലവുമില്ല. പ്രേമസാക്ഷാത്കാരത്തിനു സൗന്ദര്യം പ്രയോജനപ്പെടുമ്പോൾ മാത്രമേ സൗന്ദര്യം വിലയുള്ളതായിബ്ഭവിക്കുന്നുള്ളു —തിരുവനന്തപുരത്തെ മോഡൽസ്കൂളിൽ ശ്രീ. കുന്നാകരമേനോൻ എന്നൊരദ്ധ്യാപകൻ ഉണ്ടായിരുന്നു. മുപ്പതുവർഷംമുൻപുള്ള കാര്യമാണു പറയുന്നതു്. അദ്ദേഹം അക്കാലത്തെ പേരുകേട്ട ഒരു പ്രഭാഷകനായിരുന്നു. പ്രഭാഷണത്തിന്റെ ഒരു ഭാഗം ഇവിടെക്കൊല്ക്കാം:—'ഗീർവ്വയമായും നിശിതമായും നിരൂപണം ചെയ്യുന്ന നിരൂപകന്മാരുടെ വിമർശ്ശഹൃദ്യമായ, വിലോഭനീയമായ, വിസ്മയനീയമായ വിമർശനപാടവത്തിനു് സുസജ്ജതവും സുമനോഹരവും സുഫലവുമായ —' ഇങ്ങനെ പോകും അദ്ദേഹത്തിന്റെ പ്രസംഗം. മന്നരമണിക്കൂറിൽ കുറയാതെ പ്ര

സാഹിത്യവാരഫലം

എം. കൃഷ്ണൻനായർ

ഭാഷണം. പ്രയോഗങ്ങൾക്കു പലപ്പോഴും അർത്ഥം കാണുകയില്ല. എങ്കിലും ശ്രോതാക്കൾ 'അന്തംവിട്ടു' ഇരുന്നുപോകും. ഹാളിൽനിന്നു് പോകുമ്പോൾ ശൂന്യമായ മനസ്സോടെയായിരിക്കും പോവുക. ഇത്തരം പ്രസംഗങ്ങൾ വ്യർത്ഥങ്ങളത്രേ. English Prose Style എന്ന പുസ്തകത്തിൽ (ഹെർബർട്ടു് റീഡ് എഴുതിയതു് ഇതുപോലുള്ള പ്രഭാഷണങ്ങളെ fal eloquence എന്നു് വിളിച്ചിട്ടുണ്ടു്. പ്രഭാഷണം ശ്രോതാവിനു മാനസികമായ പരിവർത്തനം വരുത്തുന്നില്ലെങ്കിൽ അതു് പ്രഭാഷണമേയല്ല. സാഹിത്യകൃതികളെ ആംബ

ന്ധിച്ചും ഇതുതന്നെയാണു പറയാനുള്ളതു്. മലയാളമനോരമ ആഴ്ചപ്പതിപ്പിൽ (ലക്കം 30) ശ്രീ. കോട്ടയം ചെറിയാൻ എഴുതിയ 'ഞരമ്പായാത്ത കണ്ണുകൾ' എന്നൊരു ചെറുകഥ പരസ്യപ്പെടുത്തിയിട്ടുണ്ടു്. അനുവാചകനു് ഒരു ചലനവുമുളവാക്കാത്ത വ്യർത്ഥരചനയ്ക്കു് അതു് ശരിയായ ഉദാഹരണമാണു്. ഒരു പെണ്ണിനെ കാണാൻ ആദ്യം മരുതൻ വന്നു. അവൾക്കു് അയാളെ പിടിച്ചില്ല. രണ്ടാമതായി വേറൊരുതൻ വന്നു. അയാളെയും അവൾക്കിഷ്ടപ്പെട്ടില്ല. പിന്നെ മൂന്നാമത്തെ പ്രാവശ്യം മറെറാരുതൻ. അയാളെ അവൾക്കു് ഇഷ്ടമായി. കല്ല്യാണം കഴിഞ്ഞു കുറെക്കഴിഞ്ഞപ്പോൾ അയാൾക്കു രക്താർബ്ബുദം വന്നു പാവമങ്ങു മരിച്ചുപോകുകയും ചെയ്തു. കഥയും തീർന്നു. കടലാസ്സിനു ക്ഷാമമുള്ള കാലത്തു് മനോരമയുടെ മൂന്നുപുറവും അരക്കോളവും കോട്ടയം ചെറിയാൻ മെനക്കെട്ടെഴുതിയിരിക്കുന്നു. എന്തിനു് മരണത്തോടെ കഥ നിറുത്തി? പിന്നെയും എഴുതാമായിരുന്നല്ലോ. നായിക നെഞ്ചത്തടിക്കുന്നതും അവളെ ബന്ധുക്കൾ ആശ്വസിപ്പിക്കുന്നതും അവൾ എഴുന്നേററിരിക്കുന്നതും ഉണങ്ങിയതൊണ്ടനെയ്യാൻവേണ്ടി കട്ടൻകാപ്പി ഊതിയൂതി കുടിക്കുന്നതും വേറെക്കരി ഗ്ലാസ്സു് കഴുകിവയ്ക്കുന്നതും ഒക്കെ എഴുതാമായിരുന്നു. കഥാകാരനു് എല്ലാമറിയാം. സാഹിത്യമെന്താണെന്നു മാത്രം അറിഞ്ഞുകൂടാ. അദ്ദേഹത്തിന്റെ ഒരലങ്കാരപ്രയോഗമിതു:— "അവൾ വയറു തിരുമ്മി. എല്ലാരോമങ്ങളും എഴുന്നേററുകിന്നു ചിരിച്ചു." (പുറം 13 കോളം 2) ഹായ് ആ രോമങ്ങളുടെ ചിരി നോക്കു. എത്ര മനോഹരം! ...നാം ദിവസംതോറും എന്തുമാത്രം കഷ്ടപ്പെടുന്നു! അവിടെയും ഇവിടെയും ഓടിയും ആളുകളുടെ ചീത്തകേട്ടും പണം കടം വാങ്ങിയും നാം എന്തെന്നില്ലാത്ത കഷ്ടത അനുഭവിക്കുന്നു. ഒരു കിലോഗ്രാം പഞ്ചസാരയ്ക്കു് 6രൂപ 50 പൈസ. ഒരു മുണ്ടിനു് 35 രൂപ. രണ്ടു ചെരിപ്പിനു് 25 രൂപ ഈ വിലക്കൂടുതൽ കണ്ടു് അമ്പരന്നു് ഒന്നും ചെയ്യാൻ വയ്യാതെ നിരാശരായി, വിഷാദമഗ്നരായി ഉറങ്ങാൻ കിടക്കുമ്പോൾ ഉറക്കം വരുന്നില്ല. മനസ്സിന്റെ ഉല്ലാസത്തിനുവേണ്ടി വല്ലതും വായിക്കാമെന്നു വിചാരിച്ചു് മനോരമ ആഴ്ചപ്പതിപ്പെടുത്തു തുറക്കുന്നു. കോട്ടയം ചെറിയാന്റെ കഥ നമ്മെ പീഡിപ്പിക്കുന്നു. എന്തൊരു ഗതികേടു്!— Eli, Eli, Lama sabachthani (My god, my god, why hast thou forsaken me) — St. Matthew—27=46.

* * *

ഇരുട്ടിൽനിന്നു പ്രകാശത്തിലേക്കു്, ശൈത്യത്തിൽനിന്നു് ചൂടിലേക്കു്, ദേഷ്യത്തിൽനിന്നു മന്ദഹാസത്തിലേക്കു്—അതേ, മനോരമക്കഥയിൽനിന്നു മാതൃഭൂമിയിലെ "ശബ്ദദേവ"യിലേക്കു ചെല്ലുമ്പോൾ ഈ പ്രതീതിയുണ്ടാകും. വി. കെ. എന്നിന്റെ ഹാസ്യകഥകൾക്കുള്ള ഭംഗി "ശബ്ദദേവ"യ്ക്കില്ല. എങ്കിലും മനോരമയിലെ കഥ വായിച്ചിട്ടു് ഇതു വായിക്കുമ്പോൾ ഈ അനുഭവം സംജാതമാകാതിരിക്കില്ല.

* * *

കാലിൽ ജിബ്രാൻ സ്വന്തം നാട്ടുകാരോടു പറഞ്ഞു:—

Hypocrisy is your religion;

നിങ്ങൾ ദേവന്മാരുടെ ശത്രുക്കൾ

Pretension your life; dust, your end.

Why do you live? death is the only rest for the wretched.

.....

Humanity is a crystalline river, singing in a rippling rush, and carrying the secrets of the mountains to the depths of the sea But you are as a swamp with worms in its dregs and snakes on its banks.

The soul is a sacred, blue-burning flame, illuminating the faces of the gods. But your souls, My Countrymen, are ashes for the wind to scatter over the snows, and for the tempest to dispel into the deep abysses.

I hate you, My Countrymen, because you despise glory and greatness.

I vilify you because you vilify yourselves.

Iam your enemy because you are enemies of the gods and you do not know it.

[കാപട്യമാണു് നിങ്ങളുടെ മതം; നാട്യമാണു് നിങ്ങളുടെ ജീവിതം. ശൂന്യതയാണു് നിങ്ങളുടെ പര്യവസാനം. നിങ്ങളെന്തിനു ജീവിക്കുന്നു? നികൃഷ്ടർക്കു് മരണം മാത്രമേ ആശ്വാസമായുള്ളു.....മനുഷ്യത്വം സ്ഫടികതുല്യമായ നദിയാണു്. തരംഗിതമായി പ്രവഹിച്ചു് പുൽകയും പർവ്വതങ്ങളുടെ രഹസ്യങ്ങൾ സമുദ്രത്തിന്റെ അഗാധതയിൽ എത്തിക്കുകയും ചെയ്യുന്ന നദി. പക്ഷേ, അടിത്തട്ടിൽ ക്രിമികളും തീരങ്ങളിൽ പാമ്പുകളുമുള്ള ചതുപ്പുനിലംപോലെയാണു് നിങ്ങൾ. ആത്മാവു് വിശുദ്ധമായ നീലനിറമാർന്ന ദീപനാളമാണു്; അതു് ദേവന്മാരുടെ മുഖങ്ങളെ പ്രകാശിപ്പിക്കുന്നു. പക്ഷേ, എന്റെ നാട്ടുകാരേ, നിങ്ങളുടെ ആത്മാവു് കാററിനു മഞ്ഞുകട്ടകളിൽ വാരിവിതറാനും കൊടുങ്കാററിനു ഗഭീരഗർത്തങ്ങളിൽ വലിച്ചെറിയാനുംവേണ്ടിയുള്ള ചാരം മാത്രമാണു്. എന്റെ നാട്ടുകാരേ നിങ്ങളെ ഞാൻ വെറുക്കുന്നു; കാരണം നിങ്ങൾ തേജസ്സിനെയും മഹത്ത്വത്തെയും പുച്ഛിക്കുന്നു എന്നതുതന്നെ. നിങ്ങൾ നിങ്ങളെത്തന്നെ നിന്ദിക്കുന്നു; അതുകൊണ്ടു ഞാൻ നിങ്ങളെയും നിന്ദിക്കുന്നു. ഞാൻ നിങ്ങളുടെ ശത്രുവാണു്; എന്തുകൊണ്ടെന്നാൽ നിങ്ങൾ ദേവന്മാരുടെ ശത്രുക്കളാണു്. അക്കാര്യം നിങ്ങൾക്കറിയാനും പാടില്ല]

ജിബ്രാന്റെ കനകതൂലിക എന്റെ കൈയിലുണ്ടായിരുന്നെങ്കിൽ ഞാനിതുതന്നെ ഭാരതീയരോടു പറയുമായിരുന്നു. അതുകൊണ്ടു നമ്മുടെ നാട്ടുകാരുടെ അധഃപതിച്ചുപോയല്ലോ. ഈ അധഃപതനത്തിന്റെ ഒരു ഭാഗത്തെ ശ്രീ. വൈക്കം ചന്ദ്രശേഖരൻനായർ കലാത്മകമായി പ്രതിപാദിക്കുന്നു. (മലയാളനാടിലെ നളചരിതം എന്ന കൊച്ചുകഥ നോക്കുക). അട്ടപ്പാടിയിൽ ഒരു പെണ്ണിന്റെ മുണ്ടു് ഒരുത്തൻ പിടിച്ചുവാങ്ങിക്കൊണ്ടു പോകുന്നതു് കഥാകാരൻ കണ്ടു. ഈ സംഭവത്തെ അദ്ദേഹം വിഭഗ്ദ്ധമായി നളചരിതത്തോടു ബന്ധിപ്പിച്ചു് ഭാരതത്തിന്റെ ദയനീയസ്ഥിതിയെ അഭിവ്യഞ്ജിപ്പിക്കുന്നു.

നിംഫാമേനിയ, (സ്ത്രീയുടെ അതിരുകടന്ന രതിലൈംഗികാഭിലാഷം— nymphomania) ഫിക്സേഷൻ, (ഒരു വ്യക്തിയോടോ വസ്തുവിങ്കലോടോ ആദ്യകാലത്തുണ്ടാകുന്ന വൈകാരികമായ അടുപ്പം അല്ലെങ്കിൽ ആസക്തി. ഇതുതീക്ഷ്ണമായതിനാൽ മറെറാരു വ്യക്തിയോടോ വസ്തുവിനോടോ പിന്നീടു് അടുപ്പമോ ആസക്തിയോ ഉണ്ടാകുന്നില്ല ഇതാണു് (fixation) ഈ രണ്ടു തകരാറുകൾഉള്ള സ്ത്രീകൾക്കു സാധാരണഗതിയിലുള്ള ദാമ്പത്യജീവിതം സാദ്ധ്യമല്ല. അവർ ഭർത്താവിനെ വെറുക്കുന്നു. വെറുപ്പിന്റെ ഫലമായി ബഹളംവയ്ക്കുന്നു. ഇംഗ്ലീഷിൽ shrew, virago, termagant എന്നു വിളിക്കപ്പെടുന്ന ഇത്തരം വായാടിച്ചികളിൻ ഒരുത്തിയെ ശ്രീ. ടി. എൻ. കൃഷ്ണപിള്ള 'ഉറക്കം' എന്നകഥയിൽ അവതരിപ്പിക്കുന്നു. അവളുടെ തകരാറു് നിംഫാമേനിയതന്നെ. ആ രോഗം തുല്ലാലികമായി ഒരാൾ ഭേദമാക്കുന്നതു കഥാകാരൻ നർമ്മരസാത്മകമായി ചിത്രീകരിക്കുന്നു. സഭ്യതയുടെ നേർത്ത വരമ്പു കടക്കാതെയാണു് കൃഷ്ണപിള്ള ആ സംഭവം വർണ്ണിക്കുന്നതു്. സ്ത്രീയെ കണ്ടാൽ കുതിരയെക്കണ്ട മാനസികനിലയാണു് പുരുഷന്റേതെന്നു് ഒരു ഫ്രഞ്ചെഴുത്തുകാരൻ (Montherlant) പറഞ്ഞിട്ടുണ്ടു്. തന്റെ കൈക്കരുത്തു് പരീക്ഷിച്ചു് അവളെ വീഴ്ത്തുന്നാണു് അവന്റെ കൗതുകം. കൃഷ്ണപിള്ളയുടെ സ്ത്രീകഥാപാത്രം കുതിരയാണെങ്കിലും ആ കുതിരയുടെ ഭർത്താവിനു് ശക്തിയില്ല. അയാൾ പേടിച്ചോട്ടുന്നു. മറെറാരുത്തൻ കുതിരയെ മെരുക്കുന്നു. അതോടെ ബഹളം വഴക്കും തീരുന്നു.

* * *

(ശേഷം 34-ൽ)

രാജ്യഭാരം

പി. സുബ്ബയ്യാപിള്ള

രാജ്യഭാരം എന്ന ലേഖനപരമ്പര ആരംഭിക്കുന്നു.

കണ്ണീർ തുടച്ചുകൊണ്ട്. മുഖം വീർപ്പിച്ചുകൊണ്ട്. മുക്കു പിഴിഞ്ഞുകൊണ്ട്.

നിങ്ങളുടെ സ്വന്തം ലേഖകൻ!

ലേഖകൻ ഉറങ്ങുകയായിരുന്നു. മുടിപ്പുതച്ചുകിടന്നു. കൂർക്കം വലിച്ചു. പതിവുപോലെ.

അപ്പോൾ ഭൂകമ്പമുണ്ടായി:

കൊച്ചപ്പിമുതലാളിയുടെ ഒരു പ്രസ്താവനയാകുന്നു, ഭൂകമ്പത്തിനു കാരണമായതു്. ലോകത്തെ തലകീഴ് മറിച്ചതു്. ലേഖകനിൽ ധർമ്മരോഷം ഉണർത്തിയതു്. ആളിക്കത്തിച്ചതു്. പിന്നെ ഉറങ്ങാൻ കഴിഞ്ഞില്ല.

പത്രങ്ങളെ ക്ഷണിച്ചുവരുത്തി, അവർക്ക് അത്താഴം നൽകിയിട്ടു വിതരണം ചെയ്ത പ്രസ്താവന ആയിരുന്നില്ല അതു്. വല്ല പ്രസംഗവേദിയിലും ചാടിക്കയറി ഉച്ചഭാഷിണി വലിച്ചു ദൂരെയെറിഞ്ഞിട്ടു

നടത്തിയ പ്രസ്താവനയുമല്ല.

ഏതോ ഒരു സ്നേഹിതനോടു വളരെ രഹസ്യമായി ചെയ്ത പ്രസ്താവനയാണു്. രഹസ്യമായതുകൊണ്ടു് അതിനു വേണ്ടത്ര പരസ്യം ലഭിച്ചു. ചർച്ചയായി. വിമർശനമായി. കൊടുങ്കാറ്റായി. ഭൂകമ്പമായി. പിന്നെ ലേഖകനു് ഉറങ്ങാൻ കഴിഞ്ഞില്ല. ധർമ്മരോഷം! രക്തം തിളച്ചു.

ഫീയററുകാർ, എണ്ണം മൂന്നു്. ബൈൻസുലോറി, എണ്ണം ഒമ്പതു്. കൂലിക്കാർ (ആണും പെണ്ണുമായി) ആകെ അഞ്ഞൂറു്.

സ്ഥിരം ജലദോഷം. അസമയത്തും അസ്ഥാനത്തും തുമ്മൽ. മൂത്രരോഗം. ധാരാളം സ്ഥാവരജംഗമങ്ങൾ. മരിച്ചതും ജീവിച്ചിരിക്കുന്നതുമായി ഭാര്യമാർ രണ്ടു്. ഇരുപതിൽ കുറയാത്ത സന്താനസൗഭാഗ്യം. ഇത്രയുമാകുന്നു കൊച്ചപ്പിമുതലാളി. വ്യക്തിയല്ല. സ്ഥാപനമാണു്.

കൊച്ചപ്പിമുതലാളിയുടെ പ്രസ്താവന

വളരെക്കുമ്പു് കൊച്ചപ്പി എന്ന പയ്യൻ തെണ്ടിക്കൊണ്ടിരുന്നുവെന്നും ചൊറി കുത്തിയിരുന്നുവെന്നും ചിലരെല്ലാം പറഞ്ഞുനടക്കുന്നുണ്ടു്. മാന്യമായ അസൂയകൊണ്ടു്. അതിൽ കാര്യമില്ല.

ഇന്നു് അദ്ദേഹം നാട്ടിന്റെ നടുക്കുള്ള മാന്യനും മഹാനും സർവ്വോപരി ഒരു കൺട്രാക്ടറും ആകുന്നു. അദ്ദേഹത്തിന്റെ വർഗ്ഗം വളരട്ടെ! ആമേൻ.

പൊതുവെ മൗനിയും, സജീവരാഷ്ട്രീയമില്ലാത്തവനും കാറിൽ സഞ്ചരിക്കുന്നവനുമായ മുതലാളിയെക്കൊണ്ടു് വിപ്ലവകരമായ ഒരു പ്രസ്താവന ചെയ്യിക്കുവാൻ പ്രേരകമായ സംഗതികൾ താഴെപ്പറയുന്നവയാകുന്നു.

ഒന്നു തല ചാഞ്ഞാൻ മേൽക്കൂരകാണാതെ വലഞ്ഞുപോയ ബഹുമാനപ്പെട്ട സർക്കാർ, ഏതാനും ആപ്പീസുകെട്ടിടങ്ങൾ പണിയിച്ചുകൊടുക്കുവാൻ കൊച്ചപ്പിമുതലാളിയോടു് അപേക്ഷ സമർപ്പിച്ചു. അപേക്ഷ സദയം സ്വീകരിച്ചു്, മുതലാളി സർക്കാരിനെ സഹായിച്ചു. കെട്ടിടങ്ങളുടെ പണി തീർന്നു. മഴ പെയ്തിട്ടും ഒരു കെട്ടിടംപോലും ഇടിഞ്ഞുവീണില്ല.

ആകെ ചെലവു് സുമാർ രണ്ടുലക്ഷം രൂപയ്ക്കു് ബഹുമാനപ്പെട്ട സർക്കാർ, മുതലാളിയ്ക്കു കടപ്പെട്ട പണം ആവശ്യപ്പെട്ടുകൊണ്ടു് മുതലാളി സർക്കാരിനെ സമീപിച്ചു. ആപ്പീസുകളുടെ അകത്തും പുറത്തും കാത്തുകിടന്നു. നേർച്ചകളും ഹോമങ്ങളും നടത്തി. പൂജാദികർമ്മങ്ങൾ മുങ്ങാതെ നടത്തി. അമ്പേ പരാജയം!

സമയനഷ്ടം. ധനനഷ്ടം. മാനനഷ്ടം. "കിട്ടിയില്ലെങ്കിൽ പുല്ലു്" എന്ന മുഖവുരയോടുകൂടിയാണു് കൊച്ചപ്പിമുതലാളി പ്രസ്താവന നടത്തിയതു്. ഭൂകമ്പം സൃഷ്ടിച്ചതു്.

രാജ്യത്തിനു് ഒരു സർക്കാർ ആവശ്യമുണ്ടോ എന്നു മുതലാളി ചോദിക്കുന്നു.

ഇല്ലെന്നാണു് അദ്ദേഹത്തിന്റെ സുചിന്തിതമായ അഭിപ്രായം. സർക്കാരില്ലാത്ത രാജ്യം സുഭിക്ഷമായി കഴിയും. നിർബ്ബന്ധമാണെങ്കിൽ, സർക്കാർ നടത്തുന്ന എല്ലാ ജോലികളും കൊള്ളാവുന്ന ഒരു കൺട്രാക്ടറെ ഏല്പിച്ചുകൊടുക്കുകയാണു വേണ്ടതു്. ടെൻഡർ വിളിച്ചു്. കുറഞ്ഞ ചെലവിൽ. ഓരോ വർഷത്തേക്കു്.

അപ്പോൾ സമാധാനം. സ്വാതന്ത്ര്യം. പുരോഗതി. ഭൂമിയിൽ സ്വർഗ്ഗം.

ഒരു രാജ്യത്തും ഒരു കാലത്തും ഒരു സർക്കാരും ഗതിപിടിച്ചിട്ടില്ലെന്നു് മുതലാളി തീർത്തു പറയുന്നു. കാരണം, സർക്കാരെന്നു പറഞ്ഞാൽ ഒരുപററം ഉദ്യോഗസ്ഥന്മാരുടെ കാലാർപടയാകുന്നു അവരുടെ കോടിക്കണക്കിനുള്ള ശമ്പളമാകുന്നു. ബത്തയാകുന്നു. പിന്നെ ചിതലെടുക്കുന്ന കുറെ ഫയലുകളാകുന്നു.

കഴിയുന്നത്ര യാതൊന്നും ചെയ്യാതിരിക്കുകയും, അഥവാ ചെയ്താൽ പൊതുജനങ്ങളെ കൂട്ടമായി ജീവനോടെ സംസ്കരിക്കാൻ കഴികൾ വെട്ടുകയുമാണു് സർക്കാരിന്റെ ചുമതല.

സർക്കാരിന്റെ തലപ്പത്തു് കാലാകാലങ്ങളിൽ മന്ത്രിമാർ ഉണ്ടെന്നു സത്യം. കൊച്ചപ്പിമുതലാളി വിസ്തരിക്കുന്നില്ല എന്നാൽ, മന്ത്രിമാർക്കു്—അവർ ഏതു പാർട്ടിയിൽ പെട്ടവരെങ്കിലും ആയിക്കൊള്ളട്ടെ—കല്ലുകെട്ടു്, പൂട്ടുതുറപ്പു്, പുലകുളി, ദേശസഞ്ചാരം, പൊതുജനസമ്പർക്കം, നേർച്ചകൾ, പത്രപ്രസ്താവന തുടങ്ങിയ സുപ്രധാന കാര്യങ്ങൾ ചെയ്തതിനിട്ടു് രമണം തുടങ്ങിയ ചെറിയ കാര്യങ്ങളിൽ ശ്രദ്ധിക്കാൻ സമയമില്ലെന്നും, അവരെ കുററപ്പെടുത്തുന്നതു് അക്രമവും ഹൃദയശൂന്യതയും ആണെന്നും മുതലാളി വിശ്വസിക്കുന്നു

പൊതുജനങ്ങൾക്കു മോക്ഷം നൽകി അവരെ സ്വർഗ്ഗത്തിലെത്തിക്കാൻ ഓരോ വകുപ്പും പ്രത്യേകമായ ചുമതലകൾ ഏറ്റെടുത്തിരിക്കുന്നു. ഉള്ളറോഡുകൾ ചെട്ടിക്കുഴിക്കുകയും, കൃഷിക്കുപയുക്തമാക്കുകയും വാഴവച്ചുകയും, സഞ്ചാരത്തിനല്ലാതെ മറ്റേതു കാര്യത്തിനും തുറന്നുകൊടുക്കുകയും ഒരു വകുപ്പിന്റെ ചുമതലയാകുന്നു. വെള്ളം കൊടുക്കുന്നതും, വെളിച്ചം കൊടു

ക്കാതെയും, നിവൃത്തിയുള്ളത്ര ആഹാരം കൊടുക്കാതെയും സൂക്ഷിക്കാൻ പ്രത്യേകം പ്രത്യേകം വകുപ്പുകളുണ്ട്. കൃഷിയ്ക്കും കച്ചവടത്തിനും വേണ്ടത്ര തടസ്സങ്ങൾ വരുത്താൻ വകുപ്പുകളുണ്ട്. കുട്ടികൾ അക്ഷരം പഠിക്കാതെ ശ്രദ്ധിക്കാനും അവരെസമയം പരിശീലിപ്പിക്കാനും വകുപ്പുകളുണ്ട്. എല്ലാ വകുപ്പുകളും ചേർന്നാൽ സർക്കാരാകുന്നു. രാജ്യം സ്വർഗ്ഗമാകുന്നു.

ഇന്നു ഭരണം സ്ഥിതിചെയ്യുന്നതു് ചെറുതും വലുതുമായ ഒരുപിടി ഉദ്യോഗസ്ഥന്മാരുടെ കൈകളിലാകുന്നു. മററുള്ളവർക്ക് ഇതിൽ യാതൊരു കാര്യവുമില്ല, പിയൂൺ കുഞ്ഞൻപിള്ളയും, എൽ ഡി.സി. സുന്നദമ്മയും, യു. ഡി. സി അബൂബക്കറും, ഹെഡ്ക്ളാർക്ക് തമ്മിയും, സൂപ്പണ്ടു ബ്രഹ്മദത്തനും ആപ്പീസർ ജയസൂര്യനും, ടൈപ്പിസ്ററു ശാന്തകുമാരിയും സ്ററെനോഗ്രാഫർ കുമുദാബായിയും മററും മററും ചേർന്ന് ജാതിധർമ്മവും വർഗ്ഗബാധവും നിലനിറുത്തി ഭരണം നടത്തുകയാണ്.

അതുകൊണ്ട് കൊച്ചപ്പിള്ളതലാളി പറയുന്നതെന്തെന്നാൽ, ഈ രാജ്യത്ത് ഒരു സർക്കാരിന്റെ ആവശ്യമില്ല സർക്കാർ ചെയ്യുന്ന സേവനങ്ങൾ രാജ്യത്തിനു കൂടിയേ കഴിയൂ എന്നുണ്ടെങ്കിൽ, കൊള്ളാവുന്ന ഒരു കൺട്രാക്ടറെ ഏല്പിക്കുകയാണ് വേണ്ടതു്. എല്ലാ വകുപ്പുകളും പിരിച്ചുവിടുക, എല്ലാ ഉദ്യോഗസ്ഥന്മാരെയും പിരിച്ചയയ്ക്കുക. എല്ലാ സർക്കാരാപ്പീസുകളും അടച്ചുപൂട്ടുക. കൺട്രാക്ടർ ഭംഗിയായി ഭരണം നടത്തിക്കൊള്ളും.

വർഷത്തിൽ ഒരുകോടിരൂപ പ്രതിഫലം പററിക്കൊണ്ടു്, ആപ്പീസുകളും ഉദ്യോഗസ്ഥന്മാരും ചിതലെടുത്ത ഫയലുകളും ഒന്നുംകൂടാതെ, ഭരണം ഏററെടുത്തുകൊള്ളാമെന്ന് കൊച്ചപ്പിള്ളതലാളി ഒരു വെല്ലുവിളി നടത്തിക്കഴിഞ്ഞു. ഇന്നുവരെ ആരും ഈ വെല്ലുവിളി ഡപീകരിച്ചതായി അറിയുന്നില്ല. നാട്ടിന്റെ നിർഭാഗ്യം.

പ്രിയമുള്ളവരെ,

ഈ പരിതസ്ഥിതിയിലാകുന്നു, നിങ്ങളുടെ ലേഖകൻ ഞെട്ടിയുണർന്നതു്. പരിഭ്രാന്തിക്കാണ്ടു്. മുണ്ടും മടക്കിക്കെട്ടി പേനയും തോളത്തുവച്ച് ഇറങ്ങിത്തിരിച്ചതു്. സർക്കാരാപ്പീസുകളിലേക്ക് ഇഴഞ്ഞുചെന്നതു്. കൊച്ചപ്പിള്ളതലാളിയുടെ പ്രസ്തുവനയിൽ അടങ്ങിയിട്ടുള്ളശരിയും തെററും മനസ്സിലാക്കാൻ. ഉദ്യോഗസ്ഥന്മാർ ചെയ്യേണ്ടതും, ചെയ്യുന്നതും, ചെയ്യാത്തതും അറിയാൻ. അവരുമായി അഭിമുഖങ്ങൾ നടത്താൻ. അവരുടെ ചരിത്രവും ഭൂമിശാസ്ത്രവും പഠിക്കാൻ. ഗവേഷണം നടത്താൻ എല്ലാം വിശദമായി റിപ്പോർട്ടുചെയ്യാൻ. നിങ്ങൾക്ക് നമസ്കാരം. എന്റെ വിപ്ളവാഭിവാദ്യങ്ങൾ!

—*—

(31-ൽനിന്നും തുടർച്ച)

കുമാരം. കടന്നിട്ടില്ലാത്ത ഒരു കുട്ടി ആഹ്ളാദത്തോടെ എന്റെ അടുക്കൽവന്ന് കുങ്കുമം വാരിക തുറന്നുകാണിച്ച് പറഞ്ഞു:— "സാർ എന്റെ ഒരു കഥയുണ്ട് ഇതിൽ. ഒന്നു വായിച്ചു നോക്കണം." എനിക്കെന്തെന്നില്ലാത്ത സന്തോഷം തോന്നി. കൊച്ചുപയ്യൻ. ചെറുകഥ എഴുതിയിരിക്കുന്നു. അതോ, ഉത്കൃഷ്ടമായ ഒരു വാരികയിൽ അച്ചടിച്ചു വന്നിരിക്കുന്നു. സന്തോഷം പുറത്തു കാണിക്കാതെ ഞാൻ ഗൗരവഭാവത്തോടെ അറിയിച്ചു:— "വായിക്കാം. പക്ഷേ, എനിക്കു തോന്നുന്നതേ ഞാൻ എഴുതൂ." കഥയെക്കുറിച്ച് എഴുതാൻ കുട്ടി ആവശ്യപ്പെട്ടില്ല. എങ്കിലും ഞാൻ അങ്ങനെ പറഞ്ഞുപോയി. ഇപ്പോൾ കഥ വായിച്ചു. ശ്രീ. എം. രാജീവ്കുമാർ എഴുതിയ "അന്വേഷണം." പൂർവ്വകാലത്തെ ഒരു സ്നേഹാജനത്തെ അവളുടെ ഭർത്താവിനോടെ കുമിച്ച് ഒരാൾ കാണുന്ന സന്ദർഭമാണ് രാജീവ്കുമാർ ആലേഖനം ചെയ്യുന്നതു്. പക്ഷേ, അതിനെക്കുറിച്ച് ഇവിടെ ഒന്നും എഴുതുന്നില്ല. ഉത്സാഹശീലമുള്ള, സാഹിത്യത്തിൽ താല്പര്യമുള്ള ഒരു കുട്ടിയെ വേദനിപ്പിക്കാൻ എനിക്കിഷ്ടമില്ല.

* * *

"എന്നിലങ്കുരിക്കുന്ന വിചാരങ്ങളെ എന്റെ നാവിനു പായാൻ കഴിഞ്ഞെങ്കിൽ!" എന്ന് ബ്രിട്ടീഷ്കവി ടെനിസൺ പറഞ്ഞു. "തന്നതില്ല പരനുള്ള 'കാട്ടുവാക്കൊന്നുമേ ഞാനെപായമീശ്വരൻ' എന്ന് കേരളത്തിലെ ഒരു കവി ഉദ്ഘോഷിച്ചു. "സാഗരതരംഗങ്ങളൊക്കെയെൻ നാവായെങ്കിൽ" എന്ന് വേറൊരു കേരളീയകവി അഭിലാഷം പ്രകടിപ്പിച്ചു. വിചാരവികാരങ്ങൾ ആവിഷ്കരിക്കാൻ ഭാഷ അസമർത്ഥമാണെന്ന് അഭിപ്രായപ്പെടുന്ന എല്ലാ സാഹിത്യകാരന്മാരും. പർവ്വതാഗ്രത്തിൽ കയറിക്കിന്നു് നക്ഷത്രം നിറഞ്ഞ ആകാശത്തെ നോക്കിയിട്ടുണ്ടോ? അവിടത്തെ രോജസ്സിനെ വാക്കുകളിലൂടെ സ്പുടീകരിക്കാൻ ശ്രമിക്കുക. നമ്മളൊക്കെ പരാജയപ്പെടും. സ്ത്രീയുടെ മഹാദുഃഖത്തെ ചിത്രീകരിക്കാൻ യത്നിക്കുക. അപ്പോഴും പരാജയം സംഭവിക്കും. കുങ്കുമം വാരികയിൽ ശ്രീ. വ്ജയ ബേബി എഴുതിയ 'സെക്സ്' എന്ന ചെറുകഥയുടെ ന്യൂനത ഇതുതന്നെയാണ്. ദാരിദ്ര്യം നിമിത്തം മകളെ സിനിമയിലേക്കും അതിനോടുബന്ധപ്പെട്ട കുത്സിതപ്രവൃത്തനങ്ങളിലേക്കും പറഞ്ഞയയ്ക്കാൻ നിർബ്ബന്ധനാകുന്ന ഒരച്ഛന്റെ ദുഃഖമാണ് ബേബിക്കു വർണ്ണിക്കാനുള്ളതു്. പക്ഷേ അദ്ദേഹത്തിന്റെ വാക്കുകൾ ജീവൻ ആവഹിക്കുന്നില്ല. തന്റെ തീക്ഷ്ണമായ അനുഭവത്തെ അതേരീതിയിൽ അനുവാചകനിലേക്കു പകരാൻ അദ്ദേഹത്തിനു കഴിയുന്നില്ല.

* * *

ജോസഫ് കെ-യുടെ കററം എന്ന പേരിൽ ശ്രീ. കെ. രാമചന്ദ്രൻ മാതൃഭൂമിയിൽ എഴുതിയിട്ടുള്ള പ്രബന്ധം ഫ്രാൻറ്റ്സ്കാഫ്കായുടെ (കാഫ്ക എന്നല്ല കാഫ്കാ എന്നുവേണം) The Trial എന്ന നോവലിന്റെ നിരൂപണമാണ്. സ്പഷ്ടതയോടുകൂടി പ്രബന്ധകാരൻ എഴുതിയിരിക്കുന്നു. നമ്മുടെ ചില മലയാളം പ്രൊഫസർമാർ എഴുതിവിടുന്നതൊന്നും നമുക്കു മനസ്സിലാകാറില്ല. രാമചന്ദ്രൻ ആരാണെന്നും എനിക്കറിഞ്ഞുകൂടാ. എങ്കിലും അദ്ദേഹം സ്പഷ്ടമായി എഴുതുന്നതുകൊണ്ടു് മലയാളം പ്രൊഫസർ ആയിരിക്കുകയില്ലെന്നു് കരുതാം. കാഫ്കാ വലിയ ചിന്തകനാണോ, വലിയ കലാകാരനാണോ എന്നകാര്യം വേറെ. അതെന്തായാലും തന്നിക്കു പറയാനുള്ളതു് വ്യക്തമായ, തെളിവായി പറഞ്ഞ രാമചന്ദ്രനെ നമുക്ക് അഭിനന്ദിക്കാം. കാഫ്കായെപ്പോലെ രാഷ്ട്രാന്തരീയ പ്രശസ്തിനേടിയ സാഹിത്യകാരനാണ് ഫോർഹ ലൂയിസ്ബോർഹസ്. (Jorge Luis Borges—ജോർജ് ബോർജസ് എന്നെഴുതുന്നതു് തെററു്) അദ്ദേഹത്തിന്റെ കൃതികളെക്കുറിച്ചും രാമചന്ദ്രൻ എഴുതുന്നതു നന്നായിരിക്കും.

* * *

മഞ്ഞുകാലം; സായാഹ്നം. ഞാൻ വീട്ടിന്റെ മുൻവശത്തിരിക്കുന്നു. അങ്ങകലെ നെല്ലാടങ്ങൾ. നെല്ലാടങ്ങൾക്കപ്പുറം മാനികൾ. അവയ്ക്കു പിറകിൽ വരിവരിയായി കുന്നുകൾ. നാം അവയെ നോക്കിക്കൊണ്ടിരിക്കുമ്പോൾ മഞ്ഞുവ്യാപിച്ചുവ്യാപിച്ച് മരങ്ങളുടെയും കുന്നുകളുടെയും ബാഹ്യരേഖകൾ അവ്യക്തങ്ങളാകുന്നു. കാറ കഴിയുമ്പോൾ ഒന്നും കാണാനില്ലാതെയാവും. മഞ്ഞുമാത്രം. ആഹ്ളാദദായകമാണ് ഈ ദൃശ്യം. പാശ്ചാത്യസാഹിത്യത്തിന്റെ അതിപ്രസരവും അധിപ്രസരവുകൊണ്ടു് മലയാളസാഹിത്യത്തിലെ നായകന്മാർക്കുമുൻപുണ്ടായിക്കുന്ന പ്രഭാവത്തിനുമങ്ങൽ സംഭവിച്ചുകൊണ്ടിരിക്കുന്നു. ഇന്നത്തെയുവാക്കന്മാർ പാശ്ചാത്യസാഹിത്യത്തിൽ അവഗാഹമുള്ളവരാണ്. അക്കാരണത്താൽ അവർ ഈ നായകന്മാരെ ബഹുമാനിക്കുന്നില്ല. കാലമേറെയാകുന്നതിനു മുൻപു് ഇവരെ തീരെ കാണാതെയാവും എന്നതിൽ ഒരു സംശയവും വേണ്ട. ദുഃഖദായകമാണ് ഈ കഴ്ച.

—*—

മലയാളനാട്

വാരിക

വരിസംഖ്യനിരക്ക്

ഒരു വർഷത്തേക്ക്	33-00
ആറുമാസത്തേക്ക്	16-50
ഒററപ്രതി	0-60

വിദേശങ്ങളിൽ അയയ്ക്കുന്നതിന് വരിസംഖ്യ നിരക്കിൽനിന്നും പോസ്റ്റേജ് കൂടുതലായിരിക്കുന്നതാണ്.

—മാനേജർ.

ശക്തം വമിക്കുന്ന, വേദനയുതിക്കുന്ന കൈപൊത്തിക്കൊണ്ടു് പ്രേം അവിടെ നിന്നോടി. തിരിഞ്ഞുനോക്കുന്നതിനിടയിൽ പോലീസുകാർ തന്നെ പിന്തുടരുന്നതുകണ്ടു് അയാൾ ഓട്ടത്തിന്റെ വേഗത കൂട്ടി മുൻപിൽ അഗാധമായ ഒരു പിളർപ്പിലേക്കു് നീങ്ങുന്ന വഴിയല്ലാതെ മറ്റൊരു മാർഗ്ഗമുണ്ടായിരുന്നില്ല. താഴെയുള്ള അഗാധമായ പിളർപ്പിലേക്കു് അയാൾ തെറിച്ചുവീണു.

ബ്രഗാൻസയുടേയും നാഥിന്റെയും സഹായത്തോടെ പോലീസുകാർ ഗുണ്ടാകളെ മുഴുവൻ തേടിപ്പിടിച്ചു. തുണ്ടുപിതാക്കന്മാരും ഒടുവിൽ തങ്ങളുടെ ഓമനകളെ തിരഞ്ഞപ്പോൾ അവർ ഞെട്ടിപ്പോയി. രാജായും ബോബിയും അപ്രത്യക്ഷരായിരുന്നു.

റൗഡികളുടെ അടികൊണ്ടു് അവശനായ ബ്രഗാൻസയുടെ സമീപംചെന്നു് മാപ്പിരക്കുന്ന സ്വരത്തിൽ നാഥ് പറഞ്ഞു. എല്ലാം ഞാൻ കാണുകയായിരുന്നു. ബ്രഗാൻസ. എന്റെ മകനെ രക്ഷിക്കാൻ നിങ്ങൾ എത്ര അടികളാണു് കൊണ്ടതു്."

ഉദാസീനമായ തത്വജ്ഞാനമാണു് ബ്രഗാൻസയിൽ തിറഞ്ഞുനിന്നതു് സ്നേഹമുറന്ന സ്വരത്തിൽ ശാന്തനായി അയാൾ പറഞ്ഞു "നമ്മുടെകുട്ടികൾക്കുവേണ്ടിയല്ലാതുള്ള നമ്മുടെ ജീവിതമെന്താണു്? നാം ജീവിക്കുകയും മരിക്കുകയും ചെയ്യുന്നതു് നമ്മുടെ കുഞ്ഞുങ്ങൾക്കുവേണ്ടി."

നാഥിന്റെ കണ്ണുകൾ നിറഞ്ഞുതുളുമ്പി. ബ്രഗാൻസ പറഞ്ഞതു് സമ്മതിച്ചിട്ടെന്നതുപോലെ അയാൾ തലകുനിച്ചു. അവസാനം സത്യം ആ മനുഷ്യന്റെ ഹൃദയത്തിൽ പ്രകാശം പരത്തി. വൈകിയാണോ സത്യത്തിന്റെ പ്രഭാതം പൊട്ടിവിടർന്നതു്?

'എന്താണു് മനുഷ്യാ നിങ്ങൾ പെണ്ണുങ്ങളെപ്പോലെ കരയുന്നതു്? പ്രതിഷേധസ്വരത്തിൽ ബ്രഗാൻസയുടെ സ്വരം "പോട്ടെ മനുഷ്യാ പോട്ടെ നിങ്ങളുടെ മകനേയും എന്റെ മകളേയും രക്ഷിക്കൂ. ഈ അവസ്ഥയിൽ നിങ്ങൾ എന്നെ പ്രതീക്ഷിക്കരുതു്" ശരീരത്തിലെ മുറിവുകളിലേക്കു് നോക്കിക്കൊണ്ടു് ബ്രഗാൻസ തുടർന്നു "എഴുന്നേൽക്കു് അല്പംപോലും നടക്കാൻ കഴിവില്ല രക്തത്തായ പാറയുടെ മുകളിലേക്കാണു് അവർ പോയിരിക്കുന്നതു്." പരിഭ്രാന്തനായ നാഥ് ബ്രഗാൻസ ചൂണ്ടിക്കാണിച്ച സ്ഥലത്തേക്കു് തന്റെ വലിയ കാലുകൾ നീട്ടിവച്ചു നടന്നു.

രാജായും ബോബിയും പാറക്കെട്ടുകളുടെ മുകളിലേക്കു് എത്തിക്കൊണ്ടിരുന്നപ്പോൾ 'രാജാ രാജാ' എന്നുറക്കെവിളിച്ചുകൊണ്ടു് കോടീശ്വരനായ നാഥ് പാറക്കഷണങ്ങൾ ചവിട്ടി നടക്കുകയായിരുന്നു, കഴിയുന്നത്ര വേഗത്തിൽ. രക്തത്തായ പാറയുടെ മറുവശത്തുനിന്നും നദിപാറക്കെട്ടുകളിൽ തട്ടിമുട്ടി കുത്തിയൊലിച്ചൊഴുകുന്നതായ്പ്പെടുത്തുന്ന ശബ്ദം കേൾക്കാമായിരുന്നു.

രാജാ ബോബിയുടെ കൈപിടിച്ചാണു് മുകളിലേക്കു് കയറിക്കൊണ്ടിരുന്നതു്. പക്ഷേ, തളർന്നവശനായ ബോബി രാജായുടെ സഹായമുണ്ടായിരുന്നിട്ടുകൂടി മുകളിലേക്കു് തുടർന്നു് ഒരടിപോലും വയ്ക്കുവാൻകഴിയാത്ത അവസ്ഥയിലായി. രീതിയോടെ മുകളിലേക്കു് നോക്കിക്കൊണ്ടു് കിതപ്പോടെ ബോബി പറഞ്ഞു 'ഈ ശ്രമം ഉപേക്ഷിക്കൂ രാജാ. ഇത്രയും മതി. നിങ്ങളുടെ അച്ഛനും എന്റെ അച്ഛനും



ഇവിടെയുണ്ടു്. ഇപ്പോൾ നാം വേർപിരിഞ്ഞേ മതിയാവൂ.

തിരിഞ്ഞുനോക്കാതെ, ബോബിയുടെ കയ്യിലെ പിടിവിടാതെ രാജാ മറുപടി പറഞ്ഞു:

"ബോബി, എന്നെ ഒരിക്കലും ഉപേക്ഷിച്ചുപോവില്ലെന്നു് നീ പറഞ്ഞതു് മറന്നുപോയോ? സുഖത്തിലും ദുഃഖത്തിലും നാം ഇണ്ണുപങ്കാളികളായിരിക്കുമെന്നു് സത്യംചെയ്തതു മറന്നുവോ?'

'അതെ ശരിയാണു്. നാം അന്യോന്യം അതു് സമ്മതിച്ചിരുന്നു് ബോബിയുടെ സ്വരം തളർന്നതായിരുന്നു. എന്നാൽ..... എന്നാൽ.....'

'എന്നാൽ...' രാജാ ആ വാചകം പൂരിപ്പിച്ചു. 'ലോകം നമ്മെ ഒന്നിച്ചു ജീവിക്കാൻ അനുവദിക്കുന്നില്ല അതല്ലേ കാര്യം'

മുകളിലേക്കു കയറാൻ ശ്രമിച്ചുകൊണ്ടു് രാജാ പറഞ്ഞതു് തലകുനിച്ചു് ബോബി അംഗീകരിച്ചു. രാജാ ആകെ നിരാശനായിരുന്നതിൽ തുടർന്നു 'ഇപ്പോൾ എനിക്കു് ജീവിക്കാനാഗ്രഹം തോന്നുന്നില്ല ബോബി'

ബോബി തലയുയർത്തിനോക്കി. അവ്യക്തമായി രാജാ പറഞ്ഞതു് ഉൾക്കൊണ്ടിട്ടെന്നപോലെ സാവധാനത്തിൽ ജാഗ്രതയോടെ പറഞ്ഞു:

'ഞാൻ നിങ്ങളോടൊപ്പമുണ്ടു് രാജാ നിങ്ങൾ എവിടെപ്പോകുന്നുവോ അവിടെയെല്ലാം ഞാനുമുണ്ടു്'

ഇതുപറഞ്ഞു് നിരാശയോടെ വികാരാധീനയായ ബോബി രാജായെ വാരിപ്പുണർന്നു. അവരുടെ അവസാനത്തെ ചുംബനമെന്നപോലെ. പെട്ടെന്നു് താഴെ എവിടെയോനിന്നു് നാഥിന്റെ "രാജാ രാജാ" എന്നുള്ള വിളികൾ മുഴങ്ങി. ആപത്തു് കടന്നുവരുന്നു എന്നു മനസ്സിലാക്കിയതുപോലെ രാജാ ബോബിയുടെ ആലിംഗനത്തിൽനിന്നും വിമുക്തനായി.

"വരൂ ബോബി. അച്ഛൻ വന്നുകഴിഞ്ഞാൽ നമുക്കു് ഒരുമിച്ചു് മരിക്കുന്നതിൽ നിന്നു് രാജാ പറഞ്ഞു 'ആപത്തു് നമ്മുടെ മുമ്പിലും പിറകിലുമുണ്ടു്. ഇനി നമുക്കു് ആപത്തിനെ ഭയപ്പെടേണ്ടതില്ല.'

നാഥ് ഭയത്തോടെ നോക്കി, രാജായും ബോബിയും കിഴക്കാംതൂക്കായ പാറയുടെ മുകളിനു് അഗ്രഭാഗത്താണു്. നാഥ് മുന്നോട്ടു് ചുവടുകൾവയ്ക്കാതെ മകനോടു് കേണപേക്ഷിച്ചു: 'രാജാ, ഇനി ഒരടി മുന്നോട്ടു വയ്ക്കാതിരിക്കൂ. ആപല്ക്കരമാണു്....'

'എനിക്കറിയാം' ധിക്കാരത്തോടെ ആ മകൻ മറുപടിപറഞ്ഞു. 'വേർപെട്ടു ജീവിക്കുന്നതിനേക്കാൾ നല്ലതു്, ഒന്നിച്ചു മരിക്കുന്നതാണു്".

"എന്തു കുട്ടിത്തമാണു് രാജാ ഇതു്?"

'ഇതു കുട്ടിത്തമല്ല ഡാഡി' രാജായുടെ നയനങ്ങളിൽ ഒരു പുതിയ പ്രകാശം പൊട്ടിവിടർന്നു. ഇതു പ്രേമമാണു്. എന്നിട്ടു് ഇത്രയും കൂട്ടിച്ചേർത്തു 'ഞാൻ ഭേദിക്കുന്നു ഡാഡി. എനിക്കു് എന്റേതായൊരു ജീവിതമുണ്ടെന്നു് തെറ്റും ശരിയും മനസ്സിലാക്കാൻ എന്റേതായ അളവുകോലുണ്ടെന്നും ഡാഡി ഒരിക്കലും ഓർത്തിരുന്നില്ല. എനിക്കുവേണ്ടിയുള്ള തീരുമാനങ്ങളെടുക്കുമ്പോഴൊക്കെ താങ്കൾ ഒരേകാധിപതിയായിരുന്നു. ഡാഡിക്കു് ഞാൻ ഉത്തരവാദിത്വമില്ലാതെ, പ്രായമാകാത്ത വെറുമൊരു കുട്ടിയായിരുന്നു ഞാൻ. വളരുന്നുവെന്നും ജീവിതത്തെ നേരിടാനും എന്റേതായ തീരുമാനങ്ങളെടുക്കാനും കഴിവുണ്ടെന്നും ഡാഡിക്കു് മനസ്സിലാക്കാൻ

പോലും സന്തോഷം ലഭിക്കുകയില്ല" ആ ശബ്ദത്തിൽ മരണത്തിന്റെ മരവിപ്പുണ്ടായിരുന്നു. രക്തത്തായ പാറയുടെ മുകളിലേക്കവർ വേഗതയിൽ നടന്നുകയറിക്കൊണ്ടിരുന്നു. നദിയുടെ കുഴക്കിന്റെ ശബ്ദം ഒരലർച്ചപോലെ അവരുടെ കാതുകളിൽ വന്നലച്ചു. അതോടൊപ്പം നാഥിന്റെ വിളികളും അലച്ചലച്ചുകൊണ്ടുണ്ടായിരുന്ന 'രാജാ... രാജാ... നീ എവിടെയാണു് പോകുന്നതു്. മുമ്പിൽ ആപത്താണു്."

തോളിനുമുകളിലൂടെ നോക്കിക്കൊണ്ടു്, രക്തത്തായ പാറയുടെ അഗ്രഭാഗത്തു കഴിയാതെപോയി."

മകൻ മരണവുമായി ചേർന്നുനില്ക്കുന്നു. ഒന്നുകൂടിയാൽമതി എല്ലാം അവസാനിക്കാൻ. എന്തുചെയ്യണം? ആകെ തകർന്നു് പരിഭ്രാന്തനായ അവസ്ഥ. അപേക്ഷിക്കുകയേ മാർഗ്ഗമുള്ളു. താൻ ഒരു ചുവടു മുന്നോട്ടുവച്ചാൽ രാജാ കത്തുന്ന താഴ്വരയ്ക്കു് എടുത്തു ചാടുമെന്നു തീർച്ച വാത്സല്യം നിറഞ്ഞസ്വരത്തിൽ നാഥ് വീണ്ടും വിളിച്ചു കേണു 'തിരിച്ചുവരൂ മകനേ... തിരിച്ചുവരൂ...' കണ്ണീരിന്റെ ജനവു് ആ ഗദ്ഗദത്തിലുണ്ടായിരുന്നു. 'നിങ്ങൾ പ്രായപൂർത്തിയായവരാണെങ്കിലും, ഞങ്ങൾക്കു് നി

ങ്ങളിന്നും കുട്ടികളാണെല്ലോ".

"ഞാനതു് നിഷേധിക്കുന്നില്ല ഡാഡി. ഞങ്ങൾ നിങ്ങളുടെ സന്താനങ്ങൾതന്നെ. എന്നാൽ ഞങ്ങൾ നിങ്ങളുടെ സ്വത്തുക്കളല്ല. നിങ്ങൾ ഒരിക്കലും ഞങ്ങളെ സ്നേഹിച്ചിട്ടില്ല. ഞങ്ങളുടെ സ്നേഹവും, ജീവിതവും സന്തോഷവും നിങ്ങൾ വ്യാപാരം ചെയ്യാനാണു് ശ്രമിച്ചതു്."

എന്റെ കണ്ണീർക്കണങ്ങൾ അവർ കണ്ടിരുന്നെങ്കിൽ. നാഥ് ചിന്തിച്ചു പക്ഷേ, അവർ തന്നേക്കാൾ എത്രയോ മുകളിലാണു്. നാഥ് രാജായോടു് ഇപ്രകാരം പറയാനാഗ്രഹിച്ചു "ഞാൻ പരാജയം സമ്മതിക്കുന്നു രാജാ. എന്നെ ഇനിയും അവമാനിക്കരുതു്. എന്റെ മുറ്റ്ചേററ അനന്തയിൽ ഇനിയും കത്തിക്കയറുന്നതു്" പക്ഷേ, ഈ നിർണ്ണായകനിമിഷത്തിലും അഹന്തയും ഗർവും മററും നാഥിൽനിന്നും വിട്ടുപിരിഞ്ഞിരുന്നില്ല.

ഉറക്കെ നാഥിനു് ഇത്രയുംമാത്രമേ പറയാൻ കഴിഞ്ഞുള്ളു് "ഞാൻ ചെയ്തിട്ടുള്ളതെല്ലാം നിന്റെ മനസ്സാണു് മകനേ".

രാജായുടെ മറുപടി വൈരാഗ്യം നിറഞ്ഞതായിരുന്നു "ഡാഡിയുടെ നിയമങ്ങളേയും സമുദായത്തേയും മൂല്യങ്ങളേയുമല്ലാതെ ഞങ്ങളുടെ സന്തോഷത്തെപ്പററി ഒരിക്കൽപ്പോലും ചിന്തിച്ചിട്ടില്ലല്ലോ. ഞങ്ങളെ ഒരിക്കലും മനസ്സിലാക്കിയിരുന്നില്ലല്ലോ. ഡാഡിയെ മനസ്സിലാക്കാൻ ഞങ്ങളെ സഹായിച്ചിട്ടുമില്ല. താങ്കൾക്കു് ഇഷ്ടംപോലെ കൈകാര്യംചെയ്യാവുന്ന സ്വത്തെന്നതിൽകവിഞ്ഞു്. ഡാഡിക്കു് ഞങ്ങളൊന്നുമായിരുന്നില്ല. ഞങ്ങളുടെ ജീവിതം താങ്കളുടെ കൈകളിലാണു്. പക്ഷേ, മരണം ഞങ്ങളുടേതാണു്, ഞങ്ങളുടേതുമാത്രം. ഞങ്ങളുടെ അന്ത്യാഭിവാദനങ്ങൾ"

നിരന്തരനീങ്ങുന്ന ചക്രവാളത്തിലുള്ള മേഘങ്ങൾക്കെതിരെ നിഴൽചിത്രങ്ങളെപ്പോലെ രാജായും ബോബിയും കൈയോടു് കൈ ചേർന്നുനിന്നു. പരിഭ്രാന്തനായ നാഥിനു് അവർ ഭയപ്പെടുത്തുന്ന രണ്ടു ചോദ്യചിഹ്നങ്ങളെപ്പോലെ തോന്നി.

ചെങ്കുത്തായ പാറയിൽക്കിന്നു് ആ യുവമിഥുനങ്ങൾ താഴേക്കു നോക്കി. കൊടുങ്കാററുപോലെ കത്തിയെഴുകുന്ന നദിയുടെ പേടിപ്പെടുത്തുന്ന ശബ്ദം. അവർ അന്യോന്യം നോക്കി. എല്ലാംമറന്നു് ഒരു വിസ്മൃതിയിൽ അവരുടെ ചുവടുകളിളകി. നാഥിന്റെ കഠിനമായ വേദനനിറഞ്ഞ സ്വരത്തിലുള്ള വിളി മുഴങ്ങി "രാജാ... രാജാ..." പക്ഷേ, ആ വിളികേൾക്കാൻ ആരുമുണ്ടായിരുന്നില്ല. ഹൃദയം പൊട്ടി വിലപിച്ചുകൊണ്ടു് ആ പിതാവു് മുന്നോട്ടു കുതിച്ചു സ്വന്തം മകനേയും മകന്റെ കാമുകിയേയും രക്ഷിക്കാൻവേണ്ടി.

നാഥ് ഒന്നുമാലോചിക്കാതെ കിഴക്കാംതൂക്കായ പാറയുടെ മുകളിൽനിന്നും താഴേക്കു് എടുത്തുചാടി. സമുദ്രത്തിന്റെ സന്താനമായ ബ്രഗാൻസ ശരീരത്തിലെ മുറിവുകൾ വിസ്മരിച്ചുകൊണ്ടു് പ്രയാസപ്പെട്ടു നദീതീരത്തുചെന്നു്, വെള്ളത്തിലേക്കു് എടുത്തുചാടി. ജീവിതത്തിൽ എല്ലാം വിസ്മരിക്കാൻ കഴിഞ്ഞ നിമിഷം. പെട്ടെന്നു് നാഥിന്റെ കരങ്ങളിൽ എന്തോ തടഞ്ഞു. അതു് തന്റെ മകനായിരിക്കുമെന്നു് അയാളൂഹിച്ചു. ആ ശരീരത്തേയും വലിച്ചിഴച്ചു് നാഥ് തീരത്തിലേക്കു് നീന്തി. തീരത്തിലെത്തിയപ്പോഴാണു് നാഥിനു് മനസ്സിലായതു് അതു് ബോബിയാണെന്നു്!

ബ്രഗാൻസയുടെ, പരിചയസമ്പന്നനായ നീന്തൽക്കാരന്റെ കരങ്ങളിൽ എന്തോ തടഞ്ഞു. അതു് തന്റെ മകളായിരിക്കുമെന്നയാൾ ഊഹിച്ചു. അയാൾ ആ ശരീരത്തേയുംകൊണ്ടു് തീരത്തിലേക്കു നീന്തി. തീരത്തിലെത്തിയപ്പോൾ ബ്രഗാൻസയുടെ കണ്ണുകൾ തന്റെ പുത്രിയെ തിരഞ്ഞു. അതു ബോബിയായിരുന്നില്ല രാജായായിരുന്നു.

ബോബി മരിച്ചുവോ? വെള്ളത്തിൽനിന്നും കരയിലേക്കു് നീക്കിക്കിടത്തിയിട്ടു് നാഥ് അവളുടെ നാഡീസ്പന്ദനം പരിശോധിച്ചു. അതു നിലച്ചിരുന്നു. ഹൃദയസ്പന്ദനം ശ്രദ്ധിച്ചു. അതുംനിലച്ചിരുന്നു. പെട്ടെന്നു് നാഥ് ബോബിയ്ക്കു് കൃത്രിമശ്വാസോച്ഛ്വാസം നൽകി.

രാജാ മരിച്ചുവോ? ബ്രഗാൻസാ രാജായെ കരയിലേക്കു് എടുത്തുകിടത്തി നാഡീസ്പന്ദനം പരിശോധിച്ചു. അതു നിലച്ചിരുന്നു ഹൃദയസ്പന്ദനം നോക്കി അതും നിലച്ചിരുന്നു ഒരുനിമിഷം പകച്ചുനിന്നുവെങ്കിലും ബ്രഗാൻസാ രാജായ്ക്കു് കൃത്രിമശ്വാസോച്ഛ്വാസം നൽകി. എന്നിട്ടു് ദൈവത്തോടു് പ്രാർത്ഥിച്ചു. കാത്തിരുന്നു. വീണ്ടും പ്രാർത്ഥിച്ചു. വീണ്ടും കാത്തു.

എതിരെയുള്ള രണ്ടു തീരങ്ങളിലുമായി രണ്ടുപേർ ജീവിതത്തിനും മരണത്തിനുമിടയിലുള്ള നിമിഷങ്ങളെ സാഹസികമായി ആത്മവിശ്വാസത്താൻ നിരന്ത്രിച്ചുകൊണ്ടു നില്ക്കുന്ന ഒരാൾ കോടീശ്വരനായ ഒരു ബിസ്സിനസുകാരൻ. രണ്ടാമത്തെയാൾ ദരിദ്രനാരായണക്കാരനായ, നിഷ്കളങ്കനായ ഒരു മുക്കുവൻ പക്ഷേ, രണ്ടുപേരും ആസന്നമരണത്തിനുവെറും മനുഷ്യജീവികളായിരുന്നു.

"നാഥ് സാഹിബ്," അതിവേഗത്തിൽ ആർത്തലച്ചൊഴുകുന്ന നദിയുടെ മുറിവുകൊണ്ടു് ആ ശബ്ദം മറുകരയിലെത്തി ദൈവത്തിനു സ്തുതി നിങ്ങളുടെ മകൻ ജീവനോടിരിക്കുന്നു."

'മിസ്റ്റർ ബ്രഗാൻസ' കരേക്കുടിച്ചത്തിൽ നാഥന്റെ ശബ്ദം മുഴങ്ങി" നിങ്ങളുടെ ബോബി സുരക്ഷിതയായിരിക്കുന്നു".

നദിയുടെ ഒഴുക്കിന്റെ ഭീതിപ്പെടുത്തുന്ന ശബ്ദത്തെ കീറിമുറിച്ചുകൊണ്ടു് ഇരുകരകളിൽനിന്നും ആരുടേയും ഹൃദയത്തെ സ്പർശിക്കുന്നരീതിയിലുള്ള വിളികൾ മുഴങ്ങിയുയർന്നു

'രാജാ... ാ ാ."

'ബോബി... ി... ി."

ഇത്രജീവിതത്തിലേക്കുള്ള പാതയാണോ?

രാജായുടെ കരം ഗ്രഹിച്ചുകൊണ്ടു് ബ്രഗാൻസയും, ബോബിയുടെ കയ്യിൽ പിടിച്ചുകൊണ്ടു് അവും സന്തോഷത്തോടെ മുന്നോട്ടു നടന്നു.

ഇതു സംഭവിക്കാൻ കഴിയുമോ?

ഇതു സംഭവിച്ചിട്ടുണ്ടോ?

ഇതു സംഭവിക്കണം.

ഇതു വീണ്ടും സംഭവിക്കണം.

(അവസാനിച്ചു.)

അജ്ഞാനികൾ

ഉദ്യോഗജീവിതകാലത്തെ ചന്ദുമേനോന്റെ സ്വഭാവവിശേഷത്തെക്കുറിച്ചു പല കഥകളും പറഞ്ഞുകേട്ടിട്ടുണ്ട്. നല്ല അറിയപ്പെടുന്ന ഒരു ജഡ്ജിയായിരുന്ന അദ്ദേഹം തന്റെ അധികാരത്തേയും പദവിയേയുംപററി തികച്ചും ബോധവാനായിരുന്നു ചന്ദുമേനോൻ. അതിനെ ചോദ്യംചെയ്യാനോ അവഗണിക്കാനോ പുറപ്പെടുന്നവരെ അദ്ദേഹം നിലയ്ക്കു നിർത്തും.

കോടതിയിൽ കേസു വിചാരണചെയ്യുന്ന സമയത്തുകൂടി ചിലപ്പോൾ അദ്ദേഹം തന്റെ നർമ്മബോധം പ്രകടമാക്കും. ഒരിക്കൽ ചന്ദുമേനോൻകോഴിക്കോട്ട് സബ്ജഡ്ജിയായിരുന്ന കാലത്ത് അവിടത്തെ ഡിസ്ട്രിക്ട് ജഡ്ജി ഡേവിഡ് എന്ന പേരായ ഒരു ബ്രിട്ടീഷുകാരനായിരുന്നു. അദ്ദേഹത്തിന്നു കാക്കയുടെ ശബ്ദം കേൾക്കവയ്യായിരുന്നുവത്രെ. സായ്വ് കോടതിയിൽ എത്തിയാൽ മുന്നാലു ശിപായിമാർ അമ്പും വില്ലും കൈയിലെടുത്തു കോടതിക്കു ചുററും കാക്കയെ ആട്ടുവാനായി ഇടുന്നുകൊണ്ടിരിക്കും. സായ്വിന്റെ ഈ കാക്കവിരോധം അന്നു കോടതിയിൽ പോകുന്നവരുടെയിടയിൽ ഒരു തമാശയായിരുന്നു. ചന്ദുമേനോന്ന് അതു ബഹുരസമായി തോന്നി. കാക്കയുടെ ശബ്ദം കേട്ട് ഇങ്ങനെ പരിഭ്രാന്തനാകുന്ന സായ്വ് ചെണ്ടയുടെ ശബ്ദം കേട്ടാൽ എന്തു ചെയ്യുമെന്ന് അദ്ദേഹം അതിശയിച്ചു തന്റെ മുമ്പിൽ വിചാരണയ്ക്കു വന്നിരുന്ന ഒരു കേസ് ചന്ദുമേനോന്റെ നർമ്മബോധം വെളിപ്പെടുത്തുന്നതിന്ന് അവസരമുണ്ടാക്കി.

പ്രസിദ്ധനായ ഒരു ചെണ്ടക്കാരന്റെ കേസ്സ് അദ്ദേഹത്തിന്റെ കോടതിമുമ്പാകെ വിചാരണയ്ക്കു വന്നു. ഒരു പൂരത്തിന്നു ചെണ്ടകൊട്ടുവാൻ പോയ വാദ്യക്കാരെ പ്രതിഫലം കൊടുത്തപ്പോൾ തങ്ങിക്കലർച്ചിച്ചതു് ഒരു സാധാരണക്കാരന്റെ മാത്രമായിരുന്നുവെന്നും അതു തനിക്ക് അപമാനകരമാണെന്നുമററുംകാണിച്ച് ആ ചെണ്ടക്കാരൻ ഊരാളുന്മാരുടെപേരിൽ കേസ്സുകൊടുത്തു. ന്യായമായ വിധി കല്പിക്കുന്നതിന്ന് അദ്ദേഹത്തിന്നു ചെണ്ടകൊട്ടിച്ചുനോക്കുവാൻ ജഡ്ജി തീർച്ചപ്പെടുത്തി. സബ്കോടതിയിൽ ചെണ്ടകൊട്ടു തുടങ്ങിയപ്പോൾ ഡിസ്ട്രിക്ട് ജഡ്ജി ചെവിപൊത്തുന്ന ബഞ്ചിൽനിന്നെഴുന്നേററു് എന്താണ് ആ ശബ്ദമെന്നറിയുവാനായി ശിപായിമാരെ താഴത്തേക്കയച്ചു. ആകെ സബ്ജഡ്ജിയെ സമീപിക്കുവാൻ ധൈര്യമുണ്ടായില്ല. ഒടുവിൽ ശിരസ്തദാർ വന്നു ഡിസ്ട്രിക്ട് ഡെഡ്ജിക്ക് ആ ശബ്ദം കേൾക്കുക വയ്യെന്നും ഒരു പണിയും ചെയ്യുവാൻ സാധിക്കാതെ അദ്ദേഹം സ്വകാര്യമുറിയിൽ ഇരിക്കുകയാണെന്നും അറിയിച്ചു. തന്റെമുമ്പിലുള്ള ഒരു കേസ്സിൽ തെളിവെടുക്കുന്നതിന്ന് അതാവശ്യമാണെന്നും കുറച്ചു കഴിഞ്ഞാൽ അതു നിർത്തുമെന്നുമായിരുന്നു സബ്ജഡ്ജിയുടെ മറുപടി. വിശേഷിച്ചാണു

ചന്ദുമേനവനും ഡേവിഡ്സായ്വും കാക്കയും; ചെണ്ടയും

ണ്ടായിട്ടില്ലെന്ന ഭാവത്തിൽ തലകുലുക്കിക്കൊണ്ട് കോർട്ട് അവസാനിക്കുന്നതുവരെ സബ് ജഡ്ജി അതു കേട്ടുകൊണ്ടിരുന്നു. അവസാനം അന്യായക്കാരന്ന് അനുകൂലമായ വിധി കല്പിക്കുകയുംചെയ്തു. സബ്ജഡ്ജിയുടെ ഈ പ്രവൃത്തിയിൽ ഡിസ്ട്രിക്ട് ജഡ്ജി അത്യധികം ക്ഷോഭിച്ചുവെങ്കിലും അദ്ദേഹത്തിന്നു ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. സായ്വിനെ ഒരു പാഠം പഠിപ്പിച്ചുവെന്ന സംതൃപ്തിയോടെയുള്ള ഒരു കള്ളച്ചിരി ഒരുപക്ഷേ, ചന്ദുമേനോന്റെ മുഖത്ത് അപ്പോൾ കണ്ടിരിക്കാം.

(കെ. പി. കേശവമേനോൻ രചിച്ച സമകാലീനരായ ചില കേരളീയർ" എന്ന ഗ്രന്ഥത്തിൽനിന്നും. ഒരു സാഹിത്യപ്രവർത്തകസഹകരണസംഘം പ്രസിദ്ധീകരണം വില 12രൂപ.)

...o...

(24-ൽനിന്നും തുടർച്ച)

ഷണൽ എയർ ലൈൻസിന്റെ വിമാനം കൗണ്ടർ കണ്ടുപിടിച്ചപ്പോൾ 10–25 ആയി ഇനിയും അഞ്ചുമിനിട്ടുകൊണ്ട് വിമാനം നില്ക്കുന്ന ഗെയിററിൽ എത്താൻ സാദ്ധ്യമല്ല സ്നേഹിതനെ കാണുന്നില്ല. ഭാരം വഹിക്കാതെയാണെങ്കിൽതന്നെ വിമാനത്തിന്നുള്ളത്ത് എന്നാൽ പതിനഞ്ചുമിനിട്ടു വേണം. എന്റെ 'പൂർണഗർഭസ്ഥിതിയിൽ' (അല്പം കടവയറും തക്ക സഹായം ചെയ്തു) പതിനഞ്ചിനുപകരം മുപ്പതു മിനിട്ടെടുക്കും. എന്താണ് ഭാർഗ്ഗവൻ? ആലോചിച്ചുകൊണ്ടു നില്ക്കുമ്പോൾ മുഖത്ത് ഒരു മിന്നൽ അനുഭവപ്പെട്ടു. ആരോ ഫോട്ടോഫ്ളാഷ് പ്രവർത്തിപ്പിച്ചതാണ്. "അതാ നമ്മുടെ സ്നേഹിതൻ!" ഞങ്ങൾ ഓടിയടുത്തു. ബോബി ന്യൂയോർക്കിൽനിന്ന് എത്തിയിരിക്കുന്നു! എന്റെ ശ്വാസം നേരെ വീണു. മുൻകൂട്ടി യാത്ര ക്രമപ്പെടുത്തിയാൽതന്നെ അപ്രതീക്ഷിതമായ പല ക്ലേശങ്ങളും ഉണ്ടാവും. അപ്പോൾ രണ്ടുദിവസംകൊണ്ട് ഭൂലോകത്തിന്റെ പകുതിദൂരം യാത്രചെയ്യാൻ തുനിഞ്ഞ എന്റെ കാര്യം പറയണോ. ഇനി ശ്വാസസഹായം ഉണ്ടായെന്ന് പറഞ്ഞാൽ മതി.

"ഫിലഡെൽഫിയയ്ക്കു് വിമാനത്തിൽ പോകേണ്ട. ടിക്കററു കാൻസലുചെയ്യാം. ടാക്സിയെടുത്ത് ബസ്സ്സ്റേറേഷനിൽ പോകാം. അവിടെനിന്ന് ന്യൂയോർക്കിൽ ചെന്ന് എന്റെകൂടെ താമസിക്കാം. പിന്നെതിങ്കളാഴ്ച ട്രെയിനിൽഫിലഡെൽഫിയയ്ക്കു പോകാം. 'ബോബി പ്ലാൻ പറഞ്ഞു. ഞാൻ സമ്മതിച്ചു. ടിക്കററിലെ ന്യൂയോർക്ക്— ഫിലഡെൽഫിയ വിഭാഗം റദ്ദാക്കിയശേഷം ഞങ്ങൾ ടാക്സിയെടുത്ത് ബസ്സ്സ്റേറേഷനിൽ പോയി ടാക്സിക്കൂലി 5 ഡോളർ 50 സെൻറ്. 50 സെൻറ് "ടിപ്പ്" കൊടുത്തു. ധൈര്യമായി 6 ഡോളർ എടുത്തുകൊടുത്തു. ബോബി കൊടുക്കാൻ സന്നദ്ധതകാണിച്ചെങ്കിലും എനിക്ക് അതാവശ്യംവന്നില്ല!

ബസ്സ്സ്റേറേഷനിലേക്ക് കോവണി വഴി പെട്ടി ചുമന്നുകയററാൻ പ്രയാസമുണ്ടായില്ല. എസ്കലേററർ ഉണ്ടായിരുന്നു. ടാക്സി വന്നുനിന്ന റോഡിൽനിന്ന് വളരെ ഉയർന്നാണ് ബസ്പോകുന്ന റോഡു കിടന്നതു്.

ബസ്സുവന്നു. ഓട്ടോമാററിക്കായി വാതിൽതുറന്നു. ഓപ്പറേററർ (ഡ്രൈവർക്ക് "ഓപ്പറേററർ" എന്നാണ് ഇവിടെ പറയുന്നതു് കണ്ടക്ടറില്ല) സ്വിച്ചമർത്തിയാൽ വാതിൽ തനേ തുറക്കും. കൃത്യവിൽ നില്ക്കുന്നവർ ഓരോരുത്തരായി ബഹളം കൂടാതെ കയറുന്നു. സ്ത്രീകൾക്ക് പ്രത്യേകം സീററില്ല. കയറുന്നവർ കയറുന്നവർ ഓപ്പറേററർക്ക് സമീപംവച്ചിട്ടുള്ള ഒരുനാണയപ്പെട്ടിയിൽ മുപ്പത്തഞ്ചു സെൻറിടുന്നു. ടിക്കററില്ല. മുപ്പത്തഞ്ചുസെൻറ് ഇട്ടിട്ടുണ്ടോയെന്ന് ഓപ്പറേററർക്ക് പെട്ടിയുടെ കണ്ണാടി വശങ്ങളിലൂടെ കാണാം. നാണയങ്ങൾ നേരെ പെട്ടിക്കുള്ളിൽ വീഴുകയില്ല. ഒരു ചൊഴിയിലൂടെ ദ്വാരത്തിന്ന് തൊട്ടു മുകളിൽ ചെന്ന് ഒന്നു നുപുറകേ ഒന്നായി നാണയത്തുട്ടുകൾ തങ്ങിനില്ക്കും. യാത്രക്കൂലിയായ മുപ്പത്തഞ്ചുസെൻറ് ഉണ്ടാ എന്ന് ബോദ്ധ്യമായശേഷം ഒരു ലെവർ (ലീവർ എന്ന വാക്ക് അമേരിക്കയിൽ ലെവർ എന്നാണ് ഉച്ചരിക്കുന്നതു്) വലിക്കുമ്പോൾ മാത്രമേ നാണയത്തുട്ടുകൾ പെട്ടിക്കുള്ളിൽ വീഴുകയുള്ളൂ. അതു് കഴിയുമ്പോൾ യാത്രക്കാരന്ന് സീററിൽപോയി ഇരിക്കാം. ചില്ലറയില്ലാതെ യാത്രചെയ്യുവാൻ സാധിക്കുകയില്ല. ഒരു റൂട്ടിൽ ഏതു ദൂരവും സഞ്ചരിക്കാൻ മുപ്പത്തഞ്ചുസെൻറു മതി: മാററാരു റൂട്ടിലേക്ക് മാറാൻ അഞ്ചുസെൻറ് എക്സ്ട്രാ ഇട്ട് ഒരു ട്രാൻസ്ഫർ ടിക്കററ് വാങ്ങണം.

നമ്മുടെനാട്ടിൽ പത്തുരൂപനോട്ടുമായി ചെങ്ങന്നൂർനിന്ന് തിരുമൂലപുരം കാൻ ചിലർ ബസ്സിൽകയറും പിന്നെ 'കണ്ടക്ടർസാറുമായി' ഒരു ഈശോപേശലാണ്. ബഹളമായി വഴക്കായി. ചിലപ്പോൾ ബസ്സ് തിരുമൂലയ്ക്കു പോകാതെ നേരേ അടുത്തുള്ള പോലീസ്സ്റേറേഷനിൽ പോകും. അവിടെ ചില്ലറയുണ്ടെന്ന് തോന്നും. ആ പോക്കുകണ്ടാൽ! വണ്ടിയിലുള്ള യാത്രക്കാരിൽ ഒരു ഭാഗം കണ്ടക്ടറുടെ വശത്തും മറുഭാഗം പത്തുരൂപാക്കാരന്റെ വശത്തുമായി അണിനിരക്കും. സമയത്തിന്ന് ആരും വിലകല്പിച്ചിട്ടില്ലല്ലോ. വാദം ജയിക്കണം. അതാണ് പ്രധാനം. ചിലപ്പോൾ 'ചില്ലറ'സമരം രാഷ്ട്രീ

യസ്ഥരമാകും. ഈ പൊല്ലാപ്പൊന്നും ഇവിടില്ല, ചില്ലായില്ലെങ്കിൽ യാത്ര മുട്ടിയതുതന്നെ. യാത്ര ചെയ്യും മുമ്പുതന്നെ ആവശ്യത്തിനു ചില്ലറ എല്ലാവരും കരുതും. ഓപ്പറേററുടെ കയ്യിൽ ബ്ലാക്കിക്കൊടുക്കാൻ ചില്ലറയില്ല കാരണം അയാൾക്ക് പണം കൈകാര്യംചെയ്യാൻ, സാധിക്കുകയില്ല. പെട്ടിയിൽ യാത്രക്കൂലി വീഴുന്നോ എന്നു മാത്രമേ അയാൾ നോക്കുകയുള്ളൂ. അവസാനം ബസ്സ് തിരിച്ചു് സ്റേറഷനിൽ വരുമ്പോൾ അധികതുക പെട്ടിതുറന്നു് നാണയം ശേഖരിച്ചു് സേഫിൽ നിക്ഷേപിക്കുന്നു. ഇതുപോലെ നാട്ടിൽ ഈ സമ്പ്രദായം നടപ്പാക്കാൻ സാധിച്ചാൽ ദിവസേന ബസ്സിലുള്ള 'ഈശാപേശൽ', വാക്സമരങ്ങൾ മുതലായവ ഒഴിവാക്കാം. കണ്ടക്ടറന്മാർക്ക് മററുജോലികൊടുക്കേണ്ടിവരും! എന്നിരുന്നാലും ഈ സമ്പ്രദായം നല്ലതാണെന്നു തോന്നുന്നു. നമ്മുടെ ആളുകൾക്ക് പൊതുവേ ഒരു ചിട്ടയുണ്ടാകും. പൊതുവാഹനങ്ങൾ ഉപയോഗിക്കുമ്പോൾ എല്ലാപേരും ചില ചിട്ട പാലിച്ചാൽ സമയം ലാഭിക്കാം.

ബസ്സ് ന്യൂയോർക്കിൽ എത്തിയപ്പോൾ മണി പന്ത്രണ്ടായി. ബസ്സ്സ്റേറഷനിൽനിന്നു ബോബിയുടെ താമസസ്ഥലത്തേക്ക് ടാക്സിയിൽ പോയി. വഴിയിൽനിന്നു് കോവണികയറി മൂന്നാംനിലയിലുള്ള അപ്പാർട്ടുമെൻറിൽ പെട്ടിയും മാറും എത്തിച്ചതിൻെറ പ്രയാസം പറയേണ്ടതില്ല. എൻെറ പെട്ടിചുമക്കൽ നമ്മുടെ നാട്ടിലാണു് നടന്നതെങ്കിൽ ആളുകൾ പരിഹസിച്ചേനേ! കണ്ടില്ലേ! പത്തായിരം രൂപ ശമ്പളമുള്ള ഒരുത്തൻ പെട്ടിചുമക്കുന്നതു് മഹാ അക്കിസാണു്. ഒരു ഓട്ടോ പോകുന്നിടത്തു് കൂലിച്ചാകും! 'ഇവരെ വലിയ കമ്പനിപ്രസിഡൻറുന്മാരും കോളേജ് പ്രസിഡൻറുന്മാരും പെട്ടികൾ തന്നത്താൻ ചുമക്കാറുള്ള വിവരമുണ്ടോ അവരറിയുന്നു. സ്വാശ്രയശീലത്തിൽ അഭിമാനം കൊള്ളുന്നവരാണു് അമേരിക്കക്കാർ. നമ്മുടെ അഭിമാനം കളിക്കാനുതകുന്ന കളിച്ചട്ടങ്ങൾ ചിന്നംകാണിക്കുന്നതിലാണല്ലോ!

കളികഴിഞ്ഞുവന്നപ്പോൾ അതാ മേശപ്പുറത്തു് ചോറും കപ്പയ്ക്കുവച്ചതും മീൻകറിയും അച്ചാറുമടങ്ങിയ ഒരു സാമ്പാറും പച്ചമോരും കൂട്ടുമാണ്ടായും ഇരിക്കുന്നു. ഇതെന്തു് മറിമായം? അമേരിക്കയിലാണോ കേരളത്തിലാണോ ഞാൻ നില്ക്കുന്നതു്!

"ബോബിക്ക് വല്ല യക്ഷിസേവയോ മറേറാ ഉണ്ടോ?"

'എന്തു വിചാരിച്ചു വിളക്കലം? ഇവിടെ കിട്ടാത്തതു് ഒന്നുമില്ല. ഇന്ന് കുറ കപ്പകിട്ടി. നോക്ക് ഒരുമുട കക്കിംഗ് എങ്ങനെയുണ്ടെന്നു്?'

കക്കിംഗ് ഭേഷായിരുന്നു. എല്ലാം നല്ല സ്വാദുള്ള കൂട്ടാൻ. ഇവൻ എങ്ങനെ ഇതു് പഠിച്ചു? അപ്പോഴാണു് ഇനിയും സ്വയം പാചകം ചെയ്യേണ്ടിവരുന്നതിനെപ്പററി ഓർത്തതു്.

ആകെക്കൂടെ കാപ്പിയിടാനും ചോറുവെയ്ക്കാനും സമ്മതി ഉണ്ടാനും അറിയാം (വലിയ കലാബോധമില്ലാതെ ചെയ്യാൻ കഴിയുന്ന മറ്റു കാര്യങ്ങൾ). വേണ്ടി വന്നാൽ മുട്ട ഓംലെററുണ്ടാക്കാം.

'ഇതെല്ലാം പഠിക്കുന്നതല്ലോ ബോബി!'

'താനേ പഠിച്ചോളും!' ബോബി പറഞ്ഞു.

പാചകം സ്ത്രീകളുടെ കുത്തകയാണെന്നു് അവരും പുരുഷന്മാരും ധരിച്ചുവച്ചിട്ടുള്ള ഒരു സമുദായത്തിൽനിന്നു വിട്ടുജോലികൾ മുഴുവൻ — മുറ്റം തൂക്കുക, പാത്രം കഴുകുക, എന്നിങ്ങനെയുള്ള സകല ജോലിയും — സ്ത്രീകളുടെ വകുപ്പിൽപ്പെട്ട കാര്യമാണെന്നു ജനങ്ങൾ വിശ്വസിച്ചുപോന്ന ഒരു സമൂഹത്തിൽനിന്നു്—സ്ത്രീപുരുഷഭേദമില്ലാതെ ഏതു് ജോലിയും ആർക്കും ചെയ്യാമെന്നു വിശ്വസിക്കുന്ന ഒരു സമുദായത്തിലേക്ക് താല്ക്കാലികമായി അവരോടെ പിഴുതുമാററപ്പെട്ട എൻെറ ഉചിതരീതി സമൂലം പരിവർത്തനപ്പെടുവാൻ പോകുന്നതിനെപ്പററി അനല്പമായ ആശങ്ക ഉണ്ടായി. എങ്കിലും എല്ലാം ഭേഷാകുന്നു. ഒരു ദുരാകാശത്ത ഭക്ഷയില്ലെന്നു് എനിക്ക് നല്ല ബോധ്യമുണ്ടായിരുന്നു.

ഷോപ്പിംഗ്ലിസ്റ്റ് ക്ളീനിംഗ് വരെ ഒരാൾ ചെയ്യുന്ന നാട്ടിൽ ഓരോരുത്തരും സഹായത്തിനു് ആളുണ്ടു്. സ്ഥലത്തിനു് മേശപ്പുരികൾ ചെന്നിരുന്നാൽ മതി. തിററകഴിഞ്ഞു് കൂട്ടാനെന്തു ചമയ്ക്കാറങ്ങൾ പറഞ്ഞുതരുകയുണ്ടു് എഴുതിക്കൊണ്ടാൽ മതി! ഇവിടെ അതു് പററുകയില്ലല്ലോ.

(തുടരും)

മുഖവിവേശം

ഏ. എ. മുഹമ്മദ് റോഷൻ

ഏൻറെ ആദ്യത്തെ കഥ

വടക്കു വൃക്ഷത്തിലെ മഞ്ഞപ്പൂക്കൾ നോക്കി ജയ നിന്നു.

"നമുക്കൊന്നു ചുററിനടക്കാമോ?" പ്രേമ ചോദിച്ചു.

അയാൾ സമ്മതം മൂളി. "നീ വരുന്നോ?"

ജയ ക്ഷണം നിരസിച്ചു. "ഞാനിവിടിരിക്കാം." അവൾ പുല്ലിൽ കാലുനീട്ടിയിരുന്നു. അയാളും പ്രേമയും തോളുരുമ്മി, വലിയ പക്ഷിയുടെ കരിങ്കൽരൂപം കടന്നു. മദ്ധ്യാഹ്നത്തിലെ ഗ്രാമക്ഷീണം അവളിൽ കനത്ത ഭാരം കയററിക്കഴിഞ്ഞിരുന്നു. വീട്ടുതൽ അണക്കെട്ടിൻെറ പടിവാതിൽവരെ പിശാചുക്കളായി പിൻതുടർന്ന വെയിൽ. ഛർദ്ദിൽൻെറ രുക്ഷത്തോളമെത്തിയ അസ്വസ്ഥ്യം കടിച്ചമർത്തുകയല്ലേ പററിപ്പോന്നിട്ടുള്ളൂ.

ഇന്നലെയാണ് ക്ഷണമുണ്ടായതു്. കോണിപ്പടികൾക്കു മുകളിൽ, കിടക്കമുറിയിൽനിന്ന് അയാളുടെ ശബ്ദം മുഴക്കമായി താഴെയ്ക്കുടന്നുവിണപ്പോൾ അനുസരണയുള്ള ഒരു കുട്ടിയെപ്പോലെ എഴുന്നേററു. തണുത്തുറഞ്ഞ സംഭാഷണം പ്രതീക്ഷിച്ചുകൊണ്ട് പടികൾ ചവുട്ടിക്കയറിവാതിൽക്കലെത്തുമ്പോൾ ഒരു കടമയെന്നോണം അയാളുടെ ശബ്ദത്തിൻെറ തിരവന്നുമുട്ടി.

'നാളെ ഞങ്ങൾ അണക്കെട്ടിൽ പോകുന്നു. നീ വരുന്നോ?'

"വരുന്നു." ആലോചനയ്ക്കുവേണ്ടി സമയം വ്യർത്ഥമാക്കിയില്ല.

മെത്തയിൽ അയാൾക്കഭിമുഖമായി ഇരുന്നു.

"ഉച്ചയ്ക്കു പോണതു്." നിമിഷങ്ങൾക്കുള്ളിൽ വസ്ത്രങ്ങൾമാറി അയാൾ ധൃതിയിൽ പുറത്തിറങ്ങി. താഴെ കാറുപുറപ്പെടുന്ന ശബ്ദം കേട്ടപ്പോൾ ജയ സ്വയം പറഞ്ഞു: അയാൾ, എൻെറ ഭർത്താവ്." ഒരു വിനോദയാത്രയ്ക്ക് ഭാര്യയെ ക്ഷണിച്ചിട്ട്, അവൾ ആ ക്ഷണം സ്വീകരിച്ചപ്പോൾ മറെറാരു ഭാര്യയുടെയടുക്കൽ വമ്പോറിയിക്കാൻ പുറപ്പെട്ടിരിക്കുന്നു. ജയ യെസ്സുബന്ധിച്ചിടത്തോളം പുതുമയില്ലാത്ത, ആവർത്തനങ്ങൾ സ്വാഭാവികതയുടെ നിറംപുരട്ടിയ വെറുമൊരനുഭവമായിരുന്നു അതു് സ്വന്തം ഇഷ്ടപ്രകാരം അയാളറിയാതെ സ്വന്തമാക്കിയ ഭാര്യ. വീട്ടുകാർ കണ്ടുപിടിച്ചു നൽകിയ വധു. ഈ നഗരത്തിൽ അയാൾക്ക് ഇണകൾ രണ്ടാണ്.

അയാളുടെ മണമുള്ള തലയിണയിൽ മുഖമമർത്തി

ഒരു ഉച്ചയുറക്കത്തിനുമുൻപു് നാട്ടിൻപുറത്തെ പ്രസിദ്ധമായ തറവാട്ടിലെ പേരുകേട്ട കാരണവരുടെ കേളുടെ വിവാഹം. ദിവസങ്ങൾക്കുമുമ്പുതന്നെ എത്തിച്ചേർന്ന ബന്ധുക്കൾ ശ്വാസം മുട്ടിച്ചു. യാത്രപോന്ന പുതിയ ആൾക്കൂട്ടത്തെക്കുറിച്ചും തന്നെ ആണുപോകുന്ന സുഖവനായ വരനെക്കുറിച്ചും സുഖമുള്ള ചിന്തകളുടെ ചിത്രങ്ങൾ വരയ്ക്കുമ്പോൾ ചുററുകൂടി കളിയാക്കിയ സമപ്രായക്കാരികൾ. ദിവസങ്ങളുടെ കഴുത്തു മുറിഞ്ഞുവീഴാൻവേണ്ടി പ്രാർത്ഥന.

ഒടുവിൽ ഒരു മദ്ധ്യാഹ്നത്തിൽ. വിവാഹപ്രമുഖങ്ങളുണർന്നു. ഗ്രാമത്തിൽ പുകകൾ ഉറക്കമെത്ത വിട്ടുരോഷലകളിൽ അകററിനിറുത്തുമ്പോൾ അയാൾ നഗരത്തിൻെറ മുഖം വർണ്ണിച്ചു. യാത്രയിലെ കാഴ്ചകളെക്കുറിച്ചും.

അന്ന് അറിഞ്ഞില്ല. അയാൾക്ക് ഇവിടെ മറെറാരു ഭാര്യയുണ്ടെന്ന് ജ്ഞാനപ്പള്ളിയുടെ പിന്നിലുള്ള ഈ വീട്ടിൽ താൻ ഒരു ഭാര്യയായി, ഭർത്താവിൻേറയും അയാളുടെ ഭാര്യയുടേയും ആഹ്ലാദത്തിൻെറ പൂവുകളെ അസൂയയോടെ നോക്കുന്ന പഴഞ്ചനായി നിൽക്കേണ്ടവളാണെന്ന് കരുതിയില്ല. കുടുംബങ്ങളിൽനിന്നു വിടവാങ്ങി. നീണ്ട തീവണ്ടിയാത്രയ്ക്കുശേഷം നഗരം കണ്ടു ഒക്കിയിട്ട വാടകവീട്. അപരിചിതത്വത്തിൻെറ, പുതുമയുടെ ഭയം കൂട്ടുകൂട്ടിയ മുറികൾ. പൂർവ്വജന്മങ്ങളിലെ സുകൃതം നൽകിയ പാരിതോഷികമാണിതെന്ന് ജയയ്ക്കു തോന്നി. എൻെറ പുതിയ പുര. പറിച്ചുനടപ്പെട്ട വേരുകൾ പടർന്നുവളരേണ്ട ഭൂമി. ഏകാന്തതയുടെ സൗന്ദര്യംപൂശിയ, വാടകയ്ക്കെടുത്ത അമ്പലത്തിൽ വരനുവേണ്ടി നടത്തിയ പൂജകൾ ഫലപ്രാപ്തിയിലെത്തിക്കുന്നു. പക്ഷേ, പുതിയവീട്ടിലെ ആദ്യരാത്രി അഗ്നിപ്രന്തങ്ങളുയർത്തി അത്താഴത്തിനുശേഷം ഒരാവേശത്തോടെ അയാളുടെ ചുമലുകളെ വരിയുമ്പോൾ സത്യം കൂട്ടുചാടിയ കിളിയായി: 'ഇക്കാ

"ഇക്കാ, നീയെൻെറ രണ്ടാം ഭാര്യയാ." വിശ്വസിക്കുന്നതിനുപകരം ഉറക്കെ പൊട്ടിച്ചിരിച്ചു. ചിരിയുടെ നാവുകൾ കുഴഞ്ഞപ്പോൾ അയാളുടെ മുഖത്തു് വെറുങ്ങലിച്ച രേഖകൾ വളരുന്നതു കണ്ടു. ഭയം ഇഴഞ്ഞടുത്തു.

"സത്യമാണ്." അയാളുടെ സ്വരത്തിൽ നുണയുടെ കല്ലുകമില്ലായിരുന്നു. ഉന്മാദത്തിൻെറ മുനയുള്ള കത്തികൾ കൊത്തിക്കീറുന്നതുപോലെ തോന്നി 'ഇതത്ര പറയാതിരുന്നില്ലേ?' അയാളെ, വീണ്ടും ശ

കതിയായി വരിഞ്ഞു. മറുപടിത്തുണ്ടുകൾ ചെവിയിൽ കിടന്നുരുണ്ടു വീട്ടുകാർ പെണ്ണിനെ കണ്ടുത്തുന്നതിനു മുൻപുതന്നെ അയാൾ സ്വന്തം ഭാഷയറിയുന്ന, അഗതവാസിയായ ഒരു പെൺകുട്ടിയെ ഭാര്യയാക്കിക്കഴിഞ്ഞിരുന്നു കമ്പോളങ്ങളിൽ നിന്നൊഴിഞ്ഞ പാതയ്ക്കു ചുവപ്പുകാവിപ്പുടവിയ കോടതിയിൽ ഈ കല്ല്യാണത്തിന്റെ രേഖ സൂക്ഷിച്ചിട്ടുണ്ട്. മേളയില്ലാതെ, തിക്കും തിരക്കും സദ്യയുമില്ലാതെ ഒരു വിവാഹം അന്നേ. ഏതാനും സുഹൃത്തുക്കൾ മാത്രമറിഞ്ഞു. പിന്നെ അമ്മ കണ്ടെത്തിയ വധുവിന്റെ ഗുണം വിവരിച്ചുകൊണ്ടുള്ള കത്തുകിട്ടി നിരസിച്ചുകൊണ്ടു മറുപടി എഴുതി. അമ്മയ്ക്കു ദുഃഖം; അച്ഛനു കോപം.

അയാൾ നിർത്താതെ സഞ്ചരിച്ചു. ഒടുവിൽ വഴങ്ങി. താലികെട്ടിനു നാട്ടിലെയ്ക്കു മടങ്ങുന്നതിനുമുൻപുള്ള ദിവസങ്ങളിൽ പ്രേമ ദുഃഖിതയായ്ക്കേണ്ടു. അവൾക്കു ഗുണ അയാൾമാത്രം. ജോലിക്കുപോയ നഗരത്തിലെ അപരിചിതത്തിരക്കുള്ള അനുവാദമില്ലാത്ത വേഴ്ച അവളുടെ വീട്ടിൽ നിന്നു് ബസ്സ്റ്റാന്റിന്റെ ചട്ടുകൾ മുറിച്ചുകളഞ്ഞിരുന്നു.

ഞാൻ ക്രൂരനല്ല അമ്മയെ ദുഃഖിപ്പിക്കാനാവില്ല പ്രേമയെ ഉപേക്ഷിക്കാനും കൊടിയ ചതിയുടെ നോവിൽ ജയ ഞരങ്ങി. പാപിയുടെ ഭാര്യാപദം ചവിട്ടിക്കളഞ്ഞു് മടങ്ങണമെന്നു തോന്നി. പക്ഷേ, ഒരു പുരുഷനുമൊത്തു് അന്തിയുറങ്ങിയ ഞാൻ നാട്ടിലെ വെറുമൊരു പരിഹാസമായി മാറും. വിലയില്ലാത്ത ഒരു കൗതുകവസ്തു. ശോകട്ടെ, നേരിടാനാവുമോ എന്നു പരീക്ഷിക്കട്ടെ. ശക്തിയുടെ സൈന്യങ്ങളെ സജ്ജമാക്കുകയായിരുന്നു പിന്നീട് പണിസ്ഥാപനത്തിൽക്കിന്നു് മിക്കദിവസങ്ങളിലും അയാൾ കൃത്യമായി മടങ്ങിയെത്തി. ക്ഷീണിച്ചു. തമാശപറഞ്ഞു. മധുവിധുവിന്റെ പവിഴങ്ങൾ സമ്മാനിച്ചു. ഒരു വാശിയോടെ അതിൽ പങ്കുചേർന്നു. പ്രേമ എന്ന ശത്രുവിനെ പരാജയപ്പെടുത്തുവാനുള്ള തീവ്ര നിശ്ചിവേശമായിരുന്നു മനസ്സിൽ.

"ഇതു് പ്രേമ." ഒരു സായാഹ്നത്തിൽ തികച്ചും അപ്രതീക്ഷിതമായി അയാളുമൊത്തു് അവൾ വന്നു. പിരിച്ചിട്ട തലമുടിയിൽ ചൂടിയ ചുവന്ന പൂവുകൾ. ഉടയ്ക്കു മാറിടം ആകർഷകമായ ചിരി. എതിരാളിയാണെന്നു് വിശ്വസിക്കാൻ പണിപ്പെടേണ്ടിവന്നു. കൂട്ടുകാരിയോടെന്നോണം പെരുമാറി. പഠിച്ച കോളേജുകളെക്കുറിച്ചു്. നാടിനെക്കുറിച്ചു്, അയാളുമൊത്തുള്ള ജീവിതത്തെക്കുറിച്ചു് സംസാരിച്ചു ഒരേവ്യക്തിയുടെ രണ്ടു ഭാര്യമാരാണെന്നു് അകം പറയില്ല. അയാളുടെ മുഖത്തു് അനുരക്തിന്റെ നക്ഷത്രങ്ങൾ മിന്നി.

പ്രേമയുടെ വീട്ടിൽ, അയാൾ വാടകകൊടുക്കുന്ന മറ്റൊരുവീട്ടിൽ സന്ദർശകയായി. ഒന്നിച്ചു് സിനിമാശാലകളിലും ഗ്രന്ഥപ്പുരകളിലുംപോയി. ഭർത്താവിനിരവശവും ഭാര്യമാർ. ആയുധങ്ങളുടെ പെട്ടി തുറക്കേണ്ടിവരികയില്ലെന്നു് വ്യാമോഹിച്ചു.

അമ്മയ്ക്കു്, അനുജത്തിക്കു്, കൂട്ടുകാർക്കു് കത്തുകളെഴുതി. സുഖസൗകര്യങ്ങളുടെ അഭിലഷിപ്പിക്കുന്ന ദീർഘങ്ങളായ വിവരണങ്ങൾ.

മുഖം മാറി. അയാൾ താവളം മാറി. അവഗണനയുടെ ഭൂതം ജയയെ വേട്ടയാടി.

രാജാവിന്റെ പട്ടമഹിഷി ഭ്രമം; ജയ. വെറുമൊരു വെപ്പാട്ടി. അയാൾ വന്നെത്തുന്നതിനുമുമ്പുള്ള ദിവസങ്ങളിൽ ഉറക്കെ കരയുന്ന പട്ടിയും, കഴിവിയായ വേലക്കാരിയും, കാവൽകിടന്നു. ഒരു കടമെന്നോണം യാത്രകൾക്കു ക്ഷണം കിട്ടി. ഒന്നും നിരസിച്ചില്ല. അയാൾ കർത്തവ്യം നിർവ്വഹിക്കുന്നു ഒഴിഞ്ഞുകൊടുത്താൽ അവഗണനയുടെ വ്യാപ്തി വർദ്ധിക്കും അവർക്കായി ഞാൻ സ്വർഗ്ഗം പണിയില്ല.

ദൂരെ നിരവധിവാരയുയരത്തിൽ അണക്കെട്ടു്. ഇരുവശങ്ങളിലൂടെയും താഴേയ്ക്കു് കുതിച്ചൊഴുകുന്ന ജലത്തിന്റെ ആരവം. ഇരുസുഷുട്ടുകളിൽ തളർന്നു വീഴുന്ന വെയിലിന്റെ പാളികൾ.

പ്രദക്ഷിണം കഴിഞ്ഞു് അവർ മടങ്ങിയെത്തി.

"കഴിഞ്ഞോ കാഴ്ച?"

"ആഹാ, എന്തു രസമായിരുന്നു. ജയ ഒന്നും കണ്ടില്ലല്ലോ." ഇമ്പമുള്ള ഗീതയിൽ പ്രേമ സംസാരിച്ചു.

ശിവസ്വരൂപം

വട്ടപ്പാറ

അമ്മേ,
ജിനകായി നശിക്കുന്നതെന്തുഞാൻ?
ഓടിനടന്നും
കളിച്ചും,
ചിരിച്ചും, കരഞ്ഞും,
മദിച്ചുതിമിർത്തും,
മലിനമാക്കി
നിന്റെ സുന്ദരമായ പ്രപഞ്ചം.
നിൻ സൃഷ്ടിജാലങ്ങളാകെയശുദ്ധമായ്...
എന്നിക്കായി സൃഷ്ടിച്ചതൊന്നുമനുഭവിച്ചില്ല ഞാൻ...
നിന്റെ മോഹംപോലെ
ജീവിച്ചതില്ല ഞാൻ—
നിന്റെ മാർഗ്ഗങ്ങളിൽ
സഞ്ചരിച്ചിട്ടുവാൻ
ആഗ്രഹിച്ചില്ല ഞാൻ—
നീ തന്ന പാതയിൽ
ശാഖകൾ തീർത്തുനടന്നു ഞാൻ—
എങ്ങുമെത്തിച്ചേർന്നതില്ല ഞാൻ!...
(എന്നുള്ളിലമ്മേ, ഇരുന്നു കരഞ്ഞുപോയി!...)
എൻ ശുഭബുദ്ധിയും
നീ തന്നശക്തിയും
നിന്നിസ്സൃഷ്ടിയിൽ പരീക്ഷിക്കാതൊഴിഞ്ഞു ഞാൻ!...
നിന്നെ മറന്നു ഞാൻ...
പക്ഷേ,
അമ്മേ,
ഓടിയോടിത്തളർന്നു ഞാൻ
വീഴാമെന്നോർത്തു നീ
പ്രേമുണ്ടായിരുന്നല്ലോ...
(ഈററുനോവിൻ ദുഃഖം
എന്തറിയുന്നു ഞാൻ?)
ഇരുളിച്ചകളിൽ
ഉണ്ടെന്നെ മുൻ പൂവുടൽ
താങ്ങിനിറോടണ—
ച്ചിടുവാൻ,
വന്നു നീ, ഈ വേളയിൽ
പ്രക്ഷേ,യമ്മേ,
നിന്നെക്കൊന്നുനൽകി ഞാൻ? —
(നിന്നെക്കൊന്നു നശിക്കുവാൻ?
നിന്നെ മറന്ന ഞാൻ
നൽകേണ്ടകാര്യം മറന്നുപോയ്!...)

2

പശ്ചാത്തപിച്ചിട്ടു
കാര്യമില്ലെന്നറിയുന്നു ഞാൻ!...
പശ്ചാത്തപിച്ചാലും
പുണ്യവാനാകുവാനാശ്വസിക്കുതില്ല ഞാൻ!
ചമ്മട്ടികൊണ്ടുനീരുന്നെന്നെയടിക്കുകാ...
മററാരു മുഷ്ക്കിടം മെക്കഞ്ഞിട്ടുകാ...
നീ കതിരൊന്നെന്നിക്കായിപ്പണിയുകാ...
മുള്ളിരമ്പണിക്കണ്ടെന്നെന്നതു ചുകാ..
പാപിയെപ്പോഴുമർഹിക്കുന്ന
ക്രൂരമാശിക്ഷ...
നിൻ ശിക്ഷയർഹിച്ചിട്ടുന്ന ഞാനമ്മേ!...

...*...

ദൂരെ, ക്യാമറാകൾ തൂക്കിയ ചെറുപ്പക്കാർ കളിപറഞ്ഞു് കൂട്ടായി ചരിച്ചു.

"ഞങ്ങളിനി തോണിതുഴയാൻ പോണം. ജയേം വരുന്നു", ഇവിടെ തസ്സ്രിക്കാതെ.

ജയ മനസ്സിൽ ചിരിച്ചു: ഇവൾ എത്ര സമർത്ഥമായി അഭിനയിക്കുന്നു. എന്നെ ഒരു ബാധയായി കണക്കാക്കുന്ന, ഒഴിച്ചുകിട്ടുവാൻ അങ്ങേയററം ആഗ്രഹിക്കുന്ന ഇവൾ അവരുടെ ആഹ്ലാദത്തിൽ പങ്കുചേരാൻ വെകനിട്ടുമ്പോൾ ആ മുഖത്തു് അസ്വാഭാവികതയുടെ ചെറിയ ചിഹ്നങ്ങൾപോലുമില്ല.

"ഞാനുമുണ്ടു്". അവളെഴുന്നേററു. വീണ്ടും തന്നിച്ചിരിക്കുന്നതു് കീഴടക്കലാണു്. പ്രേമയ്ക്കു് ക്ഷീണമില്ല. അവൾ ഉത്സാഹത്തിന്റെ മുത്തുമണികൾ കിലുക്കുന്നു. പക്ഷേ, ഉദരത്തിൽ ഒരു കുഞ്ഞിന്റെ ച

ചിത്രങ്ങളടങ്ങിയ ശാസ്ത്രഗ്രന്ഥങ്ങൾ

1. മദനലീലകൾ: പൂർണ്ണചിത്രഗ്രന്ഥം. ലൈംഗികാവയവങ്ങളുടെ പ്രവർത്തനം. വിവിധസംയോഗരീതികൾ മുതലായവ. വില 7 00
2. രാസരസം: മധുമിധു ആനന്ദലഹരിയുള്ളതാക്കാൻ സ്വീകരിക്കേണ്ട സംയോഗരീതികൾ രഹസ്യങ്ങൾ ചിത്രങ്ങൾസഹിതം. വില 6 00
3. മദനസാമ്രാജ്യത്തിലെ രതിവിചിത്രതികൾ: ദമ്പതിമാരുടേയും കാലരകാമ്പന്ധങ്ങളുടേയും ലൈംഗികവിചിത്രതികളുടെ സമാഹാരം. വില 6 00
4. സെക്സ് അററ്ലസ്: സ്ത്രീപുരുഷലൈംഗികാവയവങ്ങൾ. മൈഥുനരീതികൾ ഹാമിലിപ്പിയാനിംഗ് ഗർഭ, ചിത്രഗ്രന്ഥം. വില 5 00
5. സ്ത്രീപുരുഷശരീരശാസ്ത്രം: ലൈംഗികാവയവങ്ങളുടെ വളർച്ച പ്രവർത്തനം സംഭോഗരീതികൾ ചിത്രഗ്രന്ഥം. വില 5 00
6. രാസക്രീഡ: രതിമാഹാത്മ്യം ഉത്തമസംയോഗനിലകൾ കാമലീലകൾ എല്ലാം ചിത്രങ്ങൾ സഹിതം. വില 4 00
7. കാമശാസ്ത്രം: വാൽസ്യായനൻ മുതൽ ഹാവ്ലോക് എല്ലിസ്വരെ നിർദ്ദേശിച്ചിട്ടുള്ള കാമലീലകൾ. ചിത്രഗ്രന്ഥം വില 4 00
8. സ്ത്രീകളും പ്രസവരഹസ്യവും: ഗർഭോല്പാദനം മുതൽ പ്രസവംവരെയുള്ള രഹസ്യങ്ങൾ—ചിത്രഗ്രന്ഥം. വില 5 00
9. ഹണിമൂൺ: (രതിലീലകൾ) വിവാഹിതരാകാൻപോകുന്നവർ അറിഞ്ഞിരിക്കേണ്ട കാമലീലാരഹസ്യങ്ങൾ ചിത്രഗ്രന്ഥം. വില 2 00
10. വിവാഹജീവിതവും സംയോഗരീതികളും: ഒന്നും അറിയാൻ പാടില്ലാത്തവർ ഈ ചിത്രഗ്രന്ഥം വായിച്ചാൽ മതിയാകും. വില 2 00
11. കല്യാണരാത്രിയിലെകാമലീലകൾ: എന്നുമെന്നും ദാമ്പത്യജീവിതം പുതുമയുള്ളതാക്കാൻ ഈ ചിത്രഗ്രന്ഥം വായിക്കുക. വില 2 00
12. ശീഘ്രസ്ഖലനവും നിവാരണമാർഗ്ഗങ്ങളും: വില 1.00

വി. പി. ചെലവു പുറമേ കാററ്ലോഗ് സൗജന്യം.

F. P. A. I. Thariannagar (VIA) Thiruvalla, E. M. S., Kerala.

കേരള
ദിനേശ് ബീഡി
കണ്ണൂർ

ലനംകേട്ട് ഞെട്ടിയിരിക്കുന്ന താൻ ചിറകൊടിഞ്ഞ പക്ഷിയാണ്.

അവർ നടന്നു. പാതയ്ക്കപ്പുറം, മതിലാഞ്ചിരേങ്ങൾക്കപ്പുറം മുളിപ്പാടുപാടി പുല്ലുറുക്കുന്ന തോട്ടക്കാരൻ. ഒരു കോവണിച്ചരിവോടെ മുകളിലേയ്ക്കു കിടക്കുന്ന പാതവശങ്ങളിലേയ്ക്കു് ഊന്നിവീഴുന്ന നിഴലുകളായി അവർ കയറി. കൂട്ടുമുട്ടിയ ശിഖരങ്ങൾ ശാഖകളുള്ള വൃക്ഷമായി നീങ്ങി.

ജയയുടെ മുഖത്തും ശരീരത്തിലു, വിയർപ്പുതുള്ളികൾ തിളങ്ങി. മാസങ്ങൾക്കുള്ളിൽ അവൾ ഒരമ്മയാകും. ഒരുപക്ഷേ, ആ കുഞ്ഞിനു് അയാളുടേതന്നെ രൂപമായിരിക്കും. അതോടെ ഈ ബന്ധം ഒഴിയാനാവാത്ത പൂർണ്ണതയ്ക്കേ്ക്കും.

അവൾ പ്രസവത്തോടനുബന്ധിക്കുമ്പോൾ കുഞ്ഞിനെ ശുശ്രൂഷിക്കുമ്പോൾ അയാളും പ്രേമയും ഉത്സാഹത്തിന്റെ പുതിയ താഴ്വാരങ്ങൾ തേടുകയാവും.

യുദ്ധം ജയിക്കാനാവില്ല. അയാൾ സമ്മാനിച്ച കുഞ്ഞുമായി വീട്ടിലേയ്ക്കു മടങ്ങുക അസാദ്ധ്യം.

ഒരു പഴയതാലൂക്കെട്ടിന്റെ രൂപത്തിൽ നിർമ്മിച്ച ടൂറിസ്റ്റ് മന്ദിരം. പാതയ്ക്കപ്പുറത്തിയ മേൽക്കൂരയിൽ ഇടയ്ക്കിടെ പുതിയ ഓടുകൾ പല്ലിളിച്ചു. അണക്കെട്ടിൽതട്ടി ഗതിമുട്ട കേഴുന്ന ജലം. ജലവിതാനം മേഖലപ്പെടുത്തിയ മഞ്ഞപ്പലകയ്ക്കരികിൽബന്ധനത്തിൽ കിടക്കുന്നബോട്ട്. കൂടെ ചായം പഴക്കത്തെ പൊതിഞ്ഞ തുഴവള്ളം. വേനലിന്റെ ശാപമേററു തളരാത്ത ജലം.

അങ്ങാൾ കാവൽപ്പുരയിലേയ്ക്കു നടന്നു. തോണി തുഴയുന്നതിനുള്ള അനുമതിയുമായി തിരികെ വന്നു. പരിചാരകൻ, ബന്ധിച്ചിരുന്ന തൂണിൽനിന്നു് വള്ളം അഴിച്ചു. രണ്ടു തുഴകൾ അയാളും പ്രേമയും പങ്കിട്ടു.

'ഞാൻ തുഴയാം.'

'വേണ്ട, ഗർഭിണി മിണ്ടാതിരുന്നാൽ മതി.' പ്രേമ കളിയാക്കി.

തുഴകൾ വെള്ളത്തിൽ പോറലുകൾ വീഴ്ത്തി. തോണിനീങ്ങി. അകലത്തിനു സമീപംനിന്ന കിഴവൻ വെറുതേ കൈവീശി.

തോണികരവിട്ടു. ചെടികൾ കാടുപോലെ വളർന്നുകിടക്കുന്ന പ്രദേശം വളഞ്ഞു പിന്നിട്ടു. നിരവധി ചലച്ചിത്രങ്ങൾ പകർത്തിയ പ്രകൃതി.

തോണി കലുങ്ങി. വെള്ളത്തിനുമുകളിൽ കിടന്നു തുള്ളി.

'അയ്യോ ചരിയുന്നു' ജയ പരിഭ്രമിച്ചു.

'പേടിയാണോ' പ്രേമ കണ്ണുരുട്ടിച്ചിരിച്ചു.

'നമ്മളെപ്പോലെ നീന്താൻ, ജയയ്ക്കറിയില്ല.' അയാൾ പറഞ്ഞു.

ശരിയാണ്. കളങ്ങളുടെയും പുഴയുടെയും നാട്ടിൽജീവിച്ചവളായിട്ടും, നീന്താൻ പഠിച്ചിട്ടില്ല പഠിപ്പിക്കാൻ പലതവണ ശ്രമങ്ങൾ നിരസിച്ചിട്ടുമുണ്ട്. അമ്പലക്കുളത്തിൽ വർഷകാലത്തു് ജലമുയരുമ്പോൾ കുളിക്കാനിറങ്ങുന്നതു് തയ്യപ്പാടോടെയായിരുന്നു. കൂട്ടുകാരികൾ നീന്തിത്തുടിക്കുന്നതു് അത്ഭുതത്തോടെയാണ് നോക്കിനിൽക്കുക

തോണി പിന്നേയും വല്ലാതെ കലുങ്ങുന്നതു് അവൾ കണ്ടു. അകലെ കരയിലേയ്ക്കു നോക്കി സ്വയം പറഞ്ഞു: ഒരുപക്ഷേ, ഇതു് കരതിക്കുട്ടിയുള്ള ശ്രമമായിരിക്കും. ഈ തോണി ഇവിടെ മുങ്ങും. മൃഗങ്ങൾ നദിയിൽ താഴും. നനഞ്ഞ വസ്ത്രങ്ങളുമായി രണ്ടുപേർ നീന്തിരക്ഷപ്പെടും. ഞാൻ മാത്രം ഈ ജലത്തിന്റെ അടിത്തട്ടിൽ ശ്വാസംമുട്ടി പിടയും.

ജലസംഭരണി എന്റെ ശ്മശാനമാണ്.

തോണി മറിയുന്നതുംകാത്തു് ജയ കണ്ണടച്ചു.

—o—

(16-ൽനിന്നും തുടർച്ച)

അറബിക്കഥകളെ നിഷ്പ്രഭമാക്കുന്ന ഓനാസിസിന്റെ ഈ വളർച്ചയുടെ കഥ കഥാകാരിസിന്റെ പുസ്തകത്തിലില്ല. കോടീശ്വരനായ ഓനാസിസിന്റെ അസാധാരണമായ വ്യക്തിത്വം വരച്ചുകാട്ടുകയാണതിൽ.

ഓനാസിസിന്റെ ആദ്യഭാര്യയുടെ പേരു് ആത്ത്ക്കീനയെന്നാണ്. സ്നേഹപൂർവ്വം തീന എന്നു വിളിക്കുന്നു. സ്റ്റാവ്റോസ് ലിവാനോസ് എന്ന കപ്പൽരാജാവിന്റെ രണ്ടുപുത്രിമാരിൽ ഇളയവളാണ് തീന. ജ്യേഷ്ഠത്തിയെ ഏവുജേനിയ നിയാർക്കോസ് എന്ന ഒരു കോടീശ്വരനാ

ണ്ട് വിവാഹം കഴിച്ചത്. നിയർക്കോസിന്റെ ഇപ്പോഴത്തെ ഭാര്യ, ഹെൻട്രി ഫോർഡ് മണ്ടാമത്തെ പുത്രി ചാർലോട്ടി ഫോർഡാണ്.

മരിയാകല്ലാസ് എന്ന സുന്ദരിയായ നടിയിൽ ഓനാസിസ് ആകൃഷ്ടനായി. മരിയാകല്ലാസ് ഇല്ലാത്ത നിമിഷങ്ങൾ ഈ കോടീശ്വരചക്രവർത്തിക്ക് ദുസ്സഹമായി അനുഭവപ്പെട്ടു. ഈ മതിഭ്രമം കണ്ട തീനമാനസികക്ഷതയ്ക്കോചിച്ചുകൊണ്ട് ഓനാസിസിൽനിന്ന് വിവാഹമോചനം നേടി സ്വതന്ത്രയായി.

വിവാഹമോചനം നടത്തിയ ഒരു പുരുഷനെ ഒരു ക്രിസ്ത്യീയയുവതി ഭർത്താവായി സ്വീകരിച്ചുകൂടെ. തന്റെ ആദ്യവിവാഹം നിയമപരമായ ഒന്നല്ല എന്ന തെളിയിച്ചുകൊണ്ടും പുനർവിവാഹത്തിന് സഭയുടെ അംഗീകാരം ആവശ്യപ്പെട്ടുകൊണ്ടും മതക്കോടതിയിൽ ഓനാസിസ് കേസുകൊടുത്തു. സാധാരണഗതിയിൽ ഇത്തരമൊരു കേസിന്റെ വിധിപറയുവാൻ നാലുവർഷം വേണ്ടിവരും. പക്ഷേ, സമ്പത്തിന്റെ ദൈവമായ ഓനാസിസിന്റെ കേസിന്റെ വിധി മൂന്നുദിവസത്തിനുള്ളിലുണ്ടായി. 'ജാക്കലിനെ വിവാഹംകഴിക്കുന്നതിന് സഭ ഒരിക്കലും എതിരല്ല' എന്നാണ് വിധിന്യായത്തിൽ പറഞ്ഞിട്ടുള്ളത്.

വിവാഹത്തിനുമുമ്പുതന്നെ ജാക്കലിൻ കെന്നഡിയും, ഓനാസിസും ബന്ധപ്പെട്ടിരുന്നുവെന്ന് അനേകംപേർ വിശദമായ രേഖകൾ നിരത്തിക്കൊണ്ട് കഥാറാക്കിസ് വെളിപ്പെടുത്തുന്നു. എന്നിട്ട് ജാക്കലിന്റെ രഹസ്യങ്ങൾ മുഴുവനറിയാവുന്ന കഥാറാക്കിസ് സത്യം കൂട്ടിച്ചേർക്കുന്നു. 'കെന്നഡി വെടിവച്ചു കൊല്ലപ്പെട്ടില്ലായിരുന്നുവെങ്കിൽ', ജാക്കലിൻ വിവാഹമോചനംനേടി മിസ്സിസ് ഓനാസിസായിത്തീരുമായിരുന്നു എന്നതിൽ രണ്ടുപക്ഷമില്ല.' ജാക്കലിനും ഓനാസിസും പ്രേമബദ്ധരാണെന്ന് ലോകത്തെ നടുക്കിയ ആ വിവാഹത്തിനുമുമ്പ് അറിയാമായിരുന്നവർ രണ്ടുപേർ മാത്രമാണ് ഒന്ന് മരിയാകല്ലാസ്, ഒരു ജെർണൽ കെന്നഡി അന്നേ വർഷക്കാലം കെന്നഡികുടുംബത്തിലെ ആയ എന്ന നിലയിൽ സേവനമനുഷ്ഠിച്ച മൗദ്ഷായെ കെന്നഡിയുടെ മരണശേഷം ജാക്കലിൻ പെൻഷൻനൽകി പിരിച്ചയച്ചു. മൗദ്ഷാ എഴുതിയ 'എന്റെ രഹസ്യങ്ങൾ' എന്ന ഗ്രന്ഥത്തിൽഅപൂർവ്വമായ ഞെട്ടിപ്പിക്കുന്ന രഹസ്യങ്ങളുണ്ട്. ജാക്കലിന്റെ സ്വതന്ത്രജീവിതം കെന്നഡിയ്ക്കു എത്രമാത്രം വേദനിപ്പിച്ചുവെന്ന് അവരുടെ വാക്കുകളിൽത്തന്നെ പകർത്താം. 'കരോളിനെ ഉറക്കാൻ ഭാവിക്കുമ്പോഴാണ് ഞാനൊരു തേങ്ങൽ കേട്ടത്... അരുതാത്തതാണെങ്കിലും ജിജ്ഞാസ എന്നെക്കൊണ്ടതു ചെയ്യിച്ചു. ജാക്കലിയുടെ മറവിൽ പതുങ്ങിനിന്ന് ഞാനതു കണ്ടു. ജാക്കലിന് വന്ന ഏതാനും കത്തുകൾ കയ്യിൽ വച്ചുകൊണ്ടുള്ളതാണ് (കെന്നഡി) പൊട്ടിക്കുമെന്നു. അതു് ജാക്കലിന് വന്ന രഹസ്യക്കത്തുകളാണെന്ന് ഞാൻ സംഭാഷണങ്ങളിൽനിന്നും മനസ്സിലാക്കി. അവർ തമ്മിലുള്ള വാഗ്വാദം മണിക്കൂറുകൾ നീണ്ടുനിന്നു. രാവിലെ ഉണരുമ്പോൾ അദ്ദേഹത്തിന്റെ മുഖത്ത് ഇങ്ങനെയൊരു സംഭവമുണ്ടായതായ സൂചനയില്ലായിരുന്നു. പിന്നീട് ഞാനുള്ളതുവരെ ഇത്തരമൊരു രംഗമുണ്ടായിട്ടില്ല. ആ കത്തുകളുടെ രഹസ്യമെന്താണെന്ന് ഇന്നും എനിക്കറിഞ്ഞുകൂടാ...'

ഓനാസിസ് ജാക്കലിനുകെന്നഡിയെ വിവാഹം കഴിച്ച വാർത്തയറിഞ്ഞ തീനമിതമായി മദ്യപിച്ചു ബോധരഹിതയായി നിലംപതിച്ചുത്രേ. ഓനാസിസിന്റെ മോഹമായിരുന്ന കൗതുകമായിരുന്ന മരിയാകല്ലാസ്, വിവാഹദിവസം പാരീസിൽ ഒരു ക്ലബ്ബിലിരിക്കുകയായിരുന്നു. കൂട്ടുകാർ വിവാഹകാര്യത്തെക്കുറിച്ച് നിരന്തരം ചോദ്യങ്ങൾ ചോദിച്ചു. എല്ലാ ചോദ്യത്തെയും മറവപ്പിച്ചുകൊണ്ട് മരിയാ മറുപടി പറഞ്ഞു. 'എന്റെ പ്രിയപ്പെട്ട ഓപ്പറ ഡബല്ലിനിയുടെ നോർമയാണ്' (കാമുകനെ നിരന്തരമായി ശല്യപ്പെടുത്തുന്നതിനോടുകൂടി നല്ലതു് ആത്മഹത്യചെയ്തുകൊണ്ടുവിശ്വസിച്ചതു നിഷ്കളങ്കയായ കാമുകിയുടെ കഥയല്ലായിക്കുന്ന കഥ.) ലോകത്തിലെ ഏററവുംവലിയ നടിയായ എലിസബത്ത് ടെയ്‌ലറുടെ പ്രതികരണമിങ്ങനെയായിരുന്നു: "ഓനാസിസ് ദയാശീലനും സ്നേഹസമ്പന്നനുമാണ്. അദ്ദേഹത്തിന്റെ ശക്തമായ കൈകളിൽകിടന്നു ജാക്കലിന് സുഖമായുറങ്ങാം..." എലിസബത്തു് ടെയ്‌ലർ ഓനാസിസിന്റെ അതിഥിയായി ക്രിസ്ററനയിൽ ഏതാനും ആഴ്ചകൾ താമസിച്ചിട്ടുണ്ട് എന്ന വസ്തുത ഇത്തരണത്തിൽ സ്മരണീയമാണ്.

ജാക്കലിൻ-ഓനാസിസ് വിവാഹദിവസത്തിനു ഏതാനും ദിവസങ്ങൾക്ക് മുമ്പ് ചിക്കാഗോട്രിബ്യൂൺ ഇപ്രകാരമെഴുതി 'ലോകത്തിലെ ഒരത്ഭുതമായി അവശേഷിക്കുന്ന വയോവൃദ്ധനായ ഓനാസിസ് നവവധുവിന് എന്താണ് സമ്മാനമായി നൽകുക. താജ്മഹൽ, എലിസബത്തുരാജ്ഞി, എന്ന കപ്പൽ. ന്യൂയോർക്ക് സ്ററോക്ക്മാർക്കററ് ടിയിഴ്സ് വൈരഖനി ഇവയിലേതെങ്കിലുമാകാം ലോകത്തെ വിലയുള്ളവാങ്ങാൻ കഴിയുന്ന ഓനാസിസ് തന്റെ സുരസുന്ദരിയായ ഭാര്യയ്ക്ക് നൽകാനുദ്ദേശിക്കുക. പക്ഷേ, ഓനാസിസിന്റെ കറൻസികൾക്ക് വാങ്ങാൻ കഴിയാത്ത വസ്തുക്കളാണവ. ഇവ വില്പനവസ്തുക്കളായിരുന്നുവെങ്കിൽ ഓനാസിസ് അന്നസ്ഥലത്തുനിന്നനങ്ങാതെ അവ വാങ്ങുമായിരുന്നുവെന്നു തീർച്ച.

വിവാഹസമയത്ത് ഓനാസിസ് ജാക്കലിന് പാരിതോഷികമായി നൽകിയതു് 90 ലക്ഷംരൂപ മൂല്യവിലവരുന്ന വൈഡൂര്യാഭരണങ്ങളാണ്. 'മമ്മി ഈ വൈരം എത്ര നന്നാകുന്നു' സമീപത്തുള്ളിന്ന മകൾ കരോളിൽ അത്ഭുതം വിടർന്ന മിഴികളോടെ ജാക്കലിനോടു പറഞ്ഞു. അതു ശ്രദ്ധിച്ചുനിന്ന ഓനാസിസ് ഒരു വൈരമോതിരം കരോളിനു സമ്മാനിച്ചു. അതിന്റെ വില എത്രലക്ഷമെന്ന് തിട്ടപ്പെടുത്തിയിട്ടില്ല. പക്ഷേ, ഇത്ര ആർഭാടപൂർവ്വം വിവാഹാഘോഷങ്ങൾ നടന്നിട്ടുംഓനാസിസ് അതൃപ്തനായിരുന്നു. ജാക്കലിനെ യഥോചിതം സ്വീകരിക്കാൻ കഴിഞ്ഞില്ലെന്ന് അദ്ദേഹം കരുതുന്നു. ചരിത്രം സൃഷ്ടിച്ച ഈ വിവാഹത്തിന് കാർമ്മികത്വം വഹിച്ചതു് ബോസ്ററൺ സ്വദേശിയായ കൃഷ്ണംഗ് എന്ന പുരോഹിതനായിരുന്നു. കെന്നഡിയുടെ ശവക്കല്ലറയിൽ അന്ത്യകർമ്മങ്ങൾ

ഓനാസിസിന്റെ സ്വന്തമായ സാമ്രാജ്യം. സ്കോർപ്പിയോസ് ദ്വീപ്.



മരിയ കല്ലാസ്, ഓനാസിസും മിലാനിലെ ലാസ്കാലാ ഒപ്പേറായിൽ (1959-ൽ എടുത്ത ചിത്രം.)

ചെയ്ത കരങ്ങളും ക്ലിഷിംഗിൻറേതുമാണ്.

ലോകത്തിലെ അത്ഭുതകരമായ ഒരു വിവാഹമാണ് ജാക്കലിൻറേതും ഓനാസിസിൻറേതും. 1968 ഒക്ടോബർ 17-ാം തീയതി ഡിയുവിൻറേയും വാൽറോയുടെ അറ്റാർണിമാരുടെ ഒപ്പുവച്ച വിവാഹക്കരാറിലെ വ്യവസ്ഥകൾ ആ അത്ഭുതങ്ങൾ വെളിച്ചത്തു കൊണ്ടുവരുന്നു. ജാക്കലിൻ ഒരിക്കലും ഗർഭധാരിണിയല്ല. ഭർത്താവിനോടൊത്ത് കഴിയുന്ന നിമിഷങ്ങളെണ്ണിച്ചാൽ അവശേഷിക്കുന്ന സമയമെഴുപതിൽ കൂടുതലുണ്ടോ ജോൺജോണിനേയുണ്ടോ ചിലവഴിക്കാം. ഭർത്താവോടൊപ്പം കഴിയുന്ന സമയം കടത്താലിക്കഴിവുള്ളവസ്ത്രങ്ങൾ വേനൽക്കാലദിവസങ്ങളുമാത്രം. ബാക്കിയുള്ള സമയം ഓനാസിസിൻറെ അനുവാദം കൂടാതെ ഒററയ്ക്കു യാത്രചെയ്യുകയും സുഹൃത്തുക്കളോടും ബന്ധുക്കളോടുമൊത്തു കഴിയുകയും ചെയ്യും. രണ്ടുപേരും ഒരിക്കലും ഒരേ മുറിയിൽകിടന്നുറങ്ങുകില്ല. മിസ്സിസ്. ഓനാസിസിന് ഓരോ വർഷവും കിട്ടുന്ന തുക 80, ലക്ഷം രൂപയാണ്.

ആഡംബരവസ്തുക്കളിലുള്ള അതിർകടന്ന ഭ്രമമാണ് ജാക്കലിനെ ഓനാസിസിൽ കൊണ്ടുചെന്നെത്തിച്ചത്. ഓനാസിസിനെപോലും ചിലപ്പോൾ തലവേദനയുണ്ടാക്കുന്നുണ്ടെന്ന് കഫാറാക്കിസ് പറയുമ്പോൾ അതെത്രത്തോളം ഭീകരമാണെന്ന് മനസ്സിലാക്കാമല്ലോ. ജാക്കലിൻ ഉപയോഗിക്കുന്ന വാസനദ്രവ്യം ലോകത്തിലെ അപൂർവ്വമായ ലരിച്ച ചാനൽനമ്പർ ടൈ വാണ്. ഒരിക്കൽ വാസനദ്രവ്യം ഇല്ലാതായപ്പോൾ പാരിസിൽ ആളിനെയയച്ച് അതു വാങ്ങണമെന്ന് ജാക്ക് ഭർത്താവിനോടാവശ്യപ്പെട്ടു. ഓനാസിസ് പാരിസിലേക്ക് ഫോൺചെയ്തു. ഒരു മീഡിയം ഡൈസസ് വാങ്ങിക്കൊടുത്തയച്ചാൽ. ഏതാനും മണിക്കൂറുകൾക്കകം ഒരു ഡൈ ഡ്രോപ്പ്ളെയിൻ കപ്പിയുമായെത്തി. ജാക്കി കോപാകുലയായി "എന്തുകൊണ്ട് വലിയ കപ്പി വാങ്ങിയില്ല?"

മുന്നു പ്രധാനപ്പെട്ട സ്ത്രീകളാണ് ഓനാസിസ് എന്ന കടങ്കഥയുടെ ജീവിതത്തിലുള്ളത്. ടീന, മരിയാകല്ലാസ്, ജാക്കലിൻ പക്ഷെ, ഈ കോടീശ്വരനായ കോടീശ്വരൻ ഹർഷപുളകിതനായി കാണപ്പെട്ടിട്ടുള്ളത് വിൻസ്ററർചർച്ചിലോടൊത്തുനിന്നാണെന്ന് കഫാറാക്കിസ് പറയുന്നു. ദിവസം ഒന്നുമണിക്കൂർ മാത്രം ഉറങ്ങുന്ന ഈ മനുഷ്യൻറെ വിജയരഹസ്യം ഒരു ക്യാബിനറത്തിനുള്ളിലിരുന്നു നിയന്ത്രിക്കാൻ കഴിയുന്ന എന്നതാണ്. ഓർക്കുക ഈ വലിയ മനുഷ്യൻറെ സ്വഭാവത്തിലെ. പത്രക്കാരെ അത്യധികം വെറുക്കുകയും, പരസ്യം ഇഷ്ടപ്പെടാതിരിക്കുകയും ചെയ്യുന്ന ഓനാസിസ് ക്ളബ്ബുകളിൽ ജീവിതത്തിലെ എല്ലാത്തരം ആളുകളുമായി ഇടപഴകി കഴിയുന്നു. ചില പ്രത്യേക ക്ളബ്ബുകളിൽ ഓനാസിസ് കടന്നുചെന്നുകഴിഞ്ഞാൽ ആ നിമിഷം മുതൽ അദ്ദേഹം കണ്ടുന്നതുവരെയുള്ള എല്ലാവരുടേയും ടേബിൾ ബിൽ അദ്ദേഹമായിരിക്കും നൽകുക. ഇതു് ഒരുലക്ഷം മുതൽ ഒന്നരലക്ഷം രൂപവരെ വരുമത്രെ.

വർഷങ്ങളോളം എഴുതിക്കൊണ്ടിരുന്നാലും അവസാനിക്കാത്ത ഓനാസിസിൻറെ കഥ, അദ്ദേഹത്തിൻറെ സ്നോർപ്പിയോസ് ദ്വീപിനെക്കുറിച്ച് രണ്ടു വാക്കുകൾ പറഞ്ഞുകൊണ്ടവസാനിപ്പിക്കാം. സ്വർഗ്ഗദ്വീപ് എന്ന പേരിലാണതറിയപ്പെടുന്നത് വിസ്തീർണ്ണം ഏകദേശം അഞ്ഞൂറ് ഏക്കർ വരും. 1962-ൽ പത്തുലക്ഷം ഡോളറിനാണ് ഈ ദ്വീപ് വിലയ്ക്കുവാങ്ങിയത്. സ്നോർപ്പിയോസ്ന്റെ സ്വർഗ്ഗത്തിൻറെ സ്വർഗമാക്കുവാൻ പത്തുകോടിയിലധികം രൂപ ചിലവഴിച്ചിരിക്കുന്നുവെന്നാണ് ഔദ്യോഗികക്കണക്ക്.

കോടീശ്വരന്മാരെ സൃഷ്ടിക്കുന്ന ഈ കോടീശ്വരൻ പണം കൈകൊണ്ടു തൊടുകയില്ല. ചെക്കുകളിൽ ഒപ്പുവയ്ക്കുകയില്ല. സ്വർണ്ണനിറത്തിലുള്ള കടലാസ്സിൽ ടൈപ്പ്ചെയ്യപ്പെടുന്ന രൂപയുടെ കണക്കുകൾ നോക്കി അതിനു താഴെ അലക്സാണ്ടർ സോക്രട്ടറിസ് ഓനാസിസ് എന്ന പേരിനുതാഴെ ഒപ്പിടുന്നു. പിക്കാസോയുടെ അലക്ഷ്യമായി വരച്ചുകളയുന്ന ചിത്രങ്ങൾ ആർത്തിപിടിച്ചവർ കോടീശ്വരനായ കഥയും കെട്ടുകഥയല്ല. ഓനാസിസിൻറെ ഉടുപ്പുകളിലെ നാലുവശവും മഞ്ഞക്കരയുള്ള ഒരു ഗ്ലൂണുകലോസ് നേടുന്നവർ ആരും ചിത്രത്തിലൊരിക്കലും നിശ്ചയമായി വരുന്നില്ല. അത്ഭുതത്തെ അത്ഭുതപ്പെടുത്തി അസാധാരണനായ ഓനാസിസിൻറെ കഥ വാചാലമാക്കുന്നു് കഫാറാക്കിസ് പറയുന്നു്. അദ്ദേഹത്തിൻറെ മാരാചലനങ്ങളെക്കുറിച്ചും, മാരാശബ്ദത്തെക്കുറിച്ചും എത്രയെത്ര കഥകൾ പറയുന്നു കഫാറാക്കിസിന്. അദ്ദേഹം ഉണ്ടു വാഴിച്ചവനിൽ എന്തെ ആകർഷിച്ചു ഒരു പുസ്തകമാണ് കഫാറാക്കിസിൻറെ 'ദി ഫാബുലസ് ഓനാസിസ്—ഹിസ് ലൈഫ് ആൻഡ് ലൗവ്സ്.'

The Fabulous Onassis—His life and loves by Christian Cfariakis. Translated from the french by: John Minahar Publishers Pocket books Newyork 11018 Price 12.00.

—?—

(1?-ൽനിന്നും തുടർച്ച)

അയാളുടെ വാക്കുകൾക്കടിയിൽ കുറുത്തു കിടന്നു.

'ഒരു ചെറുപ്പക്കാരനെ ജെനിക്കിഷ്ടമായിരുന്നു—' അങ്ങാൾ നിറുത്തി പിന്നീട് തുടർന്നു: 'അവൻ മരിച്ചുപോയി, ഒരപകടത്തിൽപെട്ട്.'

ഇടിമവട്ടററ വിജയൻ ഉറഞ്ഞു് അനക്കമററു.

'ജെനിക്ക് അവൻ പ്രാണനായിരുന്നു. അവൻ മരിച്ചുവെന്ന് വിശ്വസിക്കാൻ അവൾക്കാകുന്നില്ലുമായില്ല. ഞാനർത്ഥം കരിപുച്ചകളായി അവൾ ... ചാടി വീണുകൊണ്ടിരുന്നു. അവൾ പിടഞ്ഞുപിടഞ്ഞു് ആളുകൾ കഴിച്ചു. അവളിൽ മാററങ്ങൾ വന്നു... പിന്നീട്... അവളുടെ സമനില തെററി—'

'മനസ്സിനുമേലെ എൻറെ മോഹങ്ങൾ ശരീരവും തളർന്നു— ആറുമാസം മുമ്പ് അവളും പോയി...'

ശബ്ദം ചിതറി അയാൾ പൊട്ടിക്കരയുന്നതുപോലെന്നു തോന്നി. ധൈര്യം നഷ്ടമില്ലുള്ളാൻ 'ആയിക്കു' എല്ലാ ശക്തികളും സമാഹരിക്കേണ്ടി വന്നിരിക്കണം.

നടുക്കത്തോടെ കേട്ടുകൊണ്ടിരുന്ന വിജയൻ മരവിച്ചു. തൊണ്ട വരണ്ടു. എന്തെങ്കിലും പ്രതികരണത്തിനു് ഇന്ദ്രിയങ്ങൾ അശക്തങ്ങളായിത്തീർന്നിരുന്നു.

ബാക്കിയുണ്ടായിരുന്നതുകൂടി മുഴുമിപ്പിക്കുമ്പോലെ അയാൾ പറഞ്ഞുതീർത്തു് പിന്നീടപ്പോഴോ വിജയൻ കേട്ടു:

'വിജയൻ. അതായിരുന്നു ആ ചെറുപ്പക്കാരൻ.'

സ്വന്തം പേരുകേട്ട് വിജയൻ പിടഞ്ഞുണർന്നു പ്രജ്ഞ സിരകളിലൂടെ മിന്നൽപോലെ പാഞ്ഞുകയറി. വിജയൻ! ഞാൻ അപകടത്തിൽപെട്ടു മരിച്ചു...?

അജ്ഞാതമായ ഒരു സത്യം വെളിവാക്കപ്പെടുകയാണെന്ന അഹങ്കാരത്തോടെ വിജയൻ ധൃതിയിൽ പറഞ്ഞു: 'ഞാൻതന്നെയാണ് വിജയൻ... ഞാൻ മരിച്ചിട്ടില്ല—' അയാളുടെ ശബ്ദം ചൊന്നി— 'എന്റെ രജനിയെ ഞാനൊന്നു കണ്ടോട്ടെ—' വിജയൻ എണീററു. അയാൾ ദൈന്യത്തോടെ അപേക്ഷിച്ചു. രജനിയെ ഒന്നു കണ്ടോട്ടെ. കൂച്ചിലോളമെത്തിയ്ക്കുന്ന വിജയന്റെ ശബ്ദം.

വിജയന്റെ കൈത്തണ്ടയിൽ അയാളുടെ കൈ മുറുകി. മുഖത്തേക്ക് അയാൾ തറപ്പിച്ചുനോക്കി.

'ശ്രദ്ധ പറയുന്നോ! രജനിയുടെ വിജയനെ ഞാനറിയുമായിരുന്നു.' കനത്ത ശബ്ദം. 'കാ! വിജയനെന്നുതന്നെയാണല്ലോ നിങ്ങളുടെയും പേരു്.' ഇപ്പോഴേക്കും കനം അയഞ്ഞുവിണിരുന്നു.

വിജയൻപകച്ചു.നൈമിഷികമായശ്രമം.

കൈത്തണ്ടയിലെ പിടി അയഞ്ഞു. കൈകൾ ചുമലിൽ മെല്ലെ പതിഞ്ഞു.

തലയുമിതെ ഉയർന്നുനിന്ന അയാളുടെ മുഖത്തു് ഒട്ടുപ്പത്തിന്റെ, ഒരു വാത്സല്യഭാവത്തിന്റെ വെള്ളിച്ചം മിന്നുന്നതു് ആദ്യമായി വിജയൻ കണ്ടു.

'വിജയൻ മരിച്ചുപോയി കുഞ്ഞേ.' സൗമ്യനായി, ശാന്തജ്ഞായി അയാൾ പറഞ്ഞു. ശമനമില്ലാത്ത ദുഃഖം അയാളെ പൊതിഞ്ഞിരുന്നു.

സത്യമല്ല അയാൾ പറയുന്നതെന്നു വിശ്വസിക്കാൻ പൊരുന്നതവ വിജയനു കഴിഞ്ഞില്ല. നിസ്സഹായതയോടെ, തളർച്ചയോടെവിജയൻകസേരയിലേക്കുവീണു.

അയാൾ തെല്ലിട വിജയനെ നോക്കി നിന്നു. പിന്നീടു് ജനാലയ്ക്കരികിലെത്തി അഴികളിൽ പിടിച്ചുകൊണ്ടു് പുറത്തേക്കു നോക്കി.

സ്വീകരണമുറിശ്വാസംനിലച്ചുകിടന്നു.

ഏറെക്കഴിഞ്ഞു് അയാൾ തിരിഞ്ഞു. നോക്കിയപ്പോൾ വിജയൻ കുഴഞ്ഞൊടിഞ്ഞു് കസേരയിൽ കിടക്കുകയായിരുന്നു.

'നിനക്കു് സുഖമില്ലെന്നു് തോന്നുന്നു.' ചെന്നിയിൽ കൈവച്ചുനോക്കി അയാൾ പറഞ്ഞു.. 'ഞാൻ പോയി കാപ്പി കൊണ്ടുവരാം.' സ്നേഹവാത്സല്യങ്ങൾ അയാളുടെ ശബ്ദത്തിൽ ഓളംതല്ലിക്കിടന്നിരുന്നു. അസുഖം പിടിപെട്ട മകന്റെ കാര്യത്തിൽ പിതാവിനുള്ള ഉത്കണ്ഠ അയാൾക്കുണ്ടായിരുന്നുവെന്നു തോന്നി. അയാൾ അകത്തേക്കു പോയി.

പെട്ടെന്നു തിരിച്ചുവന്നു,

'അസുഖം വല്ലതെന്തുണ്ടു നിനക്കു്. അകത്തു കിടക്കുവിരിച്ചു. പോയി കിടന്നോളൂ.'

വിജയൻ പുച്ഛക്കണ്ണിലെപ്പോലെ അയാളെത്തന്നെ നോക്കിയിരിക്കുകയായിരുന്നു. അടുത്തുവന്നു് തോളിൽത്തട്ടി അപേക്ഷാഭാവത്തിൽ അയാൾ പറഞ്ഞു!

'അകത്തു ചെന്നു് കിടന്നോളൂ.'

ആയാസപ്പെട്ടെഴുന്നേററു് വിജയൻ അകത്തെ മുറിയിലേക്കു നടന്നു. ബോധം നശിച്ചവന്റെ ആലസ്യത്തോടെ കിടക്കയിലേക്കു മറിഞ്ഞു.

എനിക്കു് സുഖമില്ലേ?

അനിശ്ചിതത്വം. പക്ഷേ, ഒരു നിമിഷം മാത്രമേയുണ്ടായുള്ളു. പിന്നീടു് വിജയനു് തീർച്ചയുണ്ടായി. യാതൊരസുഖവുമില്ല. കള്ളനെ കണ്ടുപിടിച്ച പോലീസുകാരൻകുട്ടിയെപ്പോലെ വിജയൻ ഒരു കടുകുമണിനോളം ആഹ്ലാദിച്ചു. അടുത്ത നിമിഷം വീണ്ടും തളർന്നുവീണു.

പൂച്ചിയെ വിഴുങ്ങാൻ ചാടിയ പല്ലി പിടിവിട്ടു് മച്ചിൻമേൽ നിന്നു് നിലത്തുവീണു. മുലയിൽ ചലന്തി അപ്പോഴും അനക്കമററു കാത്തുകിടന്നു.

നോക്കിക്കൊണ്ടു കിടന്നപ്പോൾ—

രജനി മരിച്ചു—രജനി മരിച്ചു— ആരോ ഉരുവിടുന്നതായി കേട്ടു. നിയന്ത്രണംവിട്ട തേങ്ങൽ.

തളർച്ചയുടെ പാരമ്യതയിൽ, കെട്ടാനായി കാളുന്ന ഉന്മാദമായി വിജയൻ ചാടിയെണീററു. കതകു വലിച്ചുതുറന്നു് പുറത്തേക്കു പാഞ്ഞു.

കുറേച്ചെന്നു് നിരത്തുവക്കിലെ ചോലത്തെണ്ടലിൽ അയാൾ നിന്നു. ഒന്നിനുമാവാതെ, അന്തംവിട്ടു നില്ക്കുമ്പോൾ ഓർക്കൻക്കൂടി പതിഞ്ഞുനേത്ത മന്ത്രോച്ചാരണം!

രജനി മരിച്ചു—

വെയിലിനു ചൂടുവെച്ചു. പൂവാകയുടെ ചില്ലകളിൽ ഉഷ്ണക്കാററു് തല്ലിയലച്ചു. ചോരപ്പൂക്കൾ കൊഴിഞ്ഞുവീണു.

ഒഴിഞ്ഞുവന്ന ടാക്സിക്കു് വിജയൻ കൈകാണിച്ചു. ടാക്സി നിറുത്താതെ ഓടിച്ചുപോയി. ടാക്സി പാഞ്ഞുപോയ വഴിക്കു് വിജയൻ തുറിച്ചുനോക്കി.

...o...

സ്ത്രീ-അവളുടെ ഭാഗി

വീടി നന്ദകുമാർ

സി. കെ. മേനോൻ. ഇരിഞ്ഞാലക്കുട.

എന്റെ മുഖം ഒരുവിധം നീണ്ടതാണു്. നെററിക്കു് ഒട്ടുംതന്നെ വീതിയില്ല. തലമുടി നെററിയിലേക്കുകൂടെ വളർന്നിരിക്കയാണു്. നെററിക്കു് സ്വല്പം വീതി കൂട്ടാനായി എന്താണു ചെയ്യേണ്ടതു്. വയസ്സു് 17

ഉത്തരം

നെററിക്കു് വീതി കൂട്ടുവാൻ നെററിയുടെ മീതെയുള്ള മുടികൾ നീക്കംചെയ്യുകയാണു വേണ്ടതു്. തമയ്ക്കപ്പ്കൊണ്ടുംവീതി തോന്നിക്കാൻ കഴിയും മുഖത്തിന്റെ ആകാരവും മററും അനുസരിച്ചു് ഷെയ്ഡ് ഉപയോഗിക്കുക.

വി. ജെ. ചങ്ങനാശ്ശേരി.

18 വയസ്സുള്ള ഒരു കോളേജു് വിദ്യാർത്ഥിനിയാണു് ഞാൻ. തീരെ പൊക്കക്കുറവല്ലെങ്കിലും വണ്ണമുള്ളതുകൊണ്ടു് പൊക്കം ഉണ്ടെന്നു് തോന്നുകയില്ല. കോളേജിൽ പോകുമ്പോൾ പലരും പരിഹാസമായി ചിരിക്കുന്നതു കണ്ടിട്ടുണ്ടു് വണ്ണം കുറയാൻ എന്തെങ്കിലും മാർഗ്ഗം നിർദ്ദേശിച്ചു തരുമോ? കാപ്പിയിൽ നാരങ്ങനീരു് ഒഴിച്ചുകുടിച്ചാൽ വണ്ണം കുറയുമെന്നു് എല്ലാവരും പറയുന്നു. ഇതു് ശരീരത്തിനു് ഹാനികരമാണോ? വണ്ണം കുറയാൻ ആഹാരരീതിയിൽ എന്തെങ്കിലും മാററംവരുത്തണോ. ഞാൻ മത്സ്യമാംസാദികൾ ഉപയോഗിക്കാറില്ല.

ജൂൺ 9-ാം തീയതിയിൽ കണ്ട, തലമുടി വളരാനുള്ള മാർഗ്ഗം എല്ലാവർക്കും ഉപയോഗയോഗ്യമാണോ?

എം. എൻ. കാരിയാട്ടു്.

19 വയസ്സുള്ള ഒരു പെൺകുട്ടിയാണു് ഞാൻ. എനിക്കു് ഇരുനിറമാണുള്ളതു്. നല്ലപോലെ വെളുക്കണമെന്നുള്ളതു് എന്റെ ജീവിതത്തിലെ ഏററവും വലിയ ആഗ്രഹങ്ങളിൽ ഒന്നാണു്. വെളുത്ത പെൺകുട്ടികളെ കാണുമ്പോഴും അവരുടെ കൂടെ നടക്കുമ്പോഴും എനിക്കു വളരെയധികം നിരാശ ഉണ്ടാകാറുണ്ടു്. അതിനാൽ വെളുക്കുവാനുള്ള വല്ല മാർഗ്ഗവും ചേട്ടൻ നിർദ്ദേശിച്ചു തരുമോ.

എനിക്കു് തടിച്ച ശരീരപ്രകൃതിയാണുള്ളതു്. ആഹാരം കുറച്ചും വ്യായാമങ്ങൾ ചെയ്തും നോക്കി. യാതൊരു വ്യത്യാസവുമില്ല. എനിക്കു് മെലിഞ്ഞു് (slim beauty) ആകണമെന്നു് വളരെയധികം ആഗ്രഹമുണ്ടു്. അതിനാൽ എന്റെ ആഗ്രഹം സഫലീകരിക്കാൻ പററിയ വല്ല വഴികളും നിർദ്ദേശിച്ചുതരുവാൻ അപേക്ഷ.

ഉത്തരം

വണ്ണം കുറയ്ക്കുന്നതിനോപ്പററി ആഗസ്റ്റ് 18-ാം തീയതിയിലെ ലേഖനം നോക്കുക. നിറമുണ്ടാകുവാൻ താഴെ പറയുന്നതു് പരീക്ഷിക്കുക.

തക്കാളി—മുന്തിരി,കുരുപ്പിഴുഞ്ഞെടുത്തു്, കൽക്കണ്ടം ചേർത്തിച്ചതു് എന്നിവ സ്വല്പം തേനിൽ കലർത്തി രാത്രി സൂക്ഷിക്കുക. പിറേറന്നാൾ കാലത്തു്, നെയ്യു് ചൂടാക്കി ആററിത്തണുപ്പിച്ചതു് മിതമായി മേൽപ്പറഞ്ഞതിൽ ചേർത്തു് വെറും.വയററിൽ കഴിക്കുക. അഞ്ചാറുമാസം കൊണ്ടു് നിറവ്യത്യാസം ഉണ്ടാകുന്നതു് കാണാം. കൂടാതെ ധാരാളം പാൽ കഴിക്കുന്നതും നിറമുണ്ടാക്കാൻ സഹായകമാകും,

കക്കിരിക്കാ തേനിയതാക്കി വൃത്താകൃതിയിൽ മുറിച്ച കഷ്ണങ്ങൾ മുഖത്തു് സ്വല്പനേരം പതിച്ചുവിത്തി എടുത്തു കളയുന്നതു മുഖത്തിനു് നിറവ്യത്യാസം വരുത്തും. പാൽപ്പാട മുഖത്തു് പുരട്ടിയിരുന്നു കഴുകി കളയുന്നതും നിറം കിട്ടാൻ നല്ലതാണു് രാത്രി കിടക്കും മുമ്പു് കലോമിൻ ലോഷ്യൻ പുരട്ടുകയും ചെയ്യുക. ...o...

ഉണരേ കുളിക്കേ ഉടങ്ങാനിരിക്കുന്നു ദിനം

ആകാശത്തിന്റെ ഒരു ഉച്ചിക്കുമുകളായി സൂര്യൻ നിന്നു. ജ്വലിച്ചുകൊണ്ട്, കത്തിക്കൊണ്ട് ഭൂമിക്കാകമാനം ജ്വരം പ്രദാനം ചെയ്തുകൊണ്ടു നിന്നു. ചുട്ടുപഴുത്തുള്ളുന്ന വലുത്ത മീനക്കാററ് പറകിപ്പുണ്ണുപോലെ വണ്ടിക്കുള്ളിൽ വീണു. ചൂ.ററ്ച്ച്ലും നീററലും മനുഷ്യർക്ക്. കമ്പാർട്ടുമെന്റ് എന്ന ചൂള. പുഴുങ്ങി പഴുക്കുന്നവർക്കിടയിൽ അവനവന്റെ സ്വാരസ്യം കത്താൻ വേണ്ട സമയം കണക്കുകൂട്ടി തിട്ടപ്പെടുത്തൽ ഭക്ഷപ്പെടലിന്റെ മുഹൂർത്തം ഏകദിസ്ഥം അതോടെ അല്പച്ചുണ്ണശ്വാസം.

വണ്ടിയുടെ കലുക്കടത്താടോപ്പം സന്ധിബന്ധങ്ങൾ വേർപെടാൻ പ്രാർത്ഥിച്ച് അയാൾ ബർത്തിൽ കിടന്നു. അങ്ങനെ സംഭവിച്ചാൽ യാത്ര നിർത്താം. ബിസ്സിനസ്സ് റെപ്രസന്റേററീവ് ഹാൻഡികാപ്പ്ഡ് ആയാലത്തെ സ്ഥിതിയെന്ത്. ഉദ്യോഗ ഇല്ലാതാവുക. മുടക്കാൻ ചെലക്കാവുക. ഡെഡ്ഗ്രഡ്സ്. അലച്ചിൽ നില്ക്കുക. സ്വന്തം ഇഷ്ടം വേറെയെന്തെങ്കിലും മാർഗ്ഗ ആലോചിക്കണം. വാഹനങ്ങളെ വിട. പട്ടണങ്ങളെ, ഹോട്ടൽമുറികളെ വിട. പരിചാരകരെ, കൂട്ടിക്കാപ്പുകാരെ, കൂടെക്കിടപ്പുകാരികളെ നിങ്ങൾക്കാരു കസ്ററമർ നഷ്ടപ്പെടുന്നു. വീട്ടിൽ സ്വസ്ഥമായിരുന്നാൽ വീട്ടു പുലരുകയില്ലെന്നുകൊണ്ട് ജോബ്ഹണ്ടർ. ഒരിടത്തിരുന്നുള്ള ഉജാലിതേൽ. ബിരുദമുള്ളതുകൊണ്ട് എന്തെങ്കിലും കിട്ടും. ഗ്രജ്ജിസ്ട്രേഷൻ, ഇന്റ്— ചകൾ, ഭാര്യ. അമ്മയും ഭാര്യയും കൊച്ചുമകനും അംഗരംഗം സംഭവിച്ചവരും. അലട്ടില്ലാതെ അഭംഗുരം നീളുന്ന സംതൃപ്തജീവിതം.

വികലചിന്തകൾ എവിടുന്നുവരുന്നു. മനസ്സേ, വിദൂഷകാ, നിർത്തുക ജല്പനം.

ചുവട്ടിൽ ആർത്തിരമ്പുന്ന മനുഷ്യക്കടൽ ബത്തു് ഒരു തുരുത്തു്. അതിൽ ഞാൻ. ഏകൻ. മാർഗ്ഗവും ഏതുന്നില്ല. തട്ടും ഇടിയും കൊള്ളുന്നില്ല. ഞെക്കലേല്ക്കുന്നില്ല. സ്പർശ്ശവും നരകവും ഒരേസമയത്തു അനുഭവിക്കുക. കണ്ടാൽകൊള്ളാവുന്ന പെണ്ണുങ്ങൾ ധാരാളം. തൊട്ടുതലവേദി ഇരിക്കും. തിരക്കിൽ ആരുണ്ടതൊക്കെ ശ്രദ്ധിക്കാൻ. ആ സുഖം ഇല്ലാതായി. നേരെ വിപരീതാനുഭവങ്ങൾക്കും കുറവൊന്നുമുണ്ടായില്ല ഒരു ചന്ത്ക്കിടകിട്ടുന്നതേ ഭാഗ്യം. ഉന്തും തള്ളും സഹിക്കുക ദുഷ്ക്കരം. അപ്പോൾ കൂട്ടിക്കിഴിച്ചുനോക്കുമ്പോൾ രണ്ടും സമം. സമാസമം എന്നുവെച്ചാൽ നിർവികാരത. ചെന്നെത്തി അവിടെ.

* * *

ആരൊക്കെയോ ഉച്ചത്തിൽ വിളിച്ചുകൂവുന്നു.

ഹേയ് ഹേയ് എണീക്കൂ.....

പാമ്പ്.....പാമ്പ്——ഭയാക്രന്ദനം.

എട്ടടിമുർഖനാണെന്നു തോന്നുന്നു. ഒന്നാംതരം സർപ്പമാ. തലയിൽ മാണിക്യമുണ്ടാവും. ചെലപ്പോ പൂവും കാണും.....

തന്റെ മണ്ടേലാ പൂവും മാണിക്യോം മിണ്ടാണ്ടിരുന്നോ.....

ബർത്തിൽനിന്നും ഇറങ്ങിവരണതു കണ്ടില്ലേ. മേത്തു കോരിത്തരിക്കുന്നു.....

സ്ത്രീകൾ കൂട്ടത്തോടെ കരഞ്ഞു. ദൈവനാമങ്ങൾ അന്തരീക്ഷത്തിൽ ശബ്ദവീചികളായി പരന്നു.

മനുഷ്യക്കടൽ ഭയവിഹ്വലമായി ആർത്തിരമ്പി. തിരകൾ തലതല്ലി.

എങ്ങിനെ കമ്പാർട്ടുമെന്റിൽ കേറി...

ആരുകണ്ടു. ഒരുപക്ഷേ വല്ല പാമ്പിട്ടിയും വണ്ടിയിൽ യാത്ര ചെയ്തിരുന്നിരിക്കും. കൂടയിൽനിന്നും രക്ഷപ്പെട്ടതാവും...

കൂട്ടരെ ബഹളംവെക്കാതെ. അതങ്ങു പൊയ്ക്കൊള്ളും.....

പൂർവ്വാശ്രമത്തിൽ സന്യാസിയായിരുന്നവനാവണം ഉപദേശി. പിന്നീട് ഗൃഹസ്ഥാശ്രമം സ്വീകരിച്ചിരിക്കും. പിന്നോക്കം നടക്കുന്നതിലുമുണ്ട് ഒരുകൈസററസി. അയാളുടെ പറച്ചിലിന് പ്രത്യേകതയുള്ളപോലെ. ശബ്ദം തെല്ലൊന്നടങ്ങി.

എല്ലാം കേട്ടുകൊണ്ട് കണ്ണുതുറക്കാനാവാതെ കിടന്നു. അകലേയ്ക്കുകലേയ്ക്കു പോകുന്നോ. ഏതുവൻകരയിലേയ്ക്കാണ് യാത്ര. അറിഞ്ഞാൽതന്നെ എന്തു്. തിരിച്ചെത്താവുന്നിടത്തേയ്ക്കു ഉള്ളു എന്നു ശഠിയ്ക്കാൻ പററുമോ. ശബ്ദങ്ങൾ ചെറുതാവുന്നു. അസ്പഷ്ടമാവുന്നു. അക്ഷരങ്ങൾ, വാക്കുകൾ, വാക്യങ്ങൾ ഒന്നും വ്യക്തമാവുന്നില്ല—സ്വരമാത്രം മഴയേയുംതോളിലേററി വരുന്ന കാററിന്റെ ആരവം. എന്തോ പന്തികേടുണ്ട്. ഒരുപക്ഷേ, ഇയർഡ്രത്തിനുചുററും മുറുക്കുകൊണ്ട് കട്ട പിടിച്ചു കിടപ്പുണ്ടാവും. ചെപ്പിക്കാഷ്ടം. ഒരു ചെവിത്തോണ്ടി വാങ്ങണം.

ഓർമ്മശക്തിയെ ആരാണ് ചാണയ്ക്കു വച്ചതു്. കുത്തുകൂടി. നല്ല മൂർച്ച കഴിഞ്ഞകാര്യങ്ങളെല്ലാം പണ്ടെങ്ങോ മറന്നുപോയവകൂടി വെള്ളംപോലെ പറയാൻ കഴിയുന്ന അവസ്ഥ. ബുദ്ധിയ്ക്കും കിട്ടി പ

കഥ

മാതയിൽ അരവിന്ദ്

നടുങ്ങുശക്തി. ഈ പിക്കപ്പ് എവിടുന്ന്. കാലാം ക്ളാസിൽവച്ച് കണക്കു പഠിപ്പിയ്ക്കുമ്പോൾ പൊടിരാമൻമാഷ് ബുദ്ധിയില്ലാത്ത കഴുതേ എന്നു വിളിച്ചാക്ഷേപിച്ചിട്ടുണ്ടല്ലൊ. പൊടിരാമൻ ഇപ്പോൾ ജീവിച്ചിരിപ്പുണ്ടോ. ഉണ്ടെങ്കിൽ അറിയിക്കണം. മാഷെ ഏതുകണക്കും ഇട്ടുതന്നോളും. ഇൻസ്ററന്റു ഉത്തരം തരാം. മററാരു ഓർമ്മാനുജമാണ്. ഓർത്താളും. മാഷടെ ആ പ്രയോഗമുണ്ടല്ലോ അതു് ഒന്നാംതരം തെററ് കഴുതയ്ക്കുവിടെ ബുദ്ധി മാഷെ ചില ബുദ്ധിയുള്ള കഴുതകളുണ്ടാവും എന്നാണോ വിവക്ഷ. പൊടിരാമൻ ബുദ്ധിയുള്ള കഴുതയാണെന്നാണോ ധ്വനി.

കഴിഞ്ഞ ജന്മത്തിൽ വാരസ്യാരായിരുന്നുവെന്നും ശിവക്ഷേത്രത്തിൽ കഴകമായിരുന്നെന്നും ഊട്ടുപുരയിൽവച്ച് പലപ്പോഴായി പൂജാരിയുമൊത്തു കാമം പ

കുവച്ച് പാപം ദേസിയെന്നും പരമശി
വന്റെ അപ്രീതിക്കതിടയാകിയെന്നും
അതിനാൽ ഇഴജന്തുക്കളിൽനിന്നുള്ള ഭ
യം പ്രതീക്ഷിക്കാമെന്നും ജാതകം നോക്കി
പാടത്തുപണിക്കർ പറഞ്ഞതത്രയും ക
ള്ളം. സിനിമയിലെന്നപോലെ മുൻജ
ന്മം സ്മരിച്ചിൽ. പപ്പടച്ചെട്ടിയായിരു
ന്നു. പണ്ടാരൻ. കാറല്ല പപ്പടത്തിനോ
ട് കമ്പം. കാപ്പിക്കു പപ്പടം. ചുട്ടുമതി.
ഹോട്ടലിൽ പലഹാരം പപ്പടവടം. പ്രാ
നുക്ക്കാച്ചിയ പപ്പടമല്ലെങ്കിൽ മതിയില്ല
ഊണിന് നാലഞ്ചുപപ്പടം നിർബന്ധം.

ദേഹം മയിൽപ്പീലിക്കണ്ണുകൾകൊണ്ട്
പൊതിഞ്ഞതെപ്പോൾ. മകരമാവിലെ
ആകാശമായതെപ്പോൾ?

പി. ആർ. നായർ എന്ന പുല്ക്കയിൽ
രാമഭദ്രൻനായർ കൃഷ്ണനായ കഥ കേൾക്കൂ:
ബ്രാഹ്മണകുലജാതനല്ല. ശൂദ്രവംശജനാ
ണ്. നീലവർണ്ണനായിരുന്നു. ഗോപി
കമാരെ വരിക. ഓരോ രൂപത്തായി വരാ
തിരുന്നാൽ മതി. കൂട്ടുകാരോടെ എല്ലുക.
എന്നാൽ രാധയ്ക്കു പതിനായിരത്തെ
ട്ടു കൃഷ്ണന്മാരെ കഴിയില്ല. രാസക്രീഡ ഇ
ല്ലാതാവുന്നു. ഗോപാലനാണ്. ഗോശാ
ലകൃഷ്ണൻ ഇടയക്കൃഷ്ണൻ ഗോക്ക
ളെ വരിക. പേടിവേണ്ട. ഹോട്ടലുകളിൽ
പ്ലേയിററിൽ രസർവ്വുചെയ്താലെ ഭക്ഷി
ക്കാൻകഴിയൂ. പച്ചയോടെ കൊന്നതിനാ
നാവില്ല. കൂട്ടുതാടയാമററുന്നുവരിക.

ജീവൻ എവിടെയോ ഒളിച്ചുകളിക്കുന്നു.
മുഖാവിൽ ഒരുതരം ഉന്മാദം. തല പിള
ർന്നു. തീക്കണ്ഡത്തിൽനിന്നും കൊള്ളിയാ
നുകൾ പിറക്കുന്നു.

ജീവനുള്ളം അണയാതെ നിന്നാൽ ആയു
സ്സിന്റെ ദൈർഘ്യം കൂട്ടാൻ ത്രിയുഷ
ത്രം. ഹ്രസ്വം, ദീർഘം, പ്ലുതം എ
ന്നീ ത്രിസ്വരങ്ങളിൽ ഉദാത്തം, അനുദാ
ത്തം, സ്വരിതം എന്ന വേദോച്ചാരണനി
യമാനുസാരിയിൽ ജപിക്കണം.

ആരൊക്കെയോ കൂടി എടുത്തു പൊന്തി
ക്കുന്നു. എങ്ങോട്ടുകൊണ്ടുപോകുന്നു? ചുടലക്കാട്ടിലേക്കോ?

ബോധം മറഞ്ഞാൽ ഉപബോധമന
സ്സ് ഉണർന്നാൽ ടെലിവിഷൻ ചിത്രംനോ
ക്കി ചലച്ചിത്രംകണ്ട് മഷിക്കോട്ടുവുമായി
കൂടെ നടക്കുന്നു.

സ്വാഭാവികമരണമാണോ. നിയമത്തി
ന്റെ ചില ബാദ്ധ്യതകൾ നിറവേററേ
ണ്ടാവില്ലേ. അതിനുവേണ്ട ഒരുക്കത്തിലും
പുറപ്പാടിലുമാണെന്നു തോന്നുന്നു. മുറി
ക്കണം, കീറണം, തുന്നിച്ചേർക്കണം. ആ
പ്രക്രിയയ്ക്ക് പേര് പോസ്റ്റ്മോർട്ടം.
ബന്ധുക്കൾ കൂട്ടിക്കൊണ്ടുപോകാനെത്തുന്ന
തും കാത്ത് മോർച്ചറിയിൽ കിടക്കണം.

ഉത്തരായനം എത്ര അകലെ? എത്ര ജ
ന്മങ്ങൾ, യുഗങ്ങൾ പിന്നിടണം ശരശയ്യ
വിടാൻ...!

രാജാവ് ഒരു സമസ്യ കൊട്ടിയറിയി
ക്കാൻ കല്പിച്ചു. പൂരിപ്പിക്കുന്നവന്നു പതി
നായിരം വരാഹൻ. രാജവിളംബരം
വീഥികളിൽ മാറാറാലിയായി പമ്പര
തിരിഞ്ഞു. വേശ്യയിൽ ദുശ്ചിന്തപ്പുററി
ളക്കി. അവളാ സമസ്യ പകർത്തിവെച്ചു.
രാത്രി കാളിദാസൻ വേശ്യയെ പ്രാപിക്കാ
ന്നെത്തി. ഇതൊന്നു പൂരിപ്പിക്കാൻ പ
റേറാ? വെല്ലുവിളിയുടെ സ്വരം കവിയു
ടെ അഭിമാനത്തിന്മേൽ വിഷംപോലെ
വമിച്ചു. ഇതാണോ മന്ത്രൻകാര്യം. നി
മിഷാർദ്ധത്തിനു അന്ത്യത്തിൽ പൂർണ്ണം
കടന്നു എന്നുമേൽ വേശ്യ ജയിച്ചു. കാളി
ദാസൻ തോററു നിരവസാനം തോററു.

പി. ആർ. നായരുടെ പുല്ലയിൽ രാമ
ഭദ്രൻ നായരുടെ എല്ലാം അഴിച്ചുവിടാ
ത്തതായ അവൾ എവിടെ? മററവർ. എ
ന്നിട്ടവർ ജയിച്ചോ. എന്നായിരുന്നു സം
ഭവം. എവിടെവച്ചായിരുന്നു അരങ്ങേറ്റം

വണ്ടിയുടെ കുലുക്കത്തോടൊപ്പം സന്ധി
ബന്ധങ്ങൾ വേർപെടാൻ പ്രാർത്ഥിച്ച്
അയാൾ ബർത്തിൽ കിടന്നു. മുന്നിലുള്ളി
ലേക്കുവലിച്ച് ഉൾക്കൊണ്ട ചരസ്സി
ന്റെ പുക വട്ടമിട്ടുവട്ടമിട്ട് വിചിത്രചിത്ര
ങ്ങൾ വരച്ച് അലഞ്ഞു് ഒടുവിൽ മുട്ടുക
ത്തിവീണ് ഇഴഞ്ഞു് അലഞ്ഞുചേന്ന
അയാളിലൂടെ വിയർപ്പായി മൃദുമായി
ഒഴുക്കുമായി ഒഴുകിപ്പോയി.

അപ്പോൾ അഴിമുഖംവിട്ട് പുറം കടലി
ലെത്തിയിരുന്നു. കോളിളക്കങ്ങൾ നിച
ച്ചും ശാന്തത പകർന്നും അറിഞ്ഞില്ല.
അയാൾ ഉറങ്ങുകതന്നെയായിരുന്നു.

തല മുണ്ഡനംചെയ്ത്, തലച്ചു ഉച്ചിക്കു
മുകളിൽ ടൈപ്പിട്ട്, ആകാശം തിന്ന അ
ത്ഭുത ഹോൾട്ടിലേക്ക് നീന്തി ചൂടുവെള്ളി
യുമായി വണ്ടി ഓടിക്കൊണ്ടിരുന്നു.

തുടരും

മലയാളസിനിമ വളർച്ചയുടെയും വി
കാസത്തിന്റെയും ഘട്ടങ്ങളിലാണ്. പ
ക്ഷേ, ഈ സത്യം മറന്നുപൂർവ്വം വിസ്മ
രിച്ചു് എൻടർടെയ്മെന്റ് എന്ന വാ
ക്കിനെ വസ്ത്രാക്ഷേപം ചെയ്ത് ജീവിക്ക
ുന്ന ചിത്രനിർമ്മാതാക്കളുടെ എണ്ണം ഇനി
യും കുറഞ്ഞിട്ടില്ല. പ്രേക്ഷകനെ ചിരിപ്പി
ക്കാനുള്ള ജോലി ഇവർ കുത്തകപ്പാട്ടത്ത
നെടുത്തിരിക്കുകയാണെന്നു തോന്നുന്നു.

"ചിരിക്കണോ ആത്മഹത്യചെയ്യണോ?" പരസ്യത്തിലെ ഒരു വരി. കരയാ
നാകട്ടെ ഇഷ്ടപ്പെടുകില്ലല്ലോ. ഞാൻ തി
യേററിനുള്ളിലെത്തി, നിഷ്കളങ്കമായ
ചിരി പകിട്ടെടുക്കാൻ. പ്രേക്ഷകരുടെ തി
രക്ക് ഒരു ഉത്സവത്തിന്റെ പ്രതീതി ജനി
പ്പിച്ചു ചിത്രത്തിന്റെ തുടക്കംമുതൽ അവ
സാനംവരെ ജനം അട്ടഹസിച്ചു് കൂകി
വിളിച്ചു ചിരിച്ചു. നിഷ്കളങ്കമായ നി
ർദ്ദോഷമായ ചിരി പൊള്ളത്തരങ്ങൾ
പത്തിയ്ക്കു ഇതിഹാസനായകന്മാരായ ക
ലാകാരന്മാർ ഈ കലാഭാസംകണ്ട്
പൊട്ടിക്കരഞ്ഞിരിക്കണം. ചിത്രം തീർന്ന്
തിയേററിനുള്ളിൽ പ്രകാശം പരന്നപ്പോൾ
പ്രേക്ഷകരുടെ മുഖങ്ങൾ വിളറുന്നതു്
ഞാൻ കണ്ടു. നിർദ്ദോഷമല്ലാത്ത എല്ലാ
ചിരിയും വിളറിപ്പോവുക സ്വാഭാവിക
മാണല്ലോ.

"നടീനടന്മാരെ ആവശ്യമുണ്ട്" എന്ന
യുണൈററഡ് മൂവീസിന്റെ ചിത്രത്തെ
ക്കുറിച്ചാണ് ഞാൻ സൂചിപ്പിച്ചതു്. ഇ
തിന്റെ കഥയന്താണെന്നു പറയാൻ എ
നിക്കറിഞ്ഞുകൂടാ. കഥാകൃത്തായ ഡാക്ടർ
ബാലകൃഷ്ണനുപോലും പറയാൻകഴിയു
മോ എന്ന് കാര്യം സംശയമാണ്. പത്ര
ങ്ങളിലെ പരസ്യംകൊണ്ടുമാത്രം കാര്യം
മനസ്സിലാക്കുകയില്ലെന്നു മനസ്സിലാക്കിയ
അവർ—നിർമ്മാതാവും സംവിധായകനും
ക്യാമറാമാനും — പുതുമുഖങ്ങളെത്തേടി
വിശാലമായ ലോകത്തിലേക്കിറങ്ങി. ഒരു
ക്ഷേത്രത്തിലെ ഉത്സവത്തിനു് അവർ പ
ങ്കെടുക്കുന്നു. അവിടെയും പുതുമുഖങ്ങളെകാ
ണാതെ നിരാശരായി മടങ്ങുമ്പോൾ കുറ
പ്പിന്റെ പുത്രിമാരായ സുമിത്രയേയും സു
ജാതയേയും സുപ്രഭയേയും കാണുന്നു. മ
ന്ദകാമുകന്മാർ മന്ദകാമുകിമാർ ഡോക്ടർ
ബാലകൃഷ്ണനു് കഥയായി. മണിക്ക്

നടീനടന്മാരെ ആവശ്യമുണ്ട്

—മംഗലശ്ശേരി

ഡോക്ടർ ബാലകൃഷ്ണൻ കഥയവസാ
നിപ്പിക്കുമ്പോൾ നാം വാപൊളിച്ചിരുന്നു
പോകും. സനാതനാഫിലിംസിന്റെ ഭാര
വാഹികളും പുതുമുഖങ്ങളും സി. ഐ. ഡി
ഉദ്യോഗസ്ഥന്മാരാണത്രേ! കൈയ്യിലി കൂക്ക
വിളി അട്ടഹാസം. പോരേ കഥ!

സനാതന ഫിലിംസിന്റെ ഓഫീ
സിൽ ഇൻറർവ്യൂ. തുടക്കുന്ന രംഗത്തോടെ
യാണ് കഥാരംഭിക്കുന്നതു്. ഒരു വിനോ
ദചിത്രമെന്ന നിലയിൽ ആ ഇൻറർവ്യൂ
രംഗങ്ങൾ അമുക്ക് ന്യായീകരിക്കാം.
പുതുമുഖങ്ങളായ യുവതികളെ കണ്ടു
പിടിക്കാൻവേണ്ടി അടുത്തക്ഷേത്രത്തിലെ

ഉത്സവസ്ഥലത്തേക്ക് നീങ്ങുകയാണ് നിർമ്മാതാവും, സംവിധായകനും, ക്യാമറാമാനും. അതൊരു ഉത്സവസ്ഥലമാണെന്നു ബോദ്ധ്യപ്പെടുത്തണമെങ്കിൽ ഒരു ചെറിയ ബോർഡെഴുതിയിടേണ്ടതാവശ്യമാണ്. ചെണ്ടമേളക്കാരും സമ്പാതനാഫിലിംസിന്റെ ആളുകളല്ലാതെ മറ്റാരായുമവിടെ കണ്ടില്ല. പ്രത്യേകിച്ച് സ്ത്രീകളെ. ഉത്സവദിവസം വിഗ്രഹം മോഷ്ടിക്കുന്നതായി ചിത്രീകരിച്ചിരിക്കുന്നതു് കുറേ സാഹസമായിപ്പോയി. സമ്പാതനാഫിലിസിന്റെ ഭാരവാഹികൾ റോഡരുകിൽവച്ച് കുറുപ്പിനെയും പുത്രിമാരേയും കാണുന്നതുമുതൽ, ഹോട്ടലിന്റെ ടെറസ്സിൽ കാമറവെറിയെടുത്ത് സ്ഥലകാലബോധം മറന്ന് സംഭോഗമൊഴിച്ച് മററെല്ലാ പ്രവൃത്തികളിലുമേർപ്പെടുന്നതും മററും ചിത്രീകരിച്ചിരിക്കുന്നതുവരെ, അമ്പേ നിന്റെ തൊഴിക്കുട്ടി എന്ന പറയത്തക്കതില്ല. ഹോട്ടലിൽനിന്ന് കൂട്ടത്തോടെയാണ് സഞ്ചാരം. കുറുപ്പ് ചെന്നുകയറുന്നതു് അദ്ദേഹത്തിന്റെ വീടാണോ എന്നു സംശയിക്കേ, വസിറേറഴ്സ് ഹാളിലുള്ള സോഫാ കം ബെഡ്ഡിൽ മെത്ത വിരിച്ച് കിടക്കാനൊരുങ്ങുമ്പോൾ കുറുപ്പിന്റെ കാറിന്റെ ഡിക്കിയിൽ വിഗ്രഹം മറച്ചുവച്ചിട്ടു പോകുന്നതു് മററാരുമല്ല തന്നെ. ആ വിഗ്രഹം കുറുപ്പിന്റെകാറിൽ പൂജാവിഗ്രഹമായി മാറുന്ന ആ വിഗ്രഹം സഞ്ചരിക്കുന്നതനുസരിച്ച് സ്ററണ്ടുരംഗങ്ങളും, കുറുപ്പിന്റെ പുത്രിമാർ സഞ്ചരിക്കുന്നതനുസരിച്ച് പ്രേമരംഗങ്ങളും നീങ്ങുന്നു. ഒടുവിൽ മാസ്ററേറയും അനുയായികളേയും കസ്ററഡിലാക്കുന്നതോടെ സ്ററണ്ടുരംഗങ്ങൾ അവസാനിക്കുകയും പ്രേമരംഗങ്ങൾ തുടരുകയും ചെയ്യുന്നു. ഇതിനിടയിൽ രണ്ടുമണിക്കൂർ തികഞ്ഞു എന്നു മനസ്സിലാക്കിയതുകൊണ്ട് ഡാക്ടർ ബാലകൃഷ്ണൻ കഥ അവസാനിച്ചു എന്നെഴുതുകയും, സി. പി. ശ്രീധരൻ പി. അപ്പുനായർ എന്നീ നിർമ്മാതാക്കളുടെ അനുഗ്രഹത്തോടെ ഗണേശ ഗ്രൂപ്പ് എന്നെഴുതി 'അന്ത്രപ്പാളികളിൽ' ഒപ്പിയെടുക്കുകയും ചെയ്തു.

ഉമ്മർ, വിൻസന്റ്, ഭാസി, ബഹദൂർ തികറുശ്ശി, വീരൻ, ആലുംമൂടൻ കുഞ്ഞിത്തട്ടുപപ്പു, മണവാളൻ, പറവൂർഭരതൻ, സുമിത്ര, രാജകോകില, സാധന, മീന, ജയകുമാരി, ശ്രീലത, മല്ലിക തുടങ്ങിയ ഒട്ടേറെ നടീനടന്മാർ ഈ കഥയില്ലായ്മയിലെ കഥാപാത്രങ്ങളെ അവതരിപ്പിച്ചിരിക്കുന്നു. എല്ലാവരും എന്തുചെയ്യണമെന്ന് ആലോചിച്ച് അന്തംവിട്ടുനില്ക്കുന്ന അമ്പരപ്പല്ലാതെ, അഭിനയത്തിന്റെ പ്രശ്നമേ അവരുടെ ചലനങ്ങളിലില്ല. നടീനടന്മാർ നിരന്നുനില്ക്കണമെന്നും ചിലപ്പോൾ ഓടുകയോ ചാടുകയോ, പ്രേമിക്കയോചെയ്യണമെന്നുമല്ലാതെ അഭിനയിക്കണമെന്ന നിർബന്ധം ഡൈറക്ടർ മ്യൂസിക്കാർക്ക് ഉണ്ടായിരുന്നുവെന്നു തോന്നുന്നില്ല. അഭിനയത്തിന്റെ ഉത്തമ മാതൃകകൾ കാണിച്ചുതന്നിട്ടുള്ള ഈ നടീനടന്മാരെ കുററംപറഞ്ഞിട്ടു കാര്യമില്ലല്ലോ. തിയേററിനുള്ളിലിരുന്ന് എന്തുകാണിച്ചാലും വിഡ്ഢികളെപ്പോലെ ചിരിക്കാൻ തയ്യാറാവുന്ന പ്രേക്ഷകരായ നമ്മിൽ ഒരു മാററം വരാത്തിടത്തോളം കാലം ഇത്തരം ചിത്രങ്ങളായിരിക്കും മലയാളഭാഷയിൽ ഭൂരിഭാഗവും നിർമ്മിക്കുക.

കഥ, സംഭാഷണം, അഭിനയം എന്നിവയെക്കുറിച്ച് നമുക്കു വിസ്തരിക്കാം. സാങ്കേതികമായി എന്തെങ്കിലും മെച്ചം ഈ ചിത്രത്തിലവകാശപ്പെടാമോ? തീർച്ചയായും കഴിയില്ല. സാങ്കേതികവശങ്ങളിൽ ഏററവും മോശപ്പെട്ട ചിത്രങ്ങളുടെ മുൻനിരയിൽ ഈ ചിത്രത്തിനു സ്ഥാനമുണ്ടെന്നും. ഛായാഗ്രാഹകനും എഡിററരും മത്സരിച്ചു. പക്ഷേ, ആ മത്സരത്തെ ശ്രദ്ധിക്ഷ്പ്രഭമാക്കിക്കളഞ്ഞു സംവിധായകൻ!

നോട്ടീസിലൂടെ കണ്ണോടിച്ചപ്പോൾ മനസ്സിൽ തറഞ്ഞുനില്ക്കുകയും ആശ്വാസം പകരുകയും ചെയ്തതു് ഗാനങ്ങൾ— വയലാർ എന്ന വരിയാണ്. പക്ഷേ, തീരുമേനിയുടെ ആറു ഗാനങ്ങളും മോശമില്ല എന്നു പറയാനേ സഹായിക്കുന്നുള്ളു. സംഗീതസംവിധായകനായ ശേഖർ ശ്രദ്ധിച്ചിരുന്നുവെങ്കിൽ രണ്ടുമൂന്നുഗാനങ്ങൾ പോപ്പുപ്പാർ ഹിററുകളാക്കിമാററാമായിരുന്നു.

'നടീനടന്മാരെ ആവശ്യമുണ്ട്' എന്ന ഈ ചിത്രം അമ്പതുദിവസമോ നൂറുദിവസമോ പ്രദർശനം തുടരാൻ സാദ്ധ്യതയില്ല എന്നു വാദിക്കാൻ ഞാൻ തയ്യാറില്ല. ഈ ചിത്രം നാലോ അഞ്ചോ ആഴ്ചകൾ പ്രദർശിപ്പിച്ചു കഴിഞ്ഞാൽ ഞാൻ

നടീനടന്മാരെ ആവശ്യമുണ്ട് — എന്ന ചിത്രത്തിൽ തികറുശ്ശി, ജയകുമാരി

നിങ്ങളിൽനിന്ന് ഒരു ചോദ്യവും പ്രതീക്ഷിക്കുന്നു. "ഈ ചിത്രത്തെക്കുറിച്ച് മംഗളശ്ശേരി കിശിതമായി വിമർശിച്ചുവല്ലോ. ഇപ്പോഴെന്തു പറയുന്നു?" "മാററം ആവശ്യമാണ്" എന്ന തലക്കെട്ടിൽ പി ജെ. ആൻറണി ഒരു ലേഖനമെഴുതിയിട്ടുണ്ട്. അതിലദ്ദേഹം ഇങ്ങനെ പറയുന്നു. "കോളേജുകുമാരിയുടെ കൂടെ ഒരുരാത്രി എന്ന പേരിൽ ഒരു നോവലെഴുതി. അതിന്റെ പുറംചട്ടയിൽ വസ്ത്രമുടുത്തിട്ടുണ്ടോ എന്നു സംശയം ജനിപ്പിക്കുന്ന ഒരു പടവും അച്ചടിപ്പിച്ചു" പുറത്തിറക്കിയാൽ ഒരുപക്ഷേ, രണ്ടുമാസത്തിനകം അതിന്റെ രണ്ടു ലക്ഷം കോപ്പികൾ വിററഴിഞ്ഞേക്കാം. അതേസമയത്ത് താരാശങ്കർ ബാനർജിയുടെ ആരോഗ്യനികേതനം പോലെയുള്ള ഒരു നോവലിന്റെ ആയിരം പ്രതികൾ വിററഴിയാൻ വർഷങ്ങൾ വേണ്ടിവന്നേക്കാം. അക്കാരണംകൊണ്ട്—കോളേജ് കുമാരിയുടെകൂടെ ഒരു രാത്രി—എന്ന നോവലാണ് ഉത്തമകൃതിയെന്ന് ആരെങ്കിലും പറയുമോ?" എന്നിക്കുള്ള ഉത്തരവുമിതാണ്. 'നടീനടന്മാരെ ആവശ്യമുണ്ടോ' നൂറുദിവസം പ്രദർശിപ്പിച്ച് കേരളത്തെ ഇളക്കിമറിച്ചാലും എന്റെ കണ്ണുകൾ മലയാളസിനിമയ്ക്ക് ഏർപ്പെട്ട ഗതികേടോർത്ത് നനയുകയേയുള്ളു.

ഏററവും നല്ല കോമേർഷ്യൽ ചിത്രത്തിന് പ്രത്യേകമായ ഒരവാർഡു നൽകുന്നതാണെന്ന കേന്ദ്രമന്ത്രി ഗുജറാളിന്റെ പ്രസ്താവന നിർഭാഗ്യമാണ്. പക്ഷേ, ആ പ്രസ്താവന ഇവിടെ ഇത്തരം ചിത്രങ്ങളുടെ നിർമ്മിതിക്കു സഹായിക്കുമെന്ന് അദ്ദേഹം സ്വപ്നത്തിൽക്കൂടി കരുതിക്കാണുകയില്ല. കള്ളക്കടത്തുകാരെക്കാളെ എട്ടത്തെ ശക്തമായ നടപടി, ചലച്ചിത്രരംഗത്തെ ഇത്തരം ദുഷ്പ്രവണതകൾക്കെതിരേകൂടി വ്യാപിപ്പിക്കേണ്ട കാലം കഴിഞ്ഞിരിക്കുകയാണ്. പ്രിയപ്പെട്ട ഡാക്ടർ ബാലകൃഷ്ണൻ ഒന്നു ചോദിക്കട്ടെ, ഈ ദ്രോഹം പാവപ്പെട്ട മലയാളി പ്രേക്ഷകരോടു വേണോ?" ....o....

മുപ്പത്തിയേഴുസംവത്സരങ്ങളോളം നമ്മെപ്പോലൊരു മനുഷ്യനായി അദ്ദേഹം ഈ കണ്ണനിർത്താഴ്‌വരയിൽ കഴിച്ചുകൂട്ടി. ജീവിതസാരത്തിലേയും ഗാരുഡപുരാണത്തിലേയും പ്രമാണങ്ങൾക്കൊപ്പിച്ചു ജീവിക്കാൻ ശ്രമിച്ചില്ലദ്ദേഹം. ശരീരത്തിലെ ഓരോരുള്ളി രക്തംവരേയും, എന്തിന്, ഓരോ രോമകൂപംവരേയും കവിയായിരുന്ന ആ വലിയ മനുഷ്യൻ. മനുഷ്യന്റെ ബലഹീനതകൾ, കവിയുടെ മുതൽക്കൂട്ടാണെന്ന ധാരണ ശരിയാണെങ്കിൽ, ചങ്ങമ്പുഴയുടെ വ്യക്തിത്വത്തേയും കവിത്വത്തേയുംകുറിച്ച് ഇപ്പോൾ പ്രചരിക്കുന്നതുപോലുള്ള തെററിദ്ധാരണകൾ ഉണ്ടാകാൻ പാടില്ലാത്തതാണ്.

സംഭവിച്ചതു് മറെറാന്നാണ്. ജീവി

പ്രിയമനുഷ്യാ, ചങ്ങമ്പുഴേ,

— എം. ഷൺമുഖദാസ്

ച്ചിരിക്കുമ്പോൾ അദ്ദേഹത്തെ എല്ലാപ്രകാരവും ദൈവം കൈത്താങ്ങി, അദ്ദേഹത്തിലുള്ള കവിയെ ഗ്രാസം മുട്ടിച്ച് വകവരുത്തുന്നതുമാണ് ഭാഗ്യം അഥവാ നമ്മുടെ സദാചാരസംരക്ഷകന്മാർ പാടുപെട്ടതു്. ധർമ്മബോധവും, സനാതനധർമ്മബോധവും ഏകോപിച്ചാകാരമാർന്ന പാറപ്പുറത്തു സഞ്ജയൻ ചങ്ങമ്പുഴയുടെ നേർക്കെടുത്ത നല്ലപാട്, ശുദ്ധപാറപ്പുറരീതിയിലുള്ളതുതന്നെയായിരുന്നു. സാഹിത്യനിരൂപകന്മാർക്കിടയിൽ മേരുതുല്യനായ മാരാരുടെ സമീപനവും വേറൊന്നായിരുന്നില്ല. ചങ്ങമ്പുഴക്കവിതയെ താലോലിക്കുന്നതോ ലോപ്പം, ആ കവിതയുടെ അവലംബമായ വ്യക്തിത്വം ആരുമ്പ് കഷണിപ്പിക്കുവാൻ യോഗ്യം എന്നും മാസ്സിമത്തിലിട്ടുണ്ട്.

ഇപ്പോഴിതാ ചങ്ങമ്പുഴയുടെ ഉററമിത്രമെന്ന് സ്വയം അവകാശപ്പെടുന്ന മറെറാരുമാന്യൻ, പരലോകത്തിൽപ്പോലും അദ്ദേഹത്തിന് ഇരിക്ക

പ്രിയസുഹൃത്തേ,

അനന്തമായ ആകാശത്തിൽ അകലെ ഒരുതോ സഞ്ചരിക്കുന്ന ബൃഹസ്പതിയിൽ കാണുന്ന ജ്വലിക്കുന്ന ചുവന്നനിറത്തെക്കുറിച്ചുപോലും പത്രത്തിൽ പ്രസ്താവിച്ചുകാണുമ്പോൾ ജിജ്ഞാസ ചിറകടിച്ചുകയും അസംഗമായ ആനന്ദം ആസ്വദിക്കയും ചെയ്യുന്നതാണ് എന്റെ സ്വഭാവം. ആ ഗ്രഹം നമ്മുടെ ജീവിതത്തിൽ സ്വാധീനശക്തി ചെലുത്തുകയോ പരിണാമങ്ങൾ വരുത്തുകയോ പ്രവണതകൾ സൃഷ്ടിക്കയോ ചെയ്യുന്നില്ലെന്നുകൂടി ഓർമ്മിക്കണം. ആ സ്ഥിതിക്കു നമ്മുടെ ജീവിതാന്തരീക്ഷത്തിൽ ജ്വലിക്കയും സാംസ്കാരികതലത്തിൽ ചലനവും ഊർജ്ജവും പകർത്തുകയും സ്വാനുഭവങ്ങളുടെ കിരണങ്ങളെക്കൊണ്ടു ഭാഷാവാതകപടലത്തിൽ സവിശേഷങ്ങളായ 'പാറേറൺസ്' നിർമ്മിക്കയും സാമുദായികമണ്ഡലത്തിൽ വിരിന്നങ്ങളായ ആററിററ്യൂഡുകൾ ഉളവാക്കുകയും ചെയ്യുകൊണ്ടിരിക്കുന്ന പ്രമുഖ നോവലിസ്ററുകളുടെ ശ്രേഷ്ഠവ്യക്തിത്വസ്വഭാവങ്ങളെ മനോദൃഷ്ടിക്ക് വിഷയമാക്കാനുള്ള സഫലോദ്യമം എന്നെ ആഹ്ലാദിപ്പിക്കാതിരിക്കുമോ? നിങ്ങളുടെ ഓണപ്പതിപ്പിലെ ആ ലേഖനം ശ്രദ്ധേയവും ഉപന്യാസശാഖയ്ക്ക് അമൂല്യമായ മുതൽക്കൂട്ടും ആണിട്ടുണ്ട്. 'രീതി അല്ലെങ്കിൽ ശൈലിആണ്, ആൾ' എന്ന വാക്യം എത്ര വലിയ യാഥാർത്ഥ്യം.

"ശൈലിയുടെ ആത്മാവിലൂടെ കടന്നുപോകുമ്പോൾ മജസ്റ്റിന്റെ അന്തരാളത്തിൽ ഒരു ഭൂഗർഭസഞ്ചാരിയെപ്പോലെ അലയുന്നു" കാക്കനാടന്റെ ഗഹനമായ വ്യക്തിത്വത്തെന്ന നിങ്ങൾ വിശദമാക്കുന്നു. ആ യുവാവായ പ്രൗഢസാഹിത്യകാരന്റെ ജീവിതദർശനം ഞ അളുടേതിൽനി

ന്നു വളരെ ഭിന്നമാണ്. എന്നാലതു കൃതിമായ നാട്യത്തിൻറയോ അനുകരണവൈദഗ്ദ്ധ്യത്തിന്റെ ഫലമല്ല ജീവിതാനുഭവങ്ങളിൽനിന്നു് ഉത്തരിച്ചുവ്യക്തിത്വത്തിൽ തന്നെയുണ്ട്, അതിനു തിളക്കം. നിങ്ങൾ ആ ശക്തിയെ എഴുത്തുകാരന്റെ ആത്മാവിനെ; വ്യക്തിസത്തയുടെ വിശേഷമായതന്നെ, ആവിഷ്കരിച്ചിരിക്കുന്നു. എഴുത്തിപ്പോൾ കാക്കനാടനോട് അധികം അടുപ്പവും സ്നേഹവും ശ്രദ്ധയുമുണ്ടായിരുന്നു. ആ നോവലിസ്ററിന്റെ കൃതികളോട് പുതിയൊരു ഔത്സുക്യം ഉളവായിരിക്കുന്നു. സാഹിത്യകാരന്റെ നിഗൂഢവ്യക്തിത്വമാണ്, അനുഭവങ്ങളുടെ അടിസ്ഥാനത്തിനും സ്വന്തം ദർശനത്തിനനുരൂപമായ ഉദ്ഗ്രഥനത്തിനും സമുദായത്തിന്റെ പരമ്പരാഗതമായ പൊതുവായ ഭാഷയിലെ പ്രത്യേകാവകാശത്തിനും ശൈലീദ്രവ്യക്കും കാ



ഉപന്യാസശാഖയ്ക്ക് അമൂല്യമായ ഒരു മുതൽക്കൂട്ട്

മഹാകവി ജി.

ണം. സ്വാതന്ത്ര്യവ്യക്തിത്വമില്ലാത്തവർ അനുകർത്താക്കളായിത്തീരുന്നു. അവരുടെ ഭാഷ ജീർജ്ജീവമായ മാരാരാലിയായി പ്പോകുന്നു.

നിങ്ങൾ സമീപിച്ചിട്ടുള്ള മററു നോവലിസ്ററുകളും എനിക്കു പ്രിയങ്കരന്മാരും അധികം അഭിഗമ്യന്മാരുമായിത്തീർന്നിട്ടുണ്ട്. തകഴിയുടേയും മുഹമ്മദ് ബഷീറിന്റേയും കുട്ടംബിനിമാർ എന്റെ സാഹിത്യത്തിലെ അജരാമരമായ കഥാപാത്രങ്ങളായിത്തീർന്നിരിക്കുന്നു. ഈ ലേഖനം കൊള്ളാം. 'ഇങ്ങട്ട് കേറിവാ' എന്ന പ്രേമവാത്സല്യസ്നേഹമായ ആജ്ഞ 'കിണറിൽ ചാടുവാൻ ആജ്ഞ നിൽക്കയോ അനുഭവിക്കയോ ചെയ്യുമ്പോൾ മാത്രമല്ല,

ബഷീറിനെ ഉത്തേജിതവിദ്യുതാകിയിരിക്കുക.

നിത്തട്ടെ വിസ്തരിച്ചെഴുതണമെന്നുണ്ട് പക്ഷേ, ആ ഓണപ്പതിപ്പ് ഇവിടെ വന്നപ്പോൾത്തന്നെ കൈമാറി കൈമാറി അയൽവീടുകളും കടന്നുപോയിരിക്കുന്നു. ആ ലേഖനം എല്ലാ വായനക്കാരേയും അത്യന്തം ആകർഷിച്ചിട്ടുണ്ടാവും. നിങ്ങൾ വെളിച്ചംവീശിയ വ്യക്തിധർമ്മങ്ങൾകൊണ്ടു് ആ എട്ടു നോവലിസ്ററുകളും അനുവാചകർക്ക് പൂർവ്വാധികം പ്രിയപ്പെട്ടവരായിത്തീർന്നിരിക്കും. ദേവൻ വിപ്ലവകാരമാത്രമല്ലാ, ഒരു തത്വചിന്തകനും ഉണ്ട്. വായനക്കാർ അറിയട്ടെ

എന്നു്, സ്നേഹപൂർവ്വം ജി.

ട്ടിൽ ദുർവിനിയോഗം ചെയ്യാനാണ് ഒരു മംഗലം ഉദ്യമിക്കുന്നതു്. ചങ്ങമ്പുഴയ്ക്കു പററിയ വിഡ്ഢിത്തങ്ങളിലും, ചങ്ങമ്പുഴയുടെ 'വിശേഷ'ങ്ങളിലുമാണ് ഈ അഞ്ചടി തണ്ടിഞ്ചുകാരന്റെ നോട്ടം. (ഞാനിനുഷ്യനെ കണ്ടിട്ടുമില്ല. ശരീരികമായ ഉയരം എനിക്കു പ്രശ്നമേയല്ല) ദേഷ്യപ്പെടാൻമാത്രം, കവിയെ അറിച്ചുള്ള നല്ലകാര്യങ്ങൾ ഈ മംഗളവാദികൾക്കായിട്ടുണ്ട്. ഇതാരെന്നാണ് ഒരു 'ചിന്ത'യിൽനിന്നു് പ്രതീക്ഷിക്കുന്നതു്? ഇങ്ങനെയും തോന്നി: 'ഡോക്ടർ എസ്' കെ നായരുടെ കഴുത്തപ്പാടിൽ 'ശുദ്ധ' പാവമായിരുന്ന

ചങ്ങമ്പുഴയുടെ ഏററവും വലിയ അബദ്ധം ശങ്കരമംഗലത്തെപ്പോലുള്ളവരെ 'ഇഷ്ടജന'ങ്ങളായി കണ്ടതാകണം.

വലിയൊരു മനുഷ്യന്റെ ചെറിയ ദൗർബല്യങ്ങളെ പൈതൃപ്പിച്ചുകാണിക്കുകയാണോ ആ മനുഷ്യന്റെ ഓർമ്മയോടുള്ള നീതിപുലർത്തൽ? ഷേക്സ്പിയറും കാളിദാസനും വിഡ്ഢിയായിരുന്നുവെന്നു് സ്ഥാപിക്കാൻമാത്രം തെളിവുകൾ നമുക്കുണ്ടു്. അങ്ങനെ സ്ഥാപിക്കാൻ മെനക്കെടുണ്ടോ? മററു പലതും പറയുന്ന കൂട്ടത്തിൽ തത്തൽക്കവിയുടെ കസ്തൂരികളെപ്പററിയും ചപലതകളെപ്പററിയും പറയാമെന്നതു ശരിതന്നെ. ഒരു ഉദാഹരണം പറയാം. ഷേക്സ്പിയറോടു് അങ്ങേയററം നീതിപുലർത്തുന്ന ഒരു ജീവചരിത്രഗ്രന്ഥത്തിൽ പീററർ കഷ്നെൻ, ആ മഹാകവി അന്നു് കൂടെവാണിരുന്ന ജെയിംസ് ഒന്നാമനെ കൊച്ചാക്കിയ കഥ പറയുന്നുണ്ടു്. ജെയിംസിന്റെ ഇഷ്ടപ്പെട്ട വെപ്പാട്ടിക്കു് ഷേക്സ്പിയറെ ഇത്രിണി ഇഷ്ടമായിരുന്നു. ഈ വിവരം രാജാവിന്നറിഞ്ഞുകൂടായിരുന്നതാണു്. ഒരർദ്ധരാത്രി ജെയിംസ് വെപ്പാട്ടിയുടെ മന്ദിരത്തിലെത്തി, വാതിൽക്കൽ മുട്ടി. കതകുതുറക്കുന്ന ലക്ഷണമില്ല. അകത്തുനിന്നു് ഒരു പുരുഷശബ്ദം. "ആരാണു്?" രാജാവു് കലുങ്ങിയില്ല 'ജെയിംസ് മന്ദിരനാണു് ഇതു്" അദ്ദേഹം ചാഞ്ചല്യമെന്യേ പ്രഖ്യാപിച്ചു. 'അകത്തുള്ളതു് വിജ്ഞേതാവായ വില്യമാണു്' (ഈ പേരുള്ള ഒരു രാജാവു് നൂററാണ്ടുകൾക്കുമുമ്പു് ഇംഗ്ലണ്ടു് ഭരിച്ചിരുന്നു) ഷേക്സ്പിയർ ശാന്തഗംഭീരസ്വരത്തിൽ ഉച്ചരിച്ചു. നർമ്മബോധത്തിലും പിന്നോക്കമല്ലായിരുന്ന ഭൂപതി ഉടനെ സ്ഥലംവിട്ടുവത്രേ.

ആ രാജകീയനർമ്മബോധത്തിന്റെ അരശതമാനമെങ്കിലും ശങ്കരമംഗലത്തിനുണ്ടായിരുന്നുവെങ്കിൽ, സ്വകാമുകിയെ തട്ടിയെടുത്തുവെന്ന കുലഹാണപ്പെട്ട ബാലിശശങ്കയിന്മേൽ ഇത്രയും ആരിസം അദ്ദേഹം അടിക്കിട്ടുപ്പിക്കുമായ തുണ്ടോ?

എന്തായാലും ശ്രീ ശങ്കരമംഗലം രണ്ടുമൂന്നു സംഗതികൾ ഓർമ്മിച്ചാൽ കൊള്ളാം. പരിഹാസസ്വരത്തിൽ 'മഹാകവി'തന്നെയാണു്. ഇംഗ്ലീഷിനെപ്പോലെയോ, ഫ്രഞ്ചിനെപ്പോലെയോ, റഷ്യനെപ്പോലെയോ ഉള്ള ഒരു ഭാഷയിലണു് ചങ്ങമ്പുഴ കാവ്യരചന നടത്തിയിരുന്നതെങ്കിൽ, ബോൺസ്, വെർലേയ്ൻ തുടങ്ങിയ വിശേഷാത്തമഗായകകവികളിലൊരാളായി ഇതിനകം വാഴ്ത്തപ്പെട്ടേനെ അദ്ദേഹം. ഇനിമറെറാന്നു്. കണ്ട ഇണ്ടനും കണ്ടനുമൊക്കെ സ്വയം മഹാകവിപദമേററെടുക്കുന്ന ഇന്നാട്ടിൽ, ചങ്ങമ്പുഴയെ അപമാനിക്കണമെന്ന വ്യക്തമായ ഉദ്ദേശ്യമുണ്ടെങ്കിൽ മാത്രം അദ്ദേഹത്തെ 'മഹാകവി'യെന്നു വിശേഷിപ്പിച്ചാൽ മതി. വേറൊരു കാര്യം: ചങ്ങമ്പുഴയ്ക്കു് ഇടപ്പള്ളിരാഘവൻപിള്ളയോടു് കനത്ത അസൂയയായിരുന്നുവെന്നു് ശങ്കരമംഗലം ഉറപ്പിച്ചു പ്രസ്താവിച്ചിട്ടുണ്ടു്. അസൂയയോളം വൃത്തികെട്ട ഒരു വികാരമില്ല. ശങ്കരമംഗലം ചസ് വിശ്വസിക്കുമെങ്കിൽ ചങ്ങമ്പുഴയേക്കാൾ ഇടുങ്ങിയ മനഃസ്ഥിതിക്കാരൻ ഇന്നേവരെ ജീവിച്ചിരിക്കാൻ ഇടയില്ല. എന്നാൽ, ചങ്ങമ്പുഴയുടേയും ഇടപ്പള്ളിയുടേയും കവിതകൾ വായിച്ചിട്ടുള്ള ആരുംതന്നെ ശങ്കരമംഗലത്തിന്റെ ഈ കരിതേക്കൽകൺ കെട്ടുദുമത്തിൽ കുടുങ്ങിപ്പോവുകയില്ല. അത്ര വ്യത്യസ്തമാണു് ഇങ്ങു കവികളുടേയും കലാലോകങ്ങൾ. ഇനി വാദത്തിനുവേണ്ടി ചങ്ങമ്പുഴ ഇടപ്പള്ളിയിൽ അസൂയാലുവായിരുന്നുവെന്നു സമ്മതിച്ചാൽതന്നെയും, ശങ്കരമംഗലത്തിനു് സ്വപ്നംകാണാൻപോലും കഴിയാത്ത ആത്മവിമർശനബുദ്ധി ചങ്ങമ്പുഴയ്ക്കുണ്ടായിരുന്നുവെന്ന പരമാർത്ഥം അവശേഷിക്കുന്നു. "കവി, കവി, കവിയാണുപോലുമ്പോ കവണി ചുഴററിയെറിഞ്ഞിട്ടേണ്ടാരിഞ്ഞാൻ" എന്നെഴുതിയതു് ശങ്കരമംഗലമല്ലെന്നു് നമുക്കറിയാം.

—:—

Edited, Printed & Published by S. K. Nair at General Printers, Quilon